Phone No. 2972

32

# ഗ്രന്ഥാലോകം

തിരു: കൊച്ചി
ഗ്രന്ഥശാലാസംഘം പ്രസിദ്ധീകരണം.

## വിഷയവിവരം


പത്രാധിപവീഥി

പ്രാചീനഭാരതത്തിലെ ഗ്രന്ഥാലയങ്ങൾ
വിദ്വാൻ വി. ആർ. പരമേശ്വരൻപിള്ള, പി. ഒ. എൽ.

സ്വയംഭാവന — ബി. പത്മനാഭപിള്ള, എം എ.

ശ്യാമള — എം. പി. അച്ചൻ,
എം. എ. എൽ. ടി.

ഗ്രന്ഥശാലകളുടെ കർത്തവ്യം — വി. എസ്സ്. ബി. പിള്ള, ബി. എ.
കല്ക്കത്ത.

പഴയകാലങ്ങളിലെ പലിശക്രമം — വിദ്വാൻ ചെന്നിത്തല കൃഷ്ണയ്യർ

അവരും പെണ്ണല്ലായിരുന്നെങ്കിൽ
(ചെറുകഥ) — ചിറയിൻകീഴ് രാമൻനായർ

വൃത്തഗന്ധിയായ ഗദ്യം
ഡാ: പി. കെ. നാരായണപിള്ള, എം. എ. പിഎച്ച്. ഡി. (പ്രഫസർ)

മദിരാശി പബ്ളിക്ക് ലൈബ്രറി ആക്ട്
(ഒരു സംക്ഷിപ്തവിവരണം) — മധുരവനം സി. കൃഷ്ണക്കുറുപ്പ്
ബി. എ. എൽ. ടി.

സുഭാഷിതവീഥി

ചിന്താലോകത്തിൽ

ഗ്രന്ഥനിരീക്ഷണം

ഗ്രന്ഥശാലാവാർത്തകൾ




ഗ്രന്ഥാലോകം

വരിസംഖ്യ

വാർഷികവരി മുൻകൂർ രൂ. 6.
ഒററപ്രതി അണ 8.

# ഗ്രന്ഥശാലാസംഘം
# പൊതുതെരഞ്ഞെടുപ്പിനെപ്പററി

ഗ്രന്ഥശാലാസംഘത്തിന്റെ അടുത്ത തെരഞ്ഞെടുപ്പ് എത്രയും നിഷ്പക്ഷമായി നടത്തണമെന്നുള്ള കമ്മിററിയുടെ നിശ്ചയമനുസരിച്ച്, ഓരോ വായനശാലയും നിയമപ്രകാരം യോഗം നടത്തി രണ്ടു പ്രതിനിധികളെവീതം തെരഞ്ഞെടുത്ത് പേരുവിവരം സംഘം ആഫീസിൽ അറിയിക്കണമെന്നു ആവശ്യപ്പെട്ടതു് ജനകീയവിരുദ്ധമായ ഒരു നടപടിയാണെന്നു ദുർവ്യാഖ്യാനം ചെയ്യപ്പെട്ടിരിക്കുന്നു. ആരുടേയും കൈകടത്തൽകൂടാതെ സ്വതന്ത്രമായി പ്രതിനിധികളെ തെരഞ്ഞെടുക്കുവാനുള്ള അവകാശം അതതു വായനശാലകൾക്കു കൊടുക്കുകയാണ് ഗ്രന്ഥശാലാസംഘം ഭരണഘടന ചെയ്തിട്ടുള്ളതു്. ഈ അവകാശം യൂണിയനു നൾകണമെന്നു വാദിക്കുന്നതു് നേരിട്ടുള്ള തെരഞ്ഞെടുപ്പ് സമ്പ്രദായമവസാനിപ്പിച്ച് തികച്ചും പ്രതിലോമപരമായ — പരോക്ഷമായ തെരഞ്ഞെടുപ്പിനെ (Indirect election) പ്രോത്സാഹിപ്പിക്കയാണ്. ഇതു എല്ലാ ജനകീയമാറ്റങ്ങൾക്കും വിരുദ്ധവുമാണ്.

വായനശാലകൾ തെരഞ്ഞെടുക്കുന്ന പ്രതിനിധികളുടെ യോഗം ഓരോ താലൂക്കിൽവച്ചും നടത്തുന്നുണ്ട്. യൂണിയനുള്ള താലൂക്കുകളിൽ യൂണിയന്റെ മേൽനോട്ടത്തിൽതന്നെയാണ് പൊതുയോഗം നടത്തുന്നതു്. പൊതുതെരഞ്ഞെടുപ്പിന്റെ അടിസ്ഥാനം വായനശാലാപ്രതിനിധികളുടെ തെരഞ്ഞെടുപ്പിലാണ് സ്ഥിതിചെയ്യുന്നതു്. ആ അടിസ്ഥാനതെരഞ്ഞെടുപ്പുമുതലുള്ള എല്ലാതെരഞ്ഞെടുപ്പുകളും നിഷ്പക്ഷമായും ജനകീയസ്വഭാവത്തോടുകൂടിയതായും ഇരിക്കണമെന്നു കമ്മററി തീരുമാനിച്ചിട്ടുണ്ട്.

ഈ തെരഞ്ഞെടുപ്പ് താലൂക്കുയൂണിയനെ വിഗണിച്ചുകൊണ്ടുള്ളതാണെന്നും ജനാധിപത്യസിദ്ധാന്തങ്ങൾക്കു വിരുദ്ധമാണെന്നും ചില തൽപ്പരകക്ഷികൾ പ്രചരണം നടത്തുന്നതിന്റെ അർത്ഥശൂന്യത ഇതിൽനിന്നും വ്യക്തമാകുന്നുണ്ടല്ലോ.

അതിനാൽ നിശ്ചിത തീയതിക്കുള്ളിൽതന്നെ എല്ലാവായനശാലക്കാരും രണ്ടു പ്രതിനിധികളെ വീതം തെരഞ്ഞെടുത്ത് അവരുടെ പേരുവിവരം സംഘം ആഫീസിൽ അറിയിക്കേണ്ടതാണ്. സ്വാർത്ഥമതികളുടെ ദുഷ്പ്രചരണങ്ങളിൽ ഗ്രന്ഥശാലാപ്രവർത്തകർ കുടുങ്ങിപ്പോകരുതെന്നും അപേക്ഷയുണ്ട്.

# ഗ്രന്ഥാലോകം

പത്രാധിപർ — സി. നാരായണപിള്ള ബി. ഏ. ബി. എൽ.

| | | |
|---|---|---|
| വാല്യം 4 | അക്ടോബർ 1952 | ലക്കം 10 |


## പത്രാധിപവീഥി

### പബ്ളിക്ലൈബ്രറി നിയമം

മദ്രാസ് പബ്ളിക്ലൈബ്രറിആക്ടിനെപ്പററി ശ്രീ. മധുരവനം സി. കൃഷ്ണക്കുറുപ്പ് അയച്ചുതന്നിട്ടുള്ള ഒരു ലേഖനം ഞങ്ങൾ അന്യത്ര പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. തിരുവിതാംകൂർ-കൊച്ചി ഗവമ്മെൻറ്, ഉദ്ദേശം രണ്ടു വർഷങ്ങൾക്കു മുമ്പ് ഈ സംസ്ഥാനത്തിലും ഒരു ലൈബ്രറിനിയമം നടപ്പിലാക്കുവാൻ ചില പ്രാരംഭനടപടികൾ സ്വീകരിക്കയും ലാഡിപ്പാർട്ടുമെൻറുമായി ആലോചനകൾ നടത്തുവാൻ അഖിലതിരുവിതാംകൂർ - കൊച്ചി ഗ്രന്ഥശാലാസംഘത്തിൻെറ പ്രതിനിധികളുൾപ്പെട്ട ഒരു കമ്മിററിയെ നിയമിക്കയും ചെയ്തു. എന്നാൽ തുടർച്ചയായി മന്ത്രിസഭാമാററങ്ങളുണ്ടായിക്കൊണ്ടിരിക്കുന്നതുമൂലം ഈ രാജ്യത്ത് വിദ്യാഭ്യാസപരവും സാംസ്കാരികവുമായ കാര്യങ്ങളിൽ ഐകരൂപ്യമുള്ള ഒരു നയം സാദ്ധ്യമല്ലാത്തതുകൊണ്ടോ എന്തോ ലൈബ്രറി ആക്ടിനെപ്പററി ഒരു ശബ്ദവും പിന്നീട് പുറത്തു കേട്ടിട്ടില്ല. ഗ്രന്ഥശാലാസംഘം കൂടുതൽ ധനസഹായത്തിനുള്ള അഭ്യർത്ഥനകളുമായി അധികൃതസ്ഥാനങ്ങളെ സമീപിച്ചിട്ടുള്ളപ്പോൾ ഗ്രന്ഥശാലാനിയമമുണ്ടാക്കിയതിനുശേഷം അതിനെപ്പററി ആലോചിക്കാമെന്ന് ഗവമ്മെൻറിൽനിന്ന് രേഖാമൂലമായ മറുപടി ലഭിച്ചിട്ടുണ്ട്. ലൈബ്രറിനിയമമുണ്ടാക്കുവാനുള്ള യാതൊരു നടപടികളും ഇന്നു നടക്കുന്നുമില്ല. അതുകൊണ്ട് ഗവമ്മെററിൽനിന്നു ധനസഹായം വദ്ധിപ്പിക്കുന്നതിനെപ്പററി നൽകിയിട്ടുള്ള വാഗ്ദാനം കേവലമൊരു മൃഗതൃഷ്ണമാത്രമായി അവശേഷിക്കയാണു്. വിദ്യാഭ്യാസത്തിൽ മുന്നിട്ടുനില്ക്കുന്ന ലോകത്തിലെ എല്ലാ പരിഷ്കൃതരാജ്യങ്ങളിലും ലൈബ്രറിനിയമങ്ങൾ നിലവിലുണ്ട്. ഹൈസ്കൂളുകളിലും കാളേജുകളിലും നടത്തുന്ന വിദ്യാഭ്യാസത്തിന് ഗവമ്മെൻറിൽനിന്നും ഭീമമായ സംഖ്യകൾ ചെലവഴിക്കുമ്പോൾ ആ വിദ്യാഭ്യാസത്തിനു ഫലസിദ്ധിയുണ്ടാകുവാൻ അത്യന്താപേക്ഷിതമായ ലൈബ്രറിസർവ്വീസിനെ വിഗണിക്കുന്നതു ബുദ്ധിപൂർവ്വമല്ല.

മദ്രാസ്നിയമത്തിൻെറ ഒരു സംക്ഷിപ്തവിവരണം മി. കുറുപ്പിൻെറ ലേഖനത്തിലടങ്ങിയിട്ടുണ്ട്. നമ്മുടെ ഗവമ്മെൻറ് ഉണ്ടാക്കേണ്ട നിയമം ഈ മാതൃകയിൽതന്നെ ആയിരിക്കണമോ, അല്ലെങ്കിൽ വ്യത്യസ്തമായ പദ്ധതി സ്വീകരിക്കേണ്ടതുണ്ടോ,

ഉണ്ടെങ്കിൽ അതെന്തായിരിക്കണം എന്നൊക്കെ ലൈബ്രറിപ്രവർത്തകന്മാർ ആലോചിച്ചു നിശ്ചയംചെയ്യേണ്ട ഒരു ഘട്ടമാണിതു്. ഗ്രന്ഥശാലാസംഘത്തിന്റെ അടുത്തുവരുന്ന വാർഷികസമ്മേളനത്തിൽ ഈ വിഷയം പരിഗണനയ്ക്കെടുക്കുമെന്നു് ഞങ്ങൾ വിശ്വസിക്കുന്നു.

മദ്രാസ്നിയമത്തിന്റെ രണ്ടുവർഷത്തെ പ്രവർത്തനങ്ങൾക്കുശേഷം പല ന്യൂനതകളും അതിൽ കണ്ടെത്തുവാൻ കഴിഞ്ഞിട്ടുണ്ടെന്നു് ലൈബ്രറിപ്രവർത്തനങ്ങളിൽ ധാരാളം തഴക്കവും പഴക്കവുമുള്ള മി. കുറുപ്പു തന്നെ സമ്മതിച്ചിട്ടുണ്ടു്. ലൈബ്രറിഅതാറിട്ടികളിലേക്കു് അംഗങ്ങളെ നിയമിക്കുവാനുള്ള അധികാരം ഗവമ്മെൻറു് ഇത്രവളരെ കയ്യടക്കി വച്ചിട്ടുള്ളതും, വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിന്റെ ഒരു വാലായി മാത്രം ലൈബ്രറിവകുപ്പിനെ തരംതാഴ്ത്തിയതും ആക്ഷേപാർഹമാണെന്നു മി. കുറുപ്പു കരുതുന്നു. മി. കുറുപ്പു പ്രശംസിച്ചിട്ടുള്ള മി. എസ്. ആർ. രംഗനാഥന്റെ കരടുനിയമവും ഞങ്ങളുടെ കൈവശമുണ്ടു്. മി. രംഗനാഥന്റെ നിയമം ലൈബ്രറിശാഖയെ ഒരു ഗവമ്മെൻറു ഡിപ്പാർട്ടുമെൻറുപോലെ സംഘടിപ്പിച്ചു് അധികാരം മുഴുവൻതന്നെ ഗവർമ്മെൻറിൽ കേന്ദ്രീകരിക്കയാണു ചെയ്തിട്ടുള്ളതു്. മദ്രാസ്ലൈബ്രറിനിയമത്തിലായാലും മി. രംഗനാഥന്റെ കരടുനിയമത്തിലായാലും കായക്ലേശവും ധനനഷ്ടവും സഹിച്ചു് ലൈബ്രറികൾ നടത്തുന്ന പൊതുജനങ്ങൾക്കു് ആ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലും നടത്തിപ്പിലും ഗണ്യമായ യാതൊരധികാരവും നൽകുന്നില്ലെന്നുള്ളതാണു വാസ്തവം.

മദ്രാസ് പോലെ, വിദ്യാഭ്യാസകാര്യങ്ങളിൽ തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തോളം പുരോഗമിച്ചിട്ടില്ലാത്ത പ്രദേശങ്ങളിൽ ഒരുപക്ഷേ സർക്കാർതന്നെ നേരിട്ടു പണം ചെലവുചെയ്തു് ലൈബ്രറികൾ സ്ഥാപിക്കയും നടത്തുകയും ചെയ്യേണ്ട ആവശ്യമുണ്ടെന്നുവന്നേയ്ക്കാം. അങ്ങിനെയുള്ള സർക്കാർസ്ഥാപനങ്ങളുടെ ഭരണവും നിയന്ത്രണവും പൊതുജനങ്ങൾക്കു വിട്ടുകൊടുക്കണമെന്നു പറയുന്നതു് അഭിപ്രായാന്തരങ്ങൾക്കിടമനുവദിക്കുന്ന ഒരു വിഷയമാണു്. എന്നാൽ തിരുവിതാംകൂർ–കൊച്ചിയിലെ ബഹുഭൂരിപക്ഷം ഗ്രന്ഥശാലകളും പൊതുജനങ്ങളുടെ ശ്രമഫലമായി നടന്നുവരുന്നവയാണു്. ഗവർമ്മെൻറു നേരിട്ടു നടത്തുന്ന അവശസമുദായങ്ങൾക്കുവേണ്ടിയുള്ള ചില ഗ്രന്ഥശാലകൾ ഈ രാജ്യത്തു് അപൂർവ്വമായിട്ടെങ്കിലുമുണ്ടു്. അവ കണ്ടിട്ടുള്ളവരോടു് ഗ്രന്ഥശാലകൾ നടത്തുവാനുള്ള ഗവർമ്മെൻറുദ്യമങ്ങളുടെ പരാജയത്തെപ്പററി പ്രത്യേകിച്ചു് ഒന്നും തന്നെ പറയേണ്ട ആവശ്യമില്ല. ഈ യാഥാർത്ഥ്യം ഗവർമ്മെൻറുതന്നെ മനസ്സിലാക്കിയതിന്റെ ഫലമായിട്ടായിരിക്കണം റൂറൽലൈബ്രറികളും വില്ലേജ് അപ്‌ലിഫ്റ്റ് ലൈബ്രറികളും ഗ്രന്ഥശാലാസംഘത്തിനു വിട്ടുകൊടുത്തിട്ടുള്ളതു്. ഏതായാലും പൊതുജനങ്ങളുടെ വിജ്ഞാനതൃഷ്ണയുടെ ഫലമായി ഈ രാജ്യത്തു വളർന്നു വികസിച്ചു് ജനസേവനമനുഷ്ഠിക്കുന്ന ബഹുശതം ഗ്രന്ഥശാലകളുടെ ഭരണകാര്യങ്ങളിൽ കൈകടത്തുവാൻ ഗവമ്മെൻറിനനുവാദം നൽകുന്ന ഒരു നിയമം നിർമ്മിക്കുന്നതും അങ്ങിനെ മദ്രാസ് നിയമം ചെയ്യുന്നതുപോലെ ലൈബ്രറിപ്രസ്ഥാനത്തെ ഒരു ഗവമ്മെൻറുഡിപ്പാർട്ടുമെൻറായി സംഘടിപ്പിക്കുന്നതും ആത്മഹത്യാപരമായിരിക്കുമെന്നാണു് ഞങ്ങളുടെ വിശ്വാസം.

ഗവമ്മെൻറു് നാമിനേഷൻകൊണ്ടു നിറയ്ക്കുന്ന ലോക്കലും സെൻട്രലും ലൈബ്രറി

അതോറിട്ടികളൊഴിച്ചാൽ മദ്രാസിൽ ഇപ്പോൾ നിയമംമൂലം അംഗീകരിച്ചിട്ടുള്ള ഭരണവ്യവസ്ഥ തിരുവിതാംകൂർ ഗവമ്മെൻറ് പരീക്ഷിച്ചു് ഉപേക്ഷിച്ചുകഴിഞ്ഞിട്ടുള്ള ഒന്നാണ്. എഡ്യൂക്കേഷൻ ഡയറക്ടർക്ക് ലൈബ്രറിഡയറക്ടർ എന്നൊരു സംജ്ഞകൂടി നൽകിയിട്ടുള്ളതിൽ കവിഞ്ഞു നൂതനമായി ഒന്നുംതന്നെ മദ്രാസ് നിയമത്തിലില്ല. ലോക്കലും സെൻട്രലും അതോറിട്ടികൾ ഗവമ്മെൻറു നാമിനേഷൻകൊണ്ടു നിറച്ചിരുന്നില്ലെങ്കിൽ പൊതുജനാഭിപ്രായത്തിനെങ്കിലും അവയിൽ സ്ഥാനമുണ്ടായിരുന്നേനേ! മി. കുറുപ്പു പറഞ്ഞിട്ടുള്ളതുപോലെ ഇന്നത്തെ ചട്ടക്കൂട്ടിൽ മുഴുവൻസമയവും പ്രവത്തിക്കുന്ന ഒരു ഡയറക്ടറേയും ജില്ലാതോറും ഉദ്യോഗസ്ഥന്മാരേയും നിയമിച്ചാൽകൂടി മദ്രാസിലെ ഗ്രന്ഥശാലാപ്രസ്ഥാനത്തിനു ജനകീയസ്വഭാവമോ ലൈബ്രറിപ്രവത്തനങ്ങൾക്ക് അഭിവൃദ്ധിയോ ലഭിക്കുവാൻപോകുന്നില്ല. തിരുവിതാംകൂറിൽ പണ്ടു വിദ്യാഭ്യാസഡയറക്ടരും അസിസ്റ്റൻറ് ഇൻസ്പെക്ടറന്മാരും നടത്തിക്കൊണ്ടിരുന്ന ലൈബ്രറിഭരണത്തിൻെറ ഒരു പരിഷ്കരിച്ച പതിപ്പെന്നതിൽ കവിഞ്ഞു് അതിനു് ഒരു മേന്മയുണ്ടായിരിക്കുന്നതുമല്ല.

ഒരു ഗവമ്മെൻറിനു് നേരിട്ടു പ്രവത്തിക്കുവാൻ അസാദ്ധ്യമായതും പൊതുജനങ്ങൾക്കുമാത്രം പ്രവത്തിക്കുവാൻ കഴിയുന്നതുമായ ചില രംഗങ്ങളുണ്ട്. സാമൂഹ്യവിദ്യാഭ്യാസം ലൈബ്രറിപ്രസ്ഥാനം മുതലായ രംഗങ്ങൾ അങ്ങിനെയുള്ളവയാണ്. ഗവമ്മെൻറു പുറകിൽ നിന്നുകൊണ്ടു് അവരുടെ സാന്നിദ്ധ്യവും അധികാരപ്രയോഗവും വെളിപ്പെടുത്താതെ ജനക്ഷേമത്തിനാവശ്യമായ കാൎയ്യങ്ങൾ ജനങ്ങളെക്കൊണ്ടുതന്നെ ചെയ്യിക്കയും ആ പ്രവത്തനങ്ങളെ സഹായിക്കയും ചെയ്യുന്ന ഒരു സാങ്കേതികമാറ്റം ഭരണമീമാംസയിലുണ്ട്. ഇന്നു കമ്മ്യൂണിററിപ്രൊജക്ററ് പ്രവത്തനങ്ങളിൽ ഫലപ്രദമായി പ്രയോഗിക്കുന്നില്ലെങ്കിലും പ്രയോഗിക്കുന്നുണ്ടെന്നു് ഇൻഡ്യൻ പ്രധാനമന്ത്രിമുതൽ പറഞ്ഞു പ്രചരിപ്പിക്കുന്ന സാങ്കേതികമാറ്റം ഇതാണ്. പ്രസ്തുത സാങ്കേതികമാറ്റം തന്നെയായിരിക്കണം ലൈബ്രറിപ്രവത്തനങ്ങൾക്കു് ഗവർമ്മെൻറുണ്ടാക്കുന്ന നിയമത്തിൻെറയും അടിസ്ഥാനം.

അധികാരദുർമ്മത്തനെങ്കിലും വിദ്യാഭ്യാസകാൎയ്യങ്ങളിൽ ദീർഘവീക്ഷണമുണ്ടായിരുന്ന സർ. സി. പി. രാമസ്വാമിഅയ്യർ ഈ തത്വം മനസ്സിലാക്കിയാണു് അഖില തിരുവിതാംകൂർ ഗ്രന്ഥശാലാസംഘത്തിനംഗീകാരവും പ്രോത്സാഹനവും നൽകിയതു്. പൊതുജനസ്ഥാപനങ്ങളായ ഗ്രന്ഥശാലകൾക്കു പ്രാതിനിധ്യസ്വഭാവമുള്ള ഒരു കേന്ദ്രഭരണസമിതിയുണ്ടാക്കി പൊതുജനവിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളമെങ്കിലും അധികാരം വികേന്ദ്രീകരിക്കുന്നതിനുള്ള ഗവർമ്മെൻറിൻെറ പ്രാരംഭോദ്യമമായിട്ടാണു് ഗ്രന്ഥശാലാസംഘത്തിൻെറ ഈ അംഗീകാരത്തെ ഞങ്ങൾ വീക്ഷിക്കുന്നതു്. ഇന്നു തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തു് പൊതുജനങ്ങൾ നടത്തുന്ന മിക്കവാറും എല്ലാ ഗ്രന്ഥശാലകൾക്കും പ്രാതിനിധ്യമുള്ള ഒരു പൊതുയോഗവും, അതിനു തെരഞ്ഞെടുക്കപ്പെടുന്ന ഒരു ഭരണസമിതിയും, ഒരു കേന്ദ്രഎക്സിക്യൂട്ടീവും നിലവിലുണ്ടു്. ഗവമ്മെൻറു്, ലൈബ്രറികളെ സംബന്ധിക്കുന്ന എല്ലാ നടപടികളും സംഘം എക്സിക്യൂട്ടീവിനോടാലോചിച്ചു നടത്തണമെന്നു് ഒരു സർക്കുലർപോലുമുള്ളതായി ഞങ്ങൾക്കറിയാം. സംഘത്തിനു് ഗവർമ്മെൻറു് അംഗീകാരം നൽകിയിട്ടുള്ളതുകൂടാതെ പ്രതിവർഷം ഒരു സംഖ്യ ഗ്രാൻറായി നൽകുന്നുമുണ്ടു്. പണ്ടു് അസിസ്റ്റൻറ് ഇൻസ്പെക്ട

റന്മാർ നടത്തിക്കൊണ്ടിരുന്ന വാർഷിക പരിശോധനയും ഗ്രാൻറ് ശുപാർശയും ഗ്രന്ഥശാലാ എക്സിക്യൂട്ടീവ് ശുപാർശചെയ്യുന്നതും, ഗവർമ്മെൻറ് നിയമിക്കുന്നതുമായ ഒരു കമ്മിററിയാണു നടത്തിവരുന്നതു്. നൂതനമായി രാജ്യത്തു് സംഘടിപ്പിക്കപ്പെടുന്ന എല്ലാ ഗ്രന്ഥശാലകളും സംഘത്തോടു് അഫിലിയേററുചെയ്യുന്ന ഒരു നടപടിക്രമവും നിലവിലുണ്ടു്. സംഘം നിയമിക്കുന്ന ആർഗനൈസറന്മാർ തുഛമായ ശമ്പളം പററിക്കൊണ്ടു് രാജ്യമൊട്ടുക്കു ഗ്രന്ഥശാലകൾ സംഘടിപ്പിക്കയും പരിശോധനജോലികൾ നിർവഹിക്കുകയും ചെയ്യുന്നു. മദ്രാസ് നിയമത്തിൻെറ മാതൃകയിൽ ഈ സംസ്ഥാനത്തു് ഇന്നു് ഒരു ലൈബ്രറി നിയമമുണ്ടാക്കുകയാണെങ്കിൽ അതിൻെറ ഫലം രാജ്യവ്യാപകമായ തോതിൽ വിദ്യാഭ്യാസപരമായ സേവനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന ഗ്രന്ഥശാലാസംഘത്തെ നാമാവശേഷമാക്കുകയെന്നുള്ളതായിരിക്കും. ദീർഘകാലമായി നടന്നുവരുന്ന ഈ പ്രവർത്തനങ്ങളേയും ഗ്രന്ഥശാലകളുടെ പ്രാതിനിധ്യവും പൊതുജനസമ്മതിയുമുള്ള ഒരു സംഘടനയേയും നശിപ്പിക്കുകയെന്നുള്ളതാണോ ഗ്രന്ഥശാലാനിയമത്തിൻെറ ഉദ്ദേശമെന്നു് ഗവർമ്മെൻറ് പരിഗണിക്കേണ്ടതാണു്.

ഇന്നത്തെ ജനകീയപ്രവർത്തനങ്ങൾക്കു് വിഘാതമുണ്ടാക്കാതേയും സംഘത്തിൻെറ നിലനില്പിനു സ്ഥിരത നൽകിയും വേണമെങ്കിൽ ഇൻഡ്യയ്ക്കു് ഒട്ടുക്കുതന്നെ മാതൃകയായി ഒരു ലൈബ്രറിആക്ട് ഉണ്ടാക്കുവാൻ ഗവർമ്മെൻറിനു കഴിയും. ഒരു ലൈബ്രറി നിയമം ഇന്നു് അത്യാവശ്യമായിത്തീർന്നിട്ടുണ്ടെന്നുള്ളതിൽ പക്ഷാന്തരത്തിനിടയില്ല. വിദ്യാഭ്യാസപുരോഗതിയിലും സാംസ്കാരികപ്രവർത്തനങ്ങളിലും വളരെമുന്നിട്ടുനിൽക്കുന്ന ഈ ചെറിയ രാജ്യത്തുനിന്നുതന്നെയാണു് ഇൻഡ്യയ്ക്കു മുഴുവൻ മാതൃകയായ ഒരു ലൈബ്രറിആക്ട് നടപ്പിൽവരേണ്ടതു്. അതിനുള്ള ഏകമാർഗ്ഗം ഗ്രന്ഥശാലാഭരണസമിതിയെ ലൈബ്രറിഅതോറിട്ടിയായി അംഗീകരിച്ചു് അതിനെ നിയമപ്രാബല്യമുള്ള ഒരു സമിതി (statutory body) യാക്കി രൂപാന്തരപ്പെടുത്തുകയെന്നുള്ളതാണു്. ഭരണസമിതിയുടെ ജനകീയഭൂരിപക്ഷത്തിനു ഹാനിതട്ടാതെ ഗവർമ്മെൻറിനു ആവശ്യമുള്ളിടത്തോളം അംഗങ്ങളെ പ്രസ്തുത സമിതിയിൽ നാമിനേററുചെയ്യുവാനും അങ്ങിനെ ഗവർമ്മെൻറിൻെറ നിയന്ത്രണം സെൻട്രൽ ലൈബ്രറിഅതോറിട്ടിയിൽ ഉറപ്പിക്കുവാനും വേണ്ട വ്യവസ്ഥകൾ നിയമത്തിൽ ചേർക്കുവാനും വിഷമമുണ്ടായിരിക്കയില്ല. ദൈനംദിനഭരണകാര്യങ്ങൾക്കു സെൻട്രൽ ലൈബ്രറിഅതോറിട്ടിക്കു് വിധേയരായ ഡയറക്ടരേയും മററുദ്യോഗസ്ഥന്മാരേയും നിയമിക്കുവാനും വ്യവസ്ഥകൾ ചെയ്യാം. ഗ്രന്ഥശാലാസംഘത്തിനു് താലൂക്കുയൂണിയനുകളുണ്ടു്. പ്രസ്തുത താലൂക്കുയൂണിയനുകളുടെ പ്രാതിനിധ്യസ്വഭാവം ശരിപ്പെടുത്തി സെൻട്രൽഅതോറിട്ടിയുടെ മാതൃകയിൽതന്നെ ലോക്കൽ അതോറിട്ടികളെയും നിയമവ്യവസ്ഥകളനുസരിച്ചു സംഘടിപ്പിക്കുവാൻ കഴിയും. ഈ നിലയിൽ ഗവർമ്മെൻറിൻെറ നിയന്ത്രണം ഉപേക്ഷിക്കാതെയും പൊതുജനപ്രാതിനിധ്യത്തിനും അവകാശാധികാരങ്ങൾക്കും ഹാനിതട്ടാതെയും ഒരു നിയമമുണ്ടാക്കുവാൻവേണ്ട സത്വരനടപടികൾ ഗവർമ്മെൻറു സ്വീകരിക്കുമെങ്കിൽ ഈ സംസ്ഥാനത്തെ ഗ്രന്ഥശാലാപ്രസ്ഥാനം അഭിവൃദ്ധിപ്പെടുന്നതാണു്. വിശദാംശങ്ങളെപ്പററി ഇങ്ങിനെയൊരു ലേഖനത്തിൽ ചർച്ചചെയ്യുക സാദ്ധ്യമല്ല. ഗവർമ്മെൻറ് ലാ ഡിപ്പാർട്ടുമെൻറുമായി ആലോചിക്കുവാൻ നിയമിച്ച ലൈബ്രറികമ്മിററി ഉടൻ വിളിച്ചുകൂട്ടി ഒരു നക്കൽനിയമം തയാറാക്കുവാൻ ഇനിയും താമസിച്ചുകൂടാത്തതാണു്.

# പ്രാചീനഭാരതത്തിലെ ഗ്രന്ഥാലയങ്ങൾ

## വി. ആർ. പരമേശ്വരൻപിള്ള

ക്ഷേത്രങ്ങൾ, മഠങ്ങൾ, വിഹാരങ്ങൾ മുതലായവ ആയിരുന്നു പണ്ടത്തെ വിജ്ഞാനകേന്ദ്രങ്ങൾ. അവ വിജ്ഞാനശാഖകളെ വളർത്തുന്നതിലും വിജ്ഞാനികളെ പ്രോത്സാഹിപ്പിക്കുന്നതിലും ദത്തശ്രദ്ധമായിരുന്നു. വിദ്യാവിതരണത്തിലും അവ പ്രയത്നിച്ചു. ഏതൽസ്ഥാപനങ്ങൾ കാലാന്തരത്തിൽ ഗ്രന്ഥഭാണ്ഡാരങ്ങളായി മാറി. അദ്ധ്യയനശാലകളുടെ സ്ഥാനവും അവ വഹിച്ചു. പണ്ഡിതമാനവാന്മാരായ രാജാക്കന്മാർ വിദ്വത്സദസ്സുകൾ നടത്തി വൈദുഷ്യത്തിനു മാന്യത നൽകി. വിദ്വജ്ജനങ്ങൾ അവയിൽ പങ്കുകൊണ്ടു തങ്ങളുടെ കലാകുശലതയ്ക്കു അംഗീകാരം നേടി. രാജമന്ദിരങ്ങൾ ഗ്രന്ഥശാലകളാൽ അലംകൃതമായി. വിദ്വന്മണികൾ സമ്മേളിച്ചു സരസ്വതീസപര്യ നടത്തിവന്നതു് അത്തരം സ്ഥാപനങ്ങളിലായിരുന്നു. സാമ്രാജ്യശക്തി ശിഥിലമാകയും സാമന്തരാജ്യങ്ങൾ വർദ്ധിക്കയും ചെയ്തതോടുകൂടി രാജകീയവിദ്വൽസഭകൾ, ഗ്രന്ഥമന്ദിരങ്ങൾ മുതലായവ വർദ്ധിക്കയാണു് ഉണ്ടായതു്.

അച്ചടി നടപ്പിൽവരുന്നതിനുമുമ്പു പുസ്തകങ്ങൾ പെരുകുന്നതിനുള്ള സാഹചര്യങ്ങൾ ഒന്നുംതന്നെയുണ്ടായിരുന്നില്ല. അദ്ധ്യേതാക്കളിൽ ഓരോരുത്തരും അവരവരുടെ ആവശ്യത്തിനുള്ള ഗ്രന്ഥം പകർത്തിയുണ്ടാക്കാൻ നിർബന്ധിതരായിരുന്നു. അതു ഗ്രന്ഥശാല പെരുകാൻ കാരണമായി. അദ്ധ്യേതാവിന്റെ ധാരണാശക്തി വിസ്മയാവഹമായ വിധത്തിൽ വർദ്ധിക്കുവാൻ പകർത്തിയെഴുത്തു് സഹായിച്ചു. പൂർവ്വസൂരികളുടെ ഭാഷ്യങ്ങളിലും മററും അതിന്റെ ഫലം സുവ്യക്തമായിക്കാണാം. ദിവ്യഗ്രന്ഥങ്ങൾ പകർത്തുന്നതും അവയെ യഥാർഹം വിതരണം ചെയ്യുന്നതും ഒരു പവിത്രകർത്തവ്യമാണെന്നു വിശ്വാസം ഉണ്ടായിരുന്നു, ജൈനസിദ്ധന്മാരുടേയും ബൗദ്ധഭിക്ഷുക്കളുടേയും ഇടയ്ക്കു പ്രശസ്തിമാർഗ്ഗങ്ങളിൽ മഹത്തായ ഒന്നായിട്ടും കരുതപ്പെട്ടു അതു്. നമ്മുടെ അറിവിൽപ്പെട്ടിട്ടുള്ള പണ്ടത്തെ വിശ്വവിദ്യാലയങ്ങളെല്ലാംതന്നെ വമ്പിച്ച ഗ്രന്ഥാലയങ്ങൾ ഉള്ളവയായിരുന്നുവെന്നു കാണുന്നു. അഞ്ചും ഏഴും നൂററാണ്ടുകളിൽ ഇന്ത്യ സന്ദർശിച്ച ചീനസഞ്ചാരികൾ അന്നിവിടെയുണ്ടായിരുന്ന ഗ്രന്ഥശാലകളുടെ സുവിശദചിത്രം നൽകുന്നുണ്ടു്. അയൽനാട്ടുകാരായ അത്തരം യാത്രികന്മാരുടെ വിവരണങ്ങൾ അത്യന്തം വിശ്വാസയോഗ്യമാകുന്നു. ചീനദേശത്തുനിന്നു് ഭാരതത്തിൽ വന്നവരുടെ പ്രധാനലക്ഷ്യം ബുദ്ധമതഗ്രന്ഥങ്ങൾ ശേഖരിക്കണമെന്നുള്ളതായിരുന്നു. അവരിൽ പ്രമുഖരായ ഫാഹിയേൻ, യുവാൻചവാങ്ങ്, ഇട്സിങ്ങ് എന്നിവർ നമ്മുടെ സ്ഥാപനങ്ങളേയും ഗ്രന്ഥമന്ദിരങ്ങളേയുംപററി എഴുതിവച്ചിട്ടുള്ള വിവരണങ്ങൾ പ്രത്യേകം ശ്രദ്ധാർഹമാകുന്നു. കനിഷ്കന്റെ കാലം തുടങ്ങി ധർമ്മപാലന്റെകാലം വരെയുള്ള പത്തു നൂററാണ്ടിനിടയ്ക്കാണിവർ ഭാരതം സന്ദർശിച്ചതു്. തീർത്ഥാടനക്കാരായി ഇവിടെ വന്ന ആ വിജ്ഞാനാന്വേഷകർ വെറും

ഗ്രന്ഥങ്ങളെയല്ല ഗ്രന്ഥശാലകളെയാണ് തങ്ങളുടെ ജന്മഭൂമിയിലേക്കു കൊണ്ടുപോയതു്.

നാലാം നൂററാണ്ടവസാനത്തിൽ ഒരു സംഘത്തോടൊന്നിച്ചു ഫാഹിയേൻ ഇന്ത്യ സന്ദർശിച്ചു. ചീനദേശത്തെ ബുദ്ധസംഘങ്ങളുടെ ആവശ്യത്തിനുവേണ്ടി "വിനയഗ്രന്ഥങ്ങൾ" ശേഖരിക്കുക എന്നതായിരുന്നു യാത്രോദ്ദേശം. വിദ്യാപീഠങ്ങളായിരുന്ന അനേകം സന്യാസാശ്രമങ്ങൾ കണ്ടു ആ യാത്രാസംഘം. അദ്ദേഹം പകർത്തിക്കൊണ്ടുപോകാനാഗ്രഹിച്ച ഗ്രന്ഥങ്ങൾ പലതും കാണ്മാനിടയായി പാടലീപുത്രത്തിലേയും താമ്രലിപ്തിയിലേയും സംഘാരാമങ്ങളിൽ. മഹാസാംഘികനിയമങ്ങളടങ്ങിയ വിനയഗ്രന്ഥവും ഏഴായിരം ഗാഥകളടങ്ങിയ സർവ്വാസ്തിവാദനിയമവും ആറായിരം ഗാഥകളടങ്ങിയ സംയുക്താഭിധർമ്മഹൃദയശാസ്ത്രവും രണ്ടായിരത്തിഅഞ്ഞൂറു പദ്യങ്ങളടങ്ങിയ നിർവ്വാണസൂത്രവും അയ്യായിരം പദ്യങ്ങളടങ്ങിയ വൈപുല്യപരിനിർവ്വാണസൂത്രവും ഫാഹിയേൻ പകർത്തിയെടുത്തു. പാടലീപുത്രത്തിലെ സംഘാരാമത്തിൽ നാലു സംവത്സരംപാർത്തു സംസ്കൃതംപഠിക്കയും ചെയ്തു ആ ചീനസഞ്ചാരി.

യുവാൻചാങ്ങ് ഭാരതം സന്ദർശിച്ചതു് ഏഴാംനൂററാണ്ടിലായിരുന്നു. രാജസഭകൾ, പുണ്യതീർത്ഥങ്ങൾ, വിശുദ്ധകേന്ദ്രങ്ങൾ, വിദ്യാപീഠങ്ങൾ എന്നിവ സന്ദർശിച്ചുകൊണ്ടു ആ യാത്രികൻ പതിനഞ്ചുസംവത്സരം ഇന്ത്യയിൽ കഴിച്ചു. ആചാര്യോത്തമന്മാരുടെ സാന്നിധ്യംകൊണ്ടും അസുലഭഗ്രന്ഥങ്ങളുടെ ആധിക്യംകൊണ്ടും വിഖ്യാതിയാർജ്ജിച്ചിരുന്ന വിദ്യാസങ്കേതങ്ങൾ പലതിലും ആ വിജ്ഞാനപ്രേമി തങ്ങുകയുണ്ടായി. അദ്ദേഹം കാശ്മീരത്തു ചെന്നപ്പോൾ പകർത്തിയെടുക്കാനാശിച്ച ഗ്രന്ഥങ്ങളുടെ പകപ്പുകൾ തയാറാക്കാൻവേണ്ടി അവിടത്തെ രാജാവു് ഭദന്തനേയും ശിഷ്യന്മാരേയും നിയോഗിച്ചതായിക്കാണുന്നു. ഇരുപതു ഗുമസ്തന്മാരേയും അതിലേക്കു നിയമിക്കുകയുണ്ടായി. യുവാൻചാങ്ങ് സന്ദർശിച്ചവയിൽ ഏററവും ഉന്നതനിലയിലായിരുന്നതു് നാളന്ദാവിഹാരമായിരുന്നു. അക്കാലത്തെ ഭാരതീയപഠനത്തിൻെറ പ്രമുഖസ്ഥാനം അതു തന്നെയായിരുന്നു. വിശ്വവിദ്യാലയമെന്ന നാമത്തെ അർത്ഥവത്താക്കിയ ഒരു മഹാസ്ഥാപനം തന്നെയായിരുന്നു അതു്.

ഫാഹിയേൻ നാളന്ദയെപ്പററി ഒന്നും പറഞ്ഞിട്ടില്ല. യുവാൻചാങ്ങ് അതിന്റെ ഒരു പരിപൂർണ്ണവിവരണം നൽകുന്നുണ്ടു്. സന്യാസികൾ, സന്ദർശകർ, ആചാര്യന്മാർ, ഛാത്രന്മാർ മുതലായി പതിനായിരത്തിലധികം പേരാണു് അവിടെ വിജ്ഞാനതൃഷ്ണയോടുകൂടി വർത്തിച്ചു കൊണ്ടിരുന്നതു്. ഭാരതത്തിൻെറ നാനാഭാഗങ്ങളിൽനിന്നുവന്നിട്ടുള്ളവരായിരുന്നു അദ്ധ്യേതാക്കൾ. നാളന്ദയിലെ അന്തേവാസികളെ എല്ലാവരും ആദരിച്ചിരുന്നു. ഗ്രന്ഥശാല സ്ഥാപിച്ചിരുന്ന മഹാമന്ദിരത്തിൻെറ പേർ ധർമ്മഗഞ്ജം എന്നായിരുന്നു. അതിന്റെ വിഭാഗങ്ങളാണു് രത്നസാഗരം, രത്നോദധി, രത്നരഞ്ജിക എന്നിവ. ബുദ്ധൻ, ധർമ്മം, സംഘം എന്നീ മൂന്നിനേയും കുറിക്കുന്ന രത്നശബ്ദം. രത്നോദധി ഒമ്പതുനിലക്കെട്ടിടമായിരുന്നു. അവിടെ ദിവ്യഗ്രന്ഥങ്ങൾക്കു പുറമേ താന്ത്രികഗ്രന്ഥങ്ങളും അസംഖ്യമുണ്ടായിരുന്നു. പിൽക്കാലത്തു തുരുഷ്കന്മാർ ഏതൽസ്ഥാപനത്തെ ആക്രമിച്ചു ഗ്രന്ഥശാലയും മററും നശിപ്പിച്ചതായിക്കാണുന്നു. എങ്കിലും അനന്തരകാലത്തു മുദിതഭദ്രൻ എന്നൊരു സിദ്ധൻ അതിൻെറ നവീകരണപ്പണി നടത്തിച്ചുപോലും! മതപരമായ വമ്പിച്ച ഒരു ചടങ്ങിൽവച്ചു അവമാനിതരായ ഒരു സംഘം സന്യാസിമാർ അതിനെ അഗ്നിക്കി

രയാക്കിയെന്നാണു് ചരിത്രകാരന്മാർ രേഖപ്പെടുത്തിയിരിക്കുന്നതു്.

പിന്നീടു ഭാരതം സന്ദർശിച്ച ചീനദേശീയരിൽ പ്രമുഖൻ ഇട്സിങ്ങ് ആണു്. ആ സഞ്ചാരി നാളന്ദയിൽ പത്തുവർഷം താമസിക്കുകയുണ്ടായി. ക്രി. പി 671-ൽ ചീനയിൽനിന്നു പുറപ്പെട്ട ആ യാത്രികൻ രണ്ടു വർഷം കഴിഞ്ഞ ശേഷമേ താമ്രലിപ്തിയിൽ എത്തിയുള്ളു. നാളന്ദയിൽ പാർത്ത കാലത്തു നാലായിരം സംസ്കൃതഗ്രന്ഥങ്ങൾ അദ്ദേഹം രത്നോദധിയിൽനിന്നു പകർത്തിയെടുത്തുവത്രേ.

ക്രി. പി. ഒമ്പതാംനൂററാണ്ടിൽ അത്യുന്നതനിലയിൽ എത്തിയ വിദ്യാപീഠം വിക്രമശിലയാണു്. നാളന്ദയുടെ അധഃപതനം അതിനെ ഉച്ചകോടിയിലേക്കു നയിച്ചു. ധർമ്മപാലഭൂപനായിരുന്നു അതിന്റെ സ്ഥാപകൻ. നാനൂറുവർഷത്തോളംകാലം അതു നമ്മുടെ മാതൃഭൂമിയിൽ വിജ്ഞാനപ്രഭ വിതറി. അവിടത്തെ ഗ്രന്ഥശാലയും അതിവിപുലമായിരുന്നുവെന്നുകാണുന്നു. ക്രി. പി. 1200-ൽ ഭക്തിയാർഖിൽജി ഇതിനെ നിഷ്ക്കരുണം നശിപ്പിച്ചുകളഞ്ഞു !

അതിനു തുല്യമായി അന്നു പുരോഗതിയിലെത്തിയിരുന്നതു് ഓദന്തപുരിയിലെ സംഘാരാമമാണു്. പാലരാജാക്കന്മാരുടെ ഭരണകാലത്തു അതൊരു വിശ്വവിദ്യാലയമായി വികസിച്ചു. ആറായിരം ബുദ്ധഭിക്ഷുക്കളും ഛാത്രന്മാരും അവിടെപ്പാർത്തിരുന്നു. ക്രി. പി. 1200-നിടയ്ക്കുതന്നെ മുഹമ്മദീയർ അവിടത്തെ മഹാഗ്രന്ഥശാലയേയും മററു സ്ഥാപനങ്ങളേയും തീകൊളുത്തി.

ഇങ്ങനെ നാളന്ദ, വിക്രമശില, ഓദന്തപുരി എന്നിവ തുടച്ചയായി നശിപ്പിക്കപ്പെട്ടതോടുകൂടി വിജ്ഞാനധനന്മാർ നേപ്പാളത്തേയ്ക്കും തിബത്തിലേയ്ക്കും പലായനം ചെയ്തു. അവർ തങ്ങളോടൊന്നിച്ചു നിരവധിഗ്രന്ഥങ്ങളുംകൊണ്ടുപോയതായി അഭ്യൂഹിക്കേണ്ടിയിരിക്കുന്നു. ഇന്ത്യയിൽ ഇക്കാലത്തു അലഭ്യമായ പല കൃതികളും ഇന്നു ആ ദേശങ്ങളിൽ കാണ്മാനുണ്ടു്. ഏതായാലും കണക്കററ അമൂല്യഗ്രന്ഥങ്ങൾ വിദേശികളുടെ ആക്രമണത്താൽ നഷ്ടമായിട്ടുണ്ടെന്നുള്ളതിനു സംശയമില്ല.

രാജാക്കന്മാരും പ്രഭുക്കന്മാരും ഗ്രന്ഥങ്ങൾ ശേഖരിക്കുന്നതിൽ താൽപര്യം പ്രദർശിപ്പിച്ചിരുന്നു. അവരുടെ കൊട്ടാരങ്ങളിൽ "സരസ്വതീഭണ്ഡാര"ങ്ങൾക്കു പ്രാധാന്യം കല്പിച്ചിരുന്നതായി രേഖകൾ തെളിയിക്കുന്നു. പതിനൊന്നാം ശതാബ്ദാരംഭത്തിൽ ധാരാപുരി വാണിരുന്ന ഭോജൻ ഒരു വലിയ സാഹിത്യപോഷകനായിരുന്നു. രാജകീയമായ സുഖാനുഭവങ്ങളും ദിഗ്വിജയങ്ങളും അദ്ദേഹത്തിനു രണ്ടാംതരം സംഗതികളേ ആയിരുന്നുള്ളു. അവയെല്ലാം സരസ്വതീസപര്യയെ സഹായിക്കുന്ന കാര്യങ്ങളായിട്ടു മാത്രമാണു് ആ രാജശേഖരൻ കരുതിയിരുന്നതു്. അദ്ദേഹം ഒരൊന്നാംതരം സർവ്വകലാശാലയും ഗ്രന്ഥശാലയും സ്ഥാപിച്ചു. ആ സംസ്ഥാനം അക്കാലത്തു വിദ്വന്മണികളുടെ വിലാസരംഗമായി വിളങ്ങി. 1044-ൽ ആ മഹാൻ യശശ്ശരീരനായി.

ഗുജറാത്തിലെ പത്തൻനഗരത്തിൽ ഉണ്ടായിരുന്ന ഗ്രന്ഥശാല ഏഴുനൂററാണ്ടുകാലം സംസ്കാരകേന്ദ്രമായി പരിലസിച്ചു. ജൈനാചാര്യന്മാരായിരുന്നു അതിന്റെ പോഷകന്മാർ. പ്രസ്തുത ഗ്രന്ഥശാല പൂർവ്വപ്രശസ്തിയോടുകൂടിയല്ലെങ്കിലും ഇന്നും നിലനിൽക്കുന്നുണ്ടു്. ബറോഡാമഹാരാജാവു്

പ്രസ്തുതഗ്രന്ഥസമുച്ചയത്തെ യഥായോഗ്യം സംരക്ഷിച്ചു വരുന്നതു് മഹാഭാഗ്യം തന്നെ. ജിനഭദ്രസൂരി എന്ന ജൈനാചാര്യന്റെ പവിത്രസങ്കേതമായിരുന്ന ജെസ്സൽമീരിൽ അതിപ്രശസ്തി നേടിയ ഒരു ഗ്രന്ഥശാലയുണ്ടായിരുന്നു.

തിരുവിതാംകൂറിലെ സ്വാതിതിരുനാൾ മഹാരാജാവിന്റെ സമകാലികനായിരുന്ന തഞ്ചാവൂർ ശരഭോജിരാജാവു് സ്ഥാപിച്ച സരസ്വതീമഹാൾ ഗ്രന്ഥശാല ദക്ഷിണഭാരതത്തിനൊരു വിശിഷ്ടഭൂഷണമായി ശോഭിക്കുന്നു. അവിടത്തെ സംസ്കൃതഗ്രന്ഥങ്ങളുടെ വൈവിധ്യവും വൈപുല്യവും അവർണ്ണ്യമത്രേ.

നേപ്പാളം, മൈസൂർ, തിരുവിതാംകൂർ രാജാക്കന്മാരുടെ കൊട്ടാരങ്ങൾ വിശിഷ്ടവും അസുലഭവും ആയ ഗ്രന്ഥങ്ങൾമൂലം അലംകൃതമായിരിക്കുന്നു. മററെങ്ങും കിട്ടാത്ത സൽഗ്രന്ഥങ്ങൾ പലതും പ്രസ്തുത രാജമന്ദിരങ്ങളിൽനിന്നു പണ്ഡിതലോകത്തിനു ലഭിച്ചിട്ടുണ്ടു്. രാജപുട്ടാണയിലും കേരളത്തിലുമുള്ള പുരാതനകുടുംബങ്ങൾ പലതും നല്ല ഗ്രന്ഥശാലകൾ ഉണ്ടാക്കിയിട്ടുള്ളവയാണു്. പൈയ്യൂർമന, ദേശമംഗലം, ത്രചീന്ദ്രം വട്ടപ്പള്ളി, മണലിക്കരമഠം മുതലായവ ഈ സന്ദർഭത്തിൽ സ്മൃതിപഥത്തിലെത്തുന്നു.

കാശിയിലെ കവീന്ദ്രാചാര്യഗ്രന്ഥശാലയ്ക്കു മൂന്നു നൂററാണ്ടുകാലത്തെ പഴക്കമുണ്ടു്. ഇത്തരമൊരു ഗ്രന്ഥമന്ദിരമുണ്ടെന്നുള്ള കാര്യം പണ്ഡിതലോകത്തിന്റെ ശ്രദ്ധയിൽകൊണ്ടുവന്നതു് ഒന്നാമത്തെ പ്രാച്യവിദ്യാസമ്മേളനാദ്ധ്യക്ഷനായിരുന്ന ഡാക്ടർ ഗംഗാനാഥഝാ ആയിരുന്നു.

ചില ഉത്തമഗ്രന്ഥങ്ങൾ പരിശോധിക്കുന്നതിനുവേണ്ടി വലിയ തീർത്ഥാടനങ്ങൾ പോലും മുൻകാലങ്ങളിൽ വേണ്ടിവന്നിട്ടുണ്ടു്. ഗ്രന്ഥശാലകൾക്കുവേണ്ടി വസ്തുവകകൾ ദാനംചെയ്ത വിവരം ശിലാലിഖിതങ്ങൾമൂലം അറിയാം. അമോഘവർഷൻ ഒന്നാമന്റെ കാലത്തു് കാൻഹേരി വിദ്യാപീഠത്തിലേക്കു ഭദ്രവിഷ്ണു നൽകിയ ദാനം ഗ്രന്ഥങ്ങൾ വാങ്ങാനുംകൂടി ആയിരുന്നുവെന്നു കാണിച്ചിരിക്കുന്നു. ജടാവർമ്മൻ സുന്ദരപാണ്ഡ്യൻ ഒന്നാമന്റെ ഒരു രേഖയിൽ അദ്ദേഹം ഒരു ഗ്രന്ഥശാലയ്ക്കു വേണ്ടി നൽകിയ ദാനത്തെ സ്പഷ്ടമാക്കിയിട്ടുണ്ടു്.

മുസ്ലീംഭരണകാലത്തും ഗ്രന്ഥശാലകൾക്കു അഭിവൃദ്ധിയുണ്ടായി എന്നുള്ള വസ്തുത അൽബെറൂണി, അബുൽഫാസൽ മുതലായവരുടെ കൃതികൾ വിശദമാക്കുന്നു.

പണ്ടത്തെ വിശ്വവിഖ്യാതങ്ങളായ വിദ്യാപീഠങ്ങളിലും സംഘാരാമങ്ങളിലും ജനിച്ചു രാജഗൃഹങ്ങളിലും പ്രഭുകുടുംബങ്ങളിലുംകൂടി ജീവിച്ചുവന്ന ഗ്രന്ഥശാലകൾ ഇന്നൊരു വമ്പിച്ച ജനകീയപ്രസ്ഥാനമായി വളന്നിരിക്കുന്നു. വയോജനവിദ്യാഭ്യാസത്തിന്റെ പ്രധാന സങ്കേതവും അതു തന്നെ. നമ്മുടെ ഗ്രന്ഥശാലകൾ ഉത്തരോത്തരം അഭിവൃദ്ധിപ്രാപിക്കട്ടെ.

* കുറിപ്പു്:—ഈ ലേഖനമെഴുതുന്നതിനു് ബീൽ എഴുതിയ യുവാൻചാങ്ങ്ചരിതം, അതേമാന്യന്റെ പാശ്ചാത്യലോകന്റെ ബൗദ്ധാരേഖകൾ, സാങ്കളിയായുടെ നാളന്ദാ സർവകലാശാല, സമദ്ദാരുടെ മഗധയുടെ മാഹാത്മ്യം, ഇന്ത്യൻ ആൻറിക്വറി ലക്കങ്ങൾ. എന്നിവ എനിക്കു ഉപകരിച്ചിട്ടുണ്ടു്. V. R. P. P.

# സ്വയംഭാവന

ബി. പത്മനാഭപിള്ള, എം. എ.

യഥാർത്ഥസംസ്കാരം ലഭിക്കുന്നതിനുള്ള ഉത്തമമാർഗ്ഗമാണു് സ്വയംഭാവന. ഒരു ശിശുവായിരിക്കുമ്പോൾമുതൽ പടിപ്പടിയായി ഉയർത്തിക്കൊണ്ടു വരേണ്ടതാണു് അതു്. ഒന്നാമതായി ഒരു ശിശുവിന്റെ കൗതുകം ഏതുവിഷയത്തിലാണു കൂടുതൽ പതിയുന്നതെന്നു് അന്വേഷിക്കേണ്ടതു് രക്ഷകർത്താക്കളാണു്. കൗതുകം എന്നതു് ഉപയോഗം ഉള്ളതിനും ഇല്ലാത്തതിനും ആകാം. പല ആപത്തുകളിലും എത്തിക്കുന്ന കൗതുകങ്ങൾവരെ ഉണ്ടു്. അവയെ സർവശക്തികളും ഉപയോഗിച്ചു് തടയേണ്ടതാണു്. ഉപയോഗമുള്ള കൗതുകത്തെ വളർത്താനും ഇല്ലാത്തവയെ മന്ദീഭവിപ്പിക്കാനും ശ്രമിക്കുക എന്നതാണു് രണ്ടാമത്തെ പടി. രക്ഷകർത്താവിന്റെ പരിശ്രമങ്ങളെല്ലാംതന്നെ അനായാസേന കുട്ടി സ്വീകരിക്കാൻ തയാറാകുന്നവിധത്തിലായിരിക്കണം. ഇവിടെയാണു് അല്പം മനഃസ്തത്വശാസ്ത്രം അറിഞ്ഞിരിക്കേണ്ടതു്. ഒരുദാഹരണം എടുക്കാം. കലാപരമായ വാസനയുള്ള ഒരു ബാലനെ ആ കലയിലേക്കു് എങ്ങനെ തിരിച്ചുവിടാം എന്നു പരിശോധിക്കാം. മൃദംഗവായനയിൽ വാസനയുള്ള ഒരു കുഞ്ഞു് ആദ്യമായി കിട്ടിയ ഒരു തകരത്തുണ്ടിൽ കോലുകൊണ്ടു തട്ടി ശബ്ദമുണ്ടാക്കാൻ ശ്രമിക്കുന്നു. അവൻ അതിൽ ലയിച്ചുകഴിയുമ്പോൾ ശബ്ദത്തിന്റെ ബഹളംകൊണ്ടു് വീട്ടുകാർക്കും അയൽപക്കക്കാർക്കും അസഹ്യത തോന്നിത്തുടങ്ങും. ഉടൻതന്നെ കുട്ടിയുടെ കോലും തകരവും എടുത്തു ദൂരത്തെറിഞ്ഞു് ശിക്ഷിക്കുകയായി. അവന്റെ ആ വഴിയിൽകൂടിയുള്ള വാസന ഉടൻതന്നെ നശിക്കാൻ ഇടയാകുന്നു. നേരേമറിച്ചു് അവനു് നേർമ്മയുള്ള ഒരു കൊട്ടു വാങ്ങിക്കൊടുത്തു് പ്രോത്സാഹിപ്പിക്കുന്നതായാൽ അവന്റെ ആ വഴിയിലുള്ള ഉത്സാഹം വർദ്ധിക്കുകയും അതു് വീട്ടിനു് ഉപദ്രവകരമല്ലാതായിത്തീരുകയും ചെയ്യും.

ഇത്രയും കഴിഞ്ഞാൽ അടുത്ത പടിയാണു് കുട്ടിയെ സ്വയംഭാവനയിലേക്കു് പ്രാപ്തനാക്കുക എന്നതു്. ഒരു ശിശു അവന്റെ വാസനയും താൽപര്യവും പ്രദർശിപ്പിക്കുന്ന വഴി അറിഞ്ഞു് ആ മാർഗ്ഗത്തിൽ ലോകോത്തരമായ സ്ഥാനം കൈവരിച്ചിട്ടുള്ള വ്യക്തികളെപ്പററി അവനെ പരിചയപ്പെടുത്തുക. അവരുടെ ജീവചരിത്രമാഹാത്മ്യം പറഞ്ഞുകേൾപ്പിക്കുക, അവരുടെ വീരകൃത്യങ്ങൾ ഓരോന്നായി ധരിപ്പിക്കുക, അതുകൊണ്ടു് ലോകത്തിനു നന്മയുണ്ടായ പ്രകാരം പറഞ്ഞുകൊടുക്കുക, തദ്വാരാ അവർക്കു യശഃപ്രാപ്തി ഉണ്ടായ വിവരം അറിയിക്കുക എന്നീ ജോലികളാണു് ഇക്കാലത്തു് നടത്തേണ്ടതു്. ഒരു രാഷ്ട്രനേതാവാണെങ്കിൽ നെഹ്രുവിനേയും, ഒരു കലാസമ്രാട്ടാണെങ്കിൽ ടാഗോറിനേയും പരിചയപ്പെടുത്തുന്നു എന്നിരിക്കട്ടെ. എന്താണതിന്റെ ഫലം? ലോകപ്രശസ്തി ആർജ്ജിച്ചിട്ടുള്ള ഇത്തരം ആളുകളുടെ കഴിവുകൾ എന്താണെന്നു് അറിയാനുള്ള ജിജ്ഞാസ അവനുണ്ടാകുന്നു. ഇങ്ങനെ താത്പര്യം അനുസരിച്ചു് ഏതേതു വ്യക്തികളെപ്പററി അവൻ പരിചയം സമ്പാദിക്കുന്നുവോ അവരെപ്പോലെയാകാൻ

അവനും ഉദ്യമിക്കണം എന്നൊരു പ്രേരണാശക്തി ഉള്ളിൽ തള്ളിക്കയറുന്നതായി അവന് അനുഭവപ്പെട്ടും. ഇക്കാലത്താണ് അടുത്തപടിയിലുള്ള പരിശീലനത്തിന്റെ ആവശ്യം. ഇപ്രകാരം ഒരുവന്റെ ജീവിതോദ്ദേശ്യം എന്തായിരിക്കണമെന്നു നിശ്ചയംചെയ്തുകഴിഞ്ഞാൽ ആ നിശ്ചയത്തെ ഉറപ്പിക്കുന്നതിനാണ് അടുത്തു് യത്നിക്കേണ്ടതു്.

സകല കല്പനകളും നടത്തിക്കുന്നതിന്റെ കേന്ദ്രസ്ഥാനമാണ് അന്തഃകരണം. നമ്മുടെ നിശ്ചയത്തെ അന്തഃകരണത്തോടറിയിക്കുക—അതിന് സ്വയം ചില കല്പനകൾ നല്കുക. വിഷയങ്ങളിൽ ഓടുന്ന മനസ്സിനെ ഒതുക്കി അന്തഃകരണത്തിലേക്ക് നയിക്കുക. ഇങ്ങനെ മനസ്സിനെ ഏകാഗ്രപ്പെടുത്തുക. ഈശ്വരവിശ്വാസം ഉറപ്പിക്കുന്നതു് ഇപ്രകാരം തന്നെയാണ്. ഏകാഗ്രമായ മനസ്സ് ശബ്ദബ്രഹ്മത്തിൽ ലയിക്കും. അതിൽനിന്ന് പുറപ്പെടുന്ന ആജ്ഞകൾ അന്തരാത്മാവിന്റെ പ്രതിധ്വനിയാണ്. അതു് മനുഷ്യനെ തെറ്റാത്തവഴിയിൽക്കൂടി നയിക്കും. സാക്ഷാൽ ആത്മപ്രകാശത്തിന്റെ മഹിമകൊണ്ട് ഉണ്ടായിട്ടുള്ള അനന്തഫലങ്ങൾ അദ്ഭുതാവഹമാണ്. "There is a guidance for each of us and by slowly listening we shall hear the right word" എന്നാണ് സുപ്രസിദ്ധ ചിന്തകനായ എമേഴ്സൻ പറഞ്ഞിട്ടുള്ളതു്. നമുക്ക് ഓരോരുത്തർക്കും നേർവഴി തെളിച്ചുതരാൻ ആളുണ്ട് എന്നു വിശ്വസിക്കണം. അതനുസരിച്ചു നടക്കുന്നപക്ഷം നമുക്ക് ശരിയായ ആജ്ഞകൾ ലഭിച്ചുകൊണ്ടേയിരിക്കും. ഇങ്ങനെ പരീക്ഷിച്ചറിഞ്ഞ മഹാന്മാർ അവരവരുടെ ആത്മപ്രകാശത്തെ നേരിട്ടു കണ്ടറിഞ്ഞു് അവരുടെ ചിന്തയുടെ ഫലം അവക്കും ലോകത്തിനും പ്രയോജനപ്പെടത്തക്കവണ്ണം ജീവിതരംഗങ്ങൾ കാണിച്ചുതരാൻ യത്നിക്കുന്നു. ലോകസംഗ്രഹാത്ഥം ജനിച്ച ഭഗവാൻ ശ്രീകൃഷ്ണനും ഉപദേശിച്ച തത്ത്വം ഇതുതന്നെയാണ്.

വിശുദ്ധമായ മനസ്സ് വിശുദ്ധമായ കർമ്മത്തിനു പ്രേരിപ്പിക്കും; സത്വഗുണം വർദ്ധിപ്പിക്കും. ഹീനവൃത്തികളിൽനിന്നും പിൻതിരിപ്പിക്കും. അങ്ങനെ പടിപ്പടിയായി ഏകാഗ്രചിത്തവൃത്തിയിലേക്ക് മനുഷ്യനെ നയിക്കും. ഈശ്വരനിൽ വിശ്വസിക്കുക എന്നാൽ എന്താണത്ഥം? അന്തഃകരണത്തിൽ വിശ്വാസമുറപ്പിക്കുക—ശക്തികേന്ദ്രമായ ആ ചൈതന്യത്തിൽ—സകല കർമ്മങ്ങൾക്കും പ്രചോദനം നല്കുന്ന വിശുദ്ധാത്മാവിൽ വിശ്വാസം ഉറപ്പിക്കുക.

ഇതിന് ഒരു പരിശീലനം ആവശ്യമാണ്. അതിലേക്ക് ചില പദ്ധതികൾ നിർദ്ദേശിക്കാം:—

(1) തനിക്ക് ജീവിതത്തിൽ ഒരുദ്ദേശമുണ്ടെന്നുറയ്ക്കുക. അതു തന്റെ ജീവിതത്തിൽ സാധിക്കും എന്നു പ്രതിജ്ഞ ചെയ്യുക. അതിനെപ്പററി തീവ്രമായി സദാ ചിന്തിക്കുക. ആ ചിന്ത മനസ്സിൽനിന്നും അകററാതെ സൂക്ഷിക്കുക.

(2) താൻ ഏതായി ഭവിക്കണമോ ആ രൂപവും പരിസരവും ധ്യാനിച്ചു് അനുഭവിക്കുക. ഇവിടെയാണ് പരിശീലനം ഒന്നുകൂടെ ഉറപ്പിക്കേണ്ടതു്. സ്വയം ഭാവിക്കുകുന്നതിനേക്കാൾ ശക്തിനൽകുന്ന മാർഗ്ഗം വേറെയില്ല.

(3) താൻ ഉദ്ദേശിച്ചതു് താൻ നടത്തും എന്ന് അന്തരാത്മാവിനോടു പറ

യുക. ദിവസവും അതു് ആവർത്തിക്കുക. എന്റെ ആത്മനിവേദനം കൊണ്ടു് എന്റെ നിശ്ചയം നടക്കും എന്നു് ഉറപ്പിച്ചുപറയുക.

(4) മേൽപ്പറഞ്ഞവിധം നടക്കുന്നതിനു് പരിസരം സൃഷ്ടിക്കാൻവേണ്ടി വാക്കിലും വിചാരത്തിലും പ്രവൃത്തിയിലും വിശുദ്ധിയുണ്ടാകുന്നോ എന്നു് ഓരോദിവസവും ആത്മപരിശോധന ചെയ്യുക. മനസ്സിൽ നിന്നും, സ്വാർത്ഥത, അസൂയ, പരിഭവം, നീരസം, അസംതൃപ്തി, വിദ്വേഷം എന്നീ ദുർഗ്ഗുണങ്ങൾ ദിവസംപ്രതി മാററിക്കൊണ്ടിരിക്കാൻ ശ്രമിക്കുക. ദിവസവും ഉറങ്ങുന്നതിനുമുൻപു് ഇത്തരം ദുർഗ്ഗുണങ്ങൾക്കു് താൻ വിധേയനായിട്ടുണ്ടോ എന്നും അതിന്റെ ഫലമായി അന്യർക്കു് വേദന ഉണ്ടാക്കീട്ടുണ്ടോ എന്നും ഒരു ആത്മപരിശോധന നടത്തുക.

(5) ഞാൻ എന്നെയും അന്യരേയും വിശ്വസിക്കുന്നു എന്നു് സ്വയം നിശ്ചയിക്കുക. അതിനെ പരാജയപ്പെടുത്താൻ വരുന്ന ബാഹ്യശക്തികളെ പിൻതിരിപ്പിക്കുക. ഇങ്ങനെ വിചാരത്തെ വിശുദ്ധിയിലേക്കുയർത്തുക.

വിശുദ്ധിയേറിയ വിചാരത്തിൽനിന്നു് വിശിഷ്ടഫലങ്ങളും ദുഷിച്ച വിചാരത്തിൽ നിന്നു് ദുഷിച്ചഫലങ്ങളും അനുഭവപ്പെടുന്നു. ഒരുവൻ കുറെയധികം പണം മോഷ്ടിച്ചുവെന്നിരിക്കട്ടെ. അതു കണ്ടുപിടിച്ചുപോകുമെന്നു തോന്നിയപ്പോൾ സ്വയം മരിക്കുന്നതാണു ഭേദമെന്നുതോന്നി; അവൻ ആ വിചാരം കൊണ്ടുതന്നെ മരിക്കുന്നു. ആധികൊണ്ടുള്ള ഇത്തരം മരണങ്ങളെ "Mental suicide" എന്നാണു് മനഃസ്തത്വശാസ്ത്രജ്ഞന്മാർ പറയാറുള്ളതു്. ആധി വ്യാധിയായിത്തീരും എന്നുള്ള പഴഞ്ചൊല്ലു് ഈ തത്വത്തെ അടിസ്ഥാനമാക്കിയുണ്ടാക്കിയതാണു്. അതുകൊണ്ടു് മനസ്സിന്റെ ഭാവനയിലാണു് ഏററവും ശ്രദ്ധിക്കേണ്ടതു് എന്നു സാരം. നന്മയും തിന്മയും അതിനെ അടിസ്ഥാനപ്പെടുത്തിയായിരിക്കും. ഈ തത്വത്തെ പുരസ്കരിച്ചു് ഒരു പാശ്ചാത്യകവി ഒരു ചെറിയ കവിത എഴുതീട്ടുണ്ടു്. അതിന്റെ സാരം ഇപ്രകാരം വിവർത്തനംചെയ്യാം.

ആഘാതമേറെറാന്നുള്ള ചിന്തതാൻ-<br>
പോരും തനി-<br>
ക്കാഘാതഫലംതോന്നാൻ, മറിച്ചു-<br>
ചിന്തിച്ചീടിൽ<br>
ഒഴിയാമതിൽനിന്നു, മെന്നാപോലൊരുവനു<br>
പിഴതാൻപററും ചിന്തയവ്വഴി-<br>
നയിച്ചെന്നാൽ<br>
തോൽവികൂടാതെതന്നെ ജീവിത-<br>
വിജയത്തിൻ-<br>
തോളിലേയ്ക്കുയർന്നീടാം<br>
ചിന്തയവ്വഴി പോക്കിൽ.<br>
നാശംതാൻവരുമെന്നുചിന്തിച്ചു-<br>
ദിനംതോറു-<br>
മാശയംകൊണ്ടുമാത്രം നാശത്തെവരിക്കുന്നു.<br>
ഇങ്ങനെ പലരും നാം കാണുന്നു<br>
ലോകത്തിങ്ക-<br>
ലങ്ങവ ഭവിപ്പതു ചേതസ്സിൻ<br>
വികാരത്താൽ<br>
ഹീനജാതിയാണെന്നബോധമാണൊരുവനു<br>
ഹീനതഭവിപ്പാനും കാരണമൂലകത്തിൽ.<br>
ഉയരാനുണർവുണ്ടോ, മേവനും വിചാരത്തെ<br>
സ്വയമായു് വളർത്തീടിലാവഴിനിരന്തരം.<br>
സമ്മാനദാനത്തിനു പാത്രമായു്<br>
ത്തീരുംമുമ്പേ<br>
സമ്മതിയവനുള്ളിൽ തോന്നണം<br>
കാലേതന്നെ.<br>
എന്നാലും ജയിപ്പതു മുമ്പനും വമ്പൻതാനു-<br>
മെന്നില്ല, മറിച്ചുമാം ജീവിത-<br>
മാത്സര്യത്തിൽ.<br>
കാരണം മററൊന്നല്ല, കഴിയും തനിക്കെന്നു<br>
കാണുന്നമനുജന്റെ ജീവിതം വിജയിപ്പൂ!

# ശ്യാമള

## എം. പി. അപ്പൻ

ശ്യാമളേ, നിൻനിസർഗ്ഗോജ്ജ്വലഭാസ്സിൻ
കോമളപ്പൂന്തിരമാലകളേൽക്കെ
ആർദ്രതയോലുന്നൊരെൻ മനസ്സംന–
മാനന്ദനൃത്തം തകക്കുന്നുമേന്മേൽ.
നിൻപൂന്തനുവിൽനിന്നുദ്ഗമിച്ചീടും
സംപൂർണ്ണമായുള്ള തേജോവിലാസം
ഭൂവിലും ദ്യോവിലും ചിന്നിമിന്നുന്നു
പാവനാമോദതരംഗങ്ങളായി.
പൂവിലും പുല്ലിലും പൂഴിയിൽപ്പോലും
താവിത്തെളിയുന്നിതുന്മേഷകാന്തി.
സംഗീതസാഹിതീഭംഗിയിണങ്ങി
ശൃംഗാരകല്ലോലമാലകൾ തിങ്ങി
എന്തൊരുകാന്തിക്കുളിർമ്മവീശുന്നു
സൗന്ദര്യസാന്ദ്രമാം നിൻമിഴി രണ്ടും!!
വാർമെത്തും പൂന്തൊത്തു പൂത്തുല്ലസിക്കും
വാസന്തികാരാമമെന്നതുപോലെ
ലോഭനീയാഭാപരമ്പരാലോലം
സൗഭഗം തൂകുന്നു നിൻമുഖം ഭദ്രേ!
മുത്തും പവിഴവും രത്നവും മിന്നും
മുഗ്ദ്ധാംബുധിതന്നടിത്തറപോലെ
പ്രേമപ്രസന്നമായ് കാന്തിത്തഴപ്പാ–
ർന്നോമനേ, നിൻമനം പ്രോല്ലസിക്കുന്നു.

ഓരോരോ കാൽത്തളിർ വെയ്പിലും കാണു–
ന്നാരോമലേ, നിന്റെ ലാവണ്യപൂരം.
ശ്യാമളേ, നിൻകടക്കണ്ണുകളേൽക്കെ
മാമകാത്മാവിന്നടിത്തട്ടിൽനിന്നും
ആയിരമായിരം കാവ്യാങ്കുരങ്ങ–
ളാലോലശോഭമുദിച്ചുപൊന്തുന്നു.
പൂരിതരാഗം പുലരൊളിയേൽക്കെ
പൂമൊട്ടുപൊട്ടി വിരിയുന്നപോലെ,
മായുകില്ലാമനോമോഹനമാകും
മാധുരീസാരമെൻ ചേതസ്സിൽനിന്നും.
നീ കല്പവല്ലിപോലെന്നുൾത്തടത്തി–
ലാകല്പകാലവും ഭാസിച്ചുനിൽക്കും.
തേൻതുളുമ്പുന്നൊരു പൂവിനെപ്പോലെ
സൗന്ദര്യധാര നീ തൂകുന്നു ലോലേ!
വേണുനാദാമൃതധാരയെന്നോണം
പ്രാണസുഖമരുളുന്നു നീ ബാലേ!
നിൻനവയൗവനത്തൂമലർക്കാവിൽ
നിർമ്മലേ, നിൻപ്രേമപ്പൂവെണ്ണിലാവിൽ
ആമഗ്നനാവുകിലിന്നുഞാൻ നേട്ട–
മോമനേ, യെൻജീവിതോത്സവമെല്ലാം.

---

* ആൾഇൻഡ്യാ റേഡിയോ (തിരുവനന്ത പുരം) അധികൃതരുടെ അനുവാദത്തോടുകൂടി.

# ഗ്രന്ഥശാലകളുടെ കർത്തവ്യം

## വി. എസ്. ബി. പിള്ള, കൽക്കത്ത

മിക്കഗ്രന്ഥശാലകളും അവയുടെ ഗ്രന്ഥസംഖ്യ വർദ്ധിപ്പിക്കുന്നതിൽ വ്യഗ്രത പ്രദർശിപ്പിക്കുന്നവയാണു്. അവയിൽ മുക്കാൽ പങ്കു ഗ്രന്ഥങ്ങളും നിത്യോപയോഗത്തിൽ വരുന്നില്ലെന്നു മാത്രമല്ല നല്ലൊരംശം വെളിച്ചം കാണാതെ കഴിയുകയും ചെയ്യുന്നുണ്ടു്. തുച്ഛമായ ഒരംശംമാത്രമാണു് നിത്യോപയോഗത്തിൽ വരുന്നതു്.

ഇന്നത്തെ സാധാരണ ചുററുപാടിൽ അസാധാരണ ധനസമ്പാദ്യങ്ങൾ ഉള്ള ഒരാൾ മാന്യനാണു്. ഒരു കോടീശ്വരൻ ഒരു ജനസമൂഹത്തെ അഭിമുഖീകരിക്കുന്നെങ്കിൽ അവർ അദ്ദേഹത്തെ ബഹുമാനിക്കുന്നു. തീർച്ചയായും ആ ബഹുമാനം അദ്ദേഹം എന്തുനൽകുന്നുവെന്നുള്ളതിനെ ആശ്രയിച്ചല്ല, അദ്ദേഹത്തിനു് എന്തുണ്ടു് എന്നതിനെ ആശ്രയിച്ചാണു്. അതുപോലെ തന്നെയാണു് ഇന്നത്തെ ഗ്രന്ഥശാലയുടെ കാര്യവും. ഗ്രന്ഥശാല ജനതയ്ക്കു എന്തു നൽകുന്നു എന്നതിനെ ആശ്രയിച്ചല്ല അതിന്റെ മാന്യത കണക്കാക്കുന്നതു്. പിന്നെയോ, ആ ഗ്രന്ഥശാല എന്തുൾക്കൊള്ളുന്നു എന്നതിനെ ആശ്രയിച്ചാണു്. ഗ്രന്ഥശാലയുടെ സ്വത്തു്, ഗ്രന്ഥങ്ങളായും മററുപകരണങ്ങളായും കണക്കാക്കിയിട്ടാണു് അതിന്റെ വലുപ്പം നിർണ്ണയിക്കുന്നതു്.

ഭാഷയിൽ പദങ്ങൾക്കു് വിഭിന്നങ്ങളായ രണ്ടു ഭണ്ഡാഗാരങ്ങളുണ്ടു്; ഒന്നു് നിഘണ്ടു; മറേറതു് അതിന്റെ സാഹിത്യം. രണ്ടും തുല്യപ്രധാനങ്ങളെന്നു പറഞ്ഞുകൂടാ. ഭാഷയിലെ എല്ലാപദങ്ങളും, അപൂർവ്വങ്ങളും നിത്യോപയോഗത്തിലുള്ളവയുമെല്ലാം ഉൾപ്പെടെ ശേഖരിച്ചു് ക്രമീകരിച്ചുവച്ചിട്ടുള്ള നിഘണ്ടുവിനു് തീർച്ചയായും അതിന്റേതായ വിലയുണ്ടു്. എന്നാൽ കൂടുതൽ ഉപയോഗപ്രദവും സാധാരണ ഉപയോഗത്തിലുള്ളവയുമായ പദങ്ങൾ ഉൾക്കൊള്ളുന്ന സാഹിത്യത്തിനാണു് പ്രാധാന്യം കല്പിക്കേണ്ടതും കല്പിക്കുന്നതും. ഇതേ പരമാർത്ഥം ഗ്രന്ഥശാലയുടെ കാര്യത്തിലും ശരിയാണു്. നിത്യോപയോഗത്തിൽ വരുന്നില്ലെങ്കിലും ഗ്രന്ഥശാലകളുടെ അലമാരകളിൽ അട്ടിയട്ടിയായി അടങ്ങിയിരിക്കുന്ന ഗ്രന്ഥങ്ങൾക്കു് അവയുടേതായ പ്രാധാന്യമുണ്ടു്. പക്ഷേ നിത്യോപയോഗത്തിലിരിക്കുന്നവ എണ്ണത്തിൽ കുറവാണെങ്കിൽ തന്നെയും അവ നിത്യോപയോഗത്തിലിരിക്കുന്നുവെന്ന കാരണത്തിൻ പേരിൽതന്നെ കൂടുതൽ മേന്മ അർഹിക്കുന്നുണ്ടു്. അതുകൊണ്ടു് ഗ്രന്ഥങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുള്ള വ്യഗ്രത പ്രദർശിപ്പിക്കുന്നതോടൊപ്പം തന്നെ, കൂടുതൽ കൂടുതൽ ഗ്രന്ഥങ്ങൾ ഉപയോഗത്തിൽ വരുത്തുന്നതിനുള്ള വ്യഗ്രതയും ആശാസ്യമാണു്. രണ്ടാമത്തേതു് കൂടുതൽ ശ്രദ്ധിക്കേണ്ട കാര്യമാണൊന്നുമാത്രം.

വായിക്കാനുള്ള ആഗ്രഹവും അഭിരുചിയും സാധാരണക്കാർക്കു അധികമായുണ്ടായെന്നുവരില്ല. വായിക്കുന്ന വിഭാഗത്തിൽതന്നെ നല്ലൊരംശം ദിനപത്രങ്ങളും ഏറിയാൽ ചില നോവലും ചെറുകഥകളും കൊണ്ടുമാത്രം തൃപ്തിപ്പെടുന്നവയുമാണു്. ഇന്നത്തെ നിലപാടിൽ ഒരു ഗ്രന്ഥശാല

യിലെ ഗ്രന്ഥങ്ങൾ വേണ്ടവിധം ഉപയോഗത്തിൽ വരുത്തുകയെന്നുള്ളതു് അത്ര നിസ്സാരമായൊരു സംഗതിയല്ല. സാധാരണക്കാരനെ വശീകരിച്ചു്, അവനെക്കൊണ്ടു് ക്രമീകൃതവും ആശാസ്യവുമായ രീതിയിൽ ഗ്രന്ഥങ്ങൾ ഉപയോഗിപ്പിക്കുന്നതിനു് ഉള്ള കഴിവാണു്, തീർച്ചയായും ഒരു ഗ്രന്ഥശാലയുടെ മാന്യതയ്ക്കു മാനദണ്ഡമായിരിക്കേണ്ടതു്. ഒരു ഗ്രന്ഥശാല ഒരു കലവറയായിരിക്കുന്നതിലും ആശാസ്യമായിട്ടുള്ളതു് അതൊരു അതിഥിമന്ദിരമായിരിക്കുന്നതാണു്.

അപ്പോൾ തികച്ചും ഒരു ആതിഥേയന്റെ കർത്തവ്യമാണു് ഒരു ലൈബ്രേറിയനുള്ളതു്. ഗ്രന്ഥശാലയിലേക്കു ഹാർദ്ദമായി ക്ഷണിക്കുകമാത്രമല്ല സ്വീകരിച്ചുപരിചരിക്കുകൂടി ചെയ്യേണ്ടതു് അദ്ദേഹത്തിന്റെ കടമയാണു്. ഈ ക്ഷണത്തിന്റേയും സ്വീകരണത്തിന്റേയും ആസ്വാദ്യത വികസിക്കുന്തോറും ഗ്രന്ഥശാലയുടെ മാന്യത ഏറുകയും ചെയ്യുന്നു.

"ഇതാ ഞങ്ങളുടെ പുസ്തകവിവരപ്പട്ടിക. ഇഷ്ടമുള്ളതു നോക്കിയെടുത്തുകൊള്ളൂ." ഇതാണു് സാധാരണ ഗ്രന്ഥശാലയിലെ സ്വീകരണം. ഒരു തുച്ഛമായ വിഭാഗം വായനക്കാർക്കു ഈ സ്വീകരണം പോരായ്കയില്ലെങ്കിലും മറെറാരു ഭൂരിഭാഗത്തിന്റെ കഥ അവതാളത്തിലാണു്. ഗ്രന്ഥങ്ങങ്ങളുടെ പേരും ഏറിയാൽ ഗ്രന്ഥകാരന്റേയോ പ്രസിദ്ധീകരണശാലക്കാരുടേയോ പേരുംകൂടി ഉൾപ്പെടുന്ന പുസ്തകവിവരപ്പട്ടികയിൽനിന്നും വേണ്ടുംവിധം തെരഞ്ഞെടുപ്പു് നടത്താൻ സാധാരണക്കാർ അപ്രാപ്തരാണു്. അതുമൂലം പലക്കും വായിക്കേണ്ടതു് വായിക്കാൻ സാധിക്കാതെയും കൊള്ളരുതാത്തതു് വായിക്കേണ്ടതായും വന്നുകൂടുന്നുണ്ടു്. തദ്വാരാ വായിക്കാനുള്ള ആസക്തിയും ഗ്രന്ഥശാലകൊണ്ടു് അവനു് ലഭിക്കേണ്ട പ്രയോജനവും പ്രായേണ കുറഞ്ഞു വരികയേ ഉള്ളൂ. അപൂർവ്വങ്ങളും വളരെയേറെ പ്രാധാന്യമർഹിക്കുന്നവയുമായ ചില പ്രസിദ്ധീകരണങ്ങൾ ഒരു ഗ്രന്ഥശാലയിൽ ഉണ്ടെന്നിരിക്കട്ടെ. അവയെപ്പററി ചുരുക്കം ചില വിവരങ്ങൾ സാധാരണക്കാരനു് അവ വായിക്കാനാഗ്രഹം ജനിപ്പിക്കത്തക്കരീതിയിൽ എല്ലാവരുടേയും ശ്രദ്ധയിൽപ്പെടത്തക്ക രീതിയിൽ പ്രദർശിപ്പിക്കുന്നുവെങ്കിൽ ആ വക ഗ്രന്ഥങ്ങൾ ആളുകൾ എടുത്തു വായിക്കുന്നതിനുള്ള സാദ്ധ്യത വർദ്ധിക്കുന്നു. അല്ലെങ്കിൽ അവ എത്ര പ്രാമാണികങ്ങളാണെങ്കിൽത്തന്നെയും സാധാരണക്കാരന്റെ ദൃഷ്ടിയിൽ പെട്ടെന്നുവരില്ല.

ഒരു ലൈബ്രേറിയനു് സ്വാധീനത്തിലുള്ള ഗ്രന്ഥങ്ങളെപ്പററി സംക്ഷിപ്തമെങ്കിലും സാമാന്യമായ ഒരറിവുണ്ടായിരിക്കേണ്ടതു് ആവശ്യമാണു്. വായനക്കാരന്റെ അഭിരുചി മനസ്സിലാക്കി പുസ്തകം തെരഞ്ഞെടുക്കുന്നതിൽ അവനെ സഹായിക്കേണ്ടതു് അദ്ദേഹത്തിന്റെ കടമയാണു്. ഗ്രന്ഥങ്ങളിലേക്കു വേണ്ടവിധം വായനക്കാരുടെ ശ്രദ്ധയെ ക്ഷണിക്കുന്നതിനും അങ്ങിനെ ഗ്രന്ഥശാലയുടെ ശരിയായ പ്രയോജനം സാധിക്കുന്നതിനും ഗ്രന്ഥശാലയിലെ ഗ്രന്ഥങ്ങളുമായി ലൈബ്രേറിയനു ഏതാണ്ടൊരു പരിചയം കൂടിയേതീരൂ. എന്നാൽ വളരെയധികം ഗ്രന്ഥങ്ങൾ ഉൾക്കൊള്ളുന്ന ഒരു ഗ്രന്ഥശാലയുടെ ഭാരവാഹിക്കു് തീർച്ചയായും ഈ പരിചയം അത്ര എളുപ്പമല്ല. അങ്ങനെ ഗ്രന്ഥസമ്പത്തു് വർദ്ധിക്കുന്തോറും അതിന്റെ പ്രയോജനം താരതമ്യേന കുറയുകയാണു് ചെയ്യുന്നതു്. ഒരതിഥിമന്ദിരത്തിന്റെ നിലപാടിൽ

നിന്നും ഒരു കലവറയുടെ നിലപാടിലേക്കു് ഗ്രന്ഥശാല നീങ്ങുകയും ചെയ്യുന്നു.

വളരെയേറെ ഗ്രന്ഥങ്ങൾ ശേഖരിച്ചു വയ്ക്കുകയും അവ വേണ്ടവിധത്തിൽ ഉപയോഗിക്കപ്പെടാതിരിക്കുകയും ചെയ്യുന്നതിലും ആശാസ്യമായിട്ടുള്ളതു് എണ്ണം കുറെ കുറഞ്ഞാലും അവ വേണ്ടവിധം ഉപയോഗിക്കപ്പെടുന്നതാണു്. നാനാവിഷയങ്ങളെക്കുറിച്ചും തെരഞ്ഞെടുക്കപ്പെട്ട കുറെ ഗ്രന്ഥങ്ങൾമാത്രം ഉണ്ടായിരിക്കുക, അവയെപ്പറ്റി സാമാന്യജ്ഞാനമെങ്കിലും ഉള്ള ഒരു ലൈബ്രേറിയനുമുണ്ടായിരിക്കുക, ഇതാണു് ഒരു ഗ്രന്ഥശാലയുടെ മിതമായ ആവശ്യങ്ങൾ.

കൂടുതൽ കൂടുതൽ അംഗങ്ങളെ ചേർക്കുന്നതിനു് ഗ്രന്ഥശാലകൾ ശ്രദ്ധിക്കാറുണ്ടെങ്കിലും അംഗങ്ങളെക്കൊണ്ടു് കൂടുതൽ വായിപ്പിക്കുന്നതിൽ അധികമാരും ശ്രമിക്കാറില്ല. അഞ്ഞൂറോ ആയിരമോ ഗ്രന്ഥങ്ങളുള്ള നമ്മുടെ നാട്ടിലെ ഒരു ഗ്രന്ഥശാലയിൽ തീർച്ചയായും ദിവസംപ്രതി വിതരണം നടക്കുന്ന ഗ്രന്ഥങ്ങളുടെ സംഖ്യ അമ്പതിനോടടുത്താൽ ഭാഗ്യമെന്നേ പറയേണ്ടു. ഇതുതന്നെ വളരെ ചുരുക്കം ഗ്രന്ഥശാലകളിൽമാത്രം. ഈ നില മാറണം. ഗ്രന്ഥശാലകളുടെ എണ്ണവും വണ്ണവും വർദ്ധിപ്പിക്കുന്നതിൽ ചെലുത്തുന്നതിനേക്കാൾ കൂടുതൽശ്രദ്ധ, ഉള്ളവ വേണ്ടവിധം പ്രവർത്തനം നടത്തുന്നതിനുള്ള സാദ്ധ്യതകൾ വർദ്ധിക്കുന്നതിൽ ചെലുത്തേണ്ടിയിരിക്കുന്നു.

---

നമ്മുടെ തലയിൽ എത്ര മുടിയുണ്ടെന്നു് ആരെങ്കിലും പരീക്ഷിച്ചിട്ടുണ്ടോ? ഇല്ല. അരോഗദൃഢഗാത്രനായ ഒരാളുടെ തലയിൽ പതിന്നാലയിരത്തിലധികം മുടിയിഴകൾ കാണുമെന്നാണു കണക്കു്. പുരാതനകാലത്തു് ചൈനക്കാരും ജപ്പാൻകാരും മുടികൊണ്ടുള്ള കയറുപിരിക്കൽ ഒരു കുടിൽവ്യവസായമായി നടത്തിയിരുന്നു എന്നു് അറിവായിട്ടുണ്ടു്. ഈ വിധത്തിൽ പിരിച്ചെടുത്ത, അനേകം അടി നീളവും ഏകദേശം രണ്ടു ടൺ ഭാരവും ഉള്ള ഒരു 'മുടിവടം' ബ്രിട്ടനിലെ കാട്ടമ്പോംഗ്ലാവിൽ സൂക്ഷിച്ചുവരുന്നു.

# പഴയകാലങ്ങളിലെ പലിശക്രമം

ചെന്നിത്തല കൃഷ്ണയ്യർ

പ്രാചീനഭാരതത്തിലെ ഗ്രാമീണക്കു ഭൂമിയിൽനിന്നു ലഭിച്ചുവന്ന ആദായം തങ്ങളുടെ ആവശ്യങ്ങൾക്കു മതിയായിരുന്നു. പ്രകൃതിദത്തമായ സുഭിക്ഷം നിമിത്തം സമാധാനപരവും സൗഭാഗ്യപൂർണ്ണവുമായ ജീവിതമാണു് അവർ നയിച്ചുവന്നതു്. അവൎക്കു മൂലധനം ആവശ്യകമായിരുന്നില്ല. എന്നാൽ, കൃഷിപ്പിഴ, അഗ്നിബാധ, വെള്ളപ്പൊക്കം, സാംക്രമികരോഗങ്ങൾ എന്നിവ നിമിത്തം ചിലപ്പോൾ കർഷകൻെറ നില ശോചനീയമായിത്തീൎന്നിരുന്നു. അപ്പോൾ അയാളെ സഹായിക്കേണ്ടതു സ്റ്റേറ്റിൻെറ ധർമ്മമായിരുന്നു. മേല്പറഞ്ഞ വിഷമാവസ്ഥകളിൽ കർഷകന്മാൎക്കു സ്റ്റേറ്റിൽനിന്നു വായ്പകൾ നല്കിവന്നതായി മഹാഭാരതത്തിൽനിന്നു വെളിവാകുന്നുണ്ടു്. സഭാപൎവ്വത്തിൽ നാരദൻ യുധിഷ്ഠിരനോടു ചോദിക്കുന്നതു നോക്കുക;—"ചതുർഭാഗംമാത്രം കൂടുതൽ എടുത്തുകൊണ്ടു നീ കൃഷിക്കാൎക്കു വായ്പ നല്കുന്നുണ്ടോ?" പരിഷ്കാരത്തിൻെറ പ്രാരംഭഘട്ടത്തിൽപ്പോലും ഭാരതീയർ സ്വദേശീയരും വിദേശീയരുമായി വാണിജ്യവൃത്തിയിൽ വ്യാപൃതരായിരുന്നു എന്നുള്ളതിനു ധാരാളം തെളിവുകളുണ്ടു്. ചില വൻപിച്ച നഗരങ്ങളിലെ വലിയ വണിക്കുകൾ വായ്പസംബന്ധിച്ചു പരസ്പരം കത്തുകൾ അയച്ചുവന്നതായി പ്രൊഫസർ റൈസ്ഡേവിഡ്സ് (Prof Rhys Davids) 'ബുഡിസ്റ്റ് ഇൻഡ്യ' (Buddhist India) എന്ന തൻെറ ഗ്രന്ഥത്തിൽ പ്രസ്താവിച്ചിരിക്കുന്നു. ഇതിൽനിന്നു് പലിശയ്ക്കു പണം കടംകൊടുക്കുന്ന ഏർപ്പാടു വാണിജ്യകേന്ദ്രങ്ങളിൽ സാധാരണമായിരുന്നുവെന്നു മനസ്സിലാക്കാം. വായ്പയ്ക്കുള്ള പലിശക്രമങ്ങളേയും, കടമിടപാടുകളേയുംപറ്റി അൎത്ഥശാസ്ത്രങ്ങളിലും ധൎമ്മശാസ്ത്രങ്ങളിലും സവിസ്തരം പ്രതിപാദിച്ചിട്ടുണ്ടു്.

യൂറോപ്പിൽ മദ്ധ്യകാലങ്ങളിൽ അമിതമായ പലിശ വാങ്ങുന്നതു് അധർമ്മമായി വിചാരിക്കപ്പെട്ടുവന്നു. ഈ നിലതന്നെയാണു പുരാതനഭാരതത്തിലുമുണ്ടായിരുന്നതു്. ആദായം ഉദ്ദേശിച്ചു് അന്യായപ്പലിശയ്ക്കു പണം കടംകൊടുക്കുന്നവൻ പാപിയാണെന്നു മനുസ്മൃതിയിൽ പറഞ്ഞിട്ടുണ്ടു്. ഒരുപക്ഷേ, തൻെറ കാലത്തു പ്രചാരത്തിലിരുന്ന ഈ മനുസ്മൃതിവചനത്തെ ആസ്പദമാക്കിയായിരിക്കണം, പ്രാചീനഭാരതീയർ പലിശയ്ക്കു പണം കടംകൊടുക്കുകയോ, വാങ്ങിക്കുകയോ ചെയ്തിരുന്നില്ലെന്നു മെഗസ്തനീസ് പ്രസ്താവിച്ചിട്ടുള്ളതു്. മെഗസ്തനീസിൻെറ ഈ പ്രസ്താവന ശരിയാണെന്നു തോന്നുന്നില്ല. എന്തെന്നാൽ, ന്യായ്യമായും അന്യായമായുമുള്ള പലിശക്രമങ്ങളെ സംബന്ധിച്ച നിയമങ്ങൾ മെഗസ്തനീസിൻെറ കാലത്തുണ്ടായിട്ടുള്ള—മുൻകാലത്തുണ്ടായിട്ടുള്ളവ പോകട്ടെ—നിബന്ധങ്ങളിൽ കാണുന്നുണ്ടു്; മിതമായ പലിശ വാങ്ങാൻ അവ അനുവദിക്കുന്നുമുണ്ടു്.

വിഷയസ്വഭാവമനുസരിച്ച് പലിശക്രമം വ്യത്യാസപ്പെട്ടിരുന്നു. എങ്കിലും നീതിയും മര്യാദയും ഏതവിഷയത്തിൽ വിസ്മരിക്കപ്പെട്ടിരുന്നില്ല. അന്യായപ്പലിശ ആക്കും അവകാശപ്പെടാൻ പാടില്ലായിരുന്നു. ഒരു ബ്രഹ്മഹത്യാകാരനേയും അന്യായപ്പലിശ വാങ്ങിക്കുന്നവനേയും ഒരു ത്രാസ്സിന്റെ രണ്ടു തട്ടുകളിലിരുത്തിയാൽ അന്യായപ്പലിശക്കാരന്റെ തട്ടു താണുപോകുന്നതായിക്കാണാം എന്നു ബോധായനനും വസിഷ്ഠനും മനുവും പറയുന്നു. സ്റ്റോറിൽനിന്നു പലിശ, ക്രമപ്പെടുത്തുകയും, അന്യായപ്പലിശ നിരോധിക്കുകയും ചെയ്തിരുന്നു എന്നുള്ളതു പ്രകൃതത്തിൽ സ്മരണീയമാണ്. ന്യായ്യമായ പലിശനിരക്കിൽ കൂടുതൽ വാങ്ങിക്കുകയോ, വാങ്ങിക്കാൻ കാരണഭൂതനാകുകയോ ചെയ്യുന്ന ഒരു വ്യക്തി കഠിനമായ ശിക്ഷ (പ്രായശ്ചിത്തം) യ്ക്കു വിധേയനാകുന്നതാണെന്നു കൗടല്യന്റെ അത്ഥശാസ്ത്രത്തിൽ പറഞ്ഞിരിക്കുന്നു. കൂടാതെ മേല്പറഞ്ഞ വിധത്തിലുള്ള നിയമവിരുദ്ധമായ ഇടപാടിൽ സാക്ഷികളായിട്ടുള്ളവർ മേൽ സൂചിപ്പിച്ച പ്രായശ്ചിത്തത്തിന്റെ അദ്ധാംശം കൊടുക്കേണ്ടതാണെന്നും അത്ഥശാസ്ത്രത്തിൽ വിധിച്ചിട്ടുണ്ട്. ഉത്തമർണ്ണൻ വ്യവഹാരപ്പെട്ടാലും, ന്യായ്യമായ പലിശയല്ലാതെ, അയാൾ വ്യവസ്ഥ ചെയ്തിട്ടുള്ള കൂടുതൽ പലിശ കോടതിയിൽനിന്നു വിധിച്ചു കിട്ടുന്നതല്ലെന്നു മനുസ്മൃതിയിൽ കാണുന്നു. ഒരു ഉത്തമർണ്ണന് ആവശ്യപ്പെടാവുന്ന ഏററവും കൂടുതൽ പലിശ പ്രതിമാസം അഞ്ചുശതമാനമാണെന്നാകുന്നു ഗൗതമനും മനുവും നിർദ്ദേശിച്ചിട്ടുള്ളതു്.

ഏതു സാധനംമൂലമാണോ ഇടപാടു നടന്നതു് ആ സാധനമാണു പ്രായേണ പലിശയായി കൊടുക്കപ്പെട്ടുവന്നതു്. ധാന്യത്തിനു ധാന്യവും, നാല്ക്കാലിക്കു നാല്ക്കാലിയും, പണത്തിനു പണവുമായിരുന്നു പലിശ. പണത്തിനു ധാന്യമോ മററുപദാത്ഥങ്ങളോ പലിശയായി കൊടുക്കുന്ന പതിവും ഇല്ലാതിരുന്നില്ല. അങ്ങനെയാകുമ്പോൾ പലിശയായി കൊടുക്കുന്ന ധാന്യത്തിന്റെ വില കണക്കാക്കിയാൽ മുതലിന്റെ പകുതിയിൽ കൂടാൻ പാടില്ലെന്നു കൗടല്യൻ അനുശാസിക്കുന്നുണ്ട്. കടംകൊടുത്ത മുതലിനു് ആനുപാതികമായിട്ടാണു പലിശ കണക്കാക്കിവന്നതെന്നു യാജ്ഞവൽക്യൻ പറയുന്നു. യാജ്ഞവൽക്യൻ, മനു, കൗടല്യൻ എന്നിവരുടെ മതമനുസരിച്ചു പ്രതിമാസം $1\frac{1}{4}$ ശതമാനമാകുന്നു ന്യായ്യമായ പലിശക്രമം. പലിശ, പ്രതിവഷമല്ല, പ്രതിമാസമാണു കണക്കാക്കിവന്നതു്; എന്നാൽ പണ്ടിടപാടുകളിൽ മാത്രം അപൂവ്വമായി പ്രതിവഷം പലിശ കണക്കാക്കിയിരുന്നു. ഭൂമി, കന്നുകാലികൾ മുതലായവരയും അടിമകളേയും ഈടുവാങ്ങിച്ചുകൊണ്ടു പണം കടംകൊടുക്കുമ്പോൾ ഉത്തമർണ്ണൻ പലിശ അവകാശപ്പെടാൻ പാടില്ലെന്നു മനു വിധിക്കുന്നു; ഈ ഇനങ്ങളിൽനിന്ന് അവനു് ആദായം ലഭിക്കുന്നതാണല്ലൊ.

പലതരത്തിലുള്ള പലിശക്രമം കാണുന്നുണ്ട്. ഹ്രസ്വകാലത്തേക്കുള്ള പലിശക്രമം, ദീർഘകാലത്തേക്കുള്ളതിൽനിന്നു വ്യത്യസ്തമാണെന്നു ഗൗതമനും മനുവും പറയുന്നു. കായികം, കാരിതം, കാലവൃദ്ധി, ചക്രവൃദ്ധി, ഭോഗലാഭം എന്നിങ്ങനെ അഞ്ചുവിധത്തിലുണ്ട് പലിശ. പണയം വയ്ക്കപ്പെട്ട ഒരു അടിമയുടേയൊ ജന്തുവിന്റേയൊ ദേഹപ്രയത്നംമൂലം തീർക്കേണ്ട പലിശ കായികവും, മുതൽ ഇരട്ടിയായതിനുശേഷവും അധമണ്ണന്റെ സമ്മതമനുസ

രിച്ചു കണക്കാക്കുന്ന ന്യായരഹിതമായ പലിശ,കാരിതവും, പണമിടപാടിൽ മുതലിന്റെ ഇരട്ടിയിൽ കവിയുന്നതും, വസ്തുവകകളോ, ഗൃഹ്യജന്തുക്കളോ ആണെങ്കിൽ അഞ്ചിരട്ടിയിൽ അധികമാകുന്നതും കാലവൃദ്ധിയും, കൂട്ടപലിശ (പലിശയ്ക്കു പലിശ) ചക്രവൃദ്ധിയും, ആദായം ലഭിക്കുന്നതു ഭോഗലാഭവുമാകുന്നു.

പലിശനിരക്കു നിർണ്ണയിക്കുന്നതിൽ ഒരു ഉപാധിയായിരുന്നു കാലപരിമാണം. വായ്പ ഒരു സംവത്സരത്തിലധികം കാലത്തേക്കാണെങ്കിൽ പലിശനിരക്കു പ്രതിമാസം അഞ്ചുശതമാനമാകാമെന്നാകുന്നു ചില പ്രാമാണികന്മാരുടെ മതമെന്നു ഗൗതമസ്മൃതിയിൽ പ്രതിപാദിച്ചിരിക്കുന്നു. പണം അധമർണ്ണന്റെ കൈവശം കൂടുതൽ കാലത്തേക്ക് ഇരിക്കുകയാണെങ്കിൽ പലിശക്രമവും കൂടുതലായിരിക്കുമെന്ന് ഇതിൽനിന്നു സിദ്ധിക്കുന്നു.

ഇടപാടിന്റെ അപായനില അനുസരിച്ചും പലിശക്രമം വ്യത്യാസപ്പെട്ടിരുന്നു. വനം, കടൽ ഇവയുടെ വിഷയത്തിൽ പലിശക്രമം പ്രതിമാസം യഥാക്രമം പത്തു ശതമാനവും ഇരുപതു ശതമാനവും ആകാമെന്നു യാജ്ഞവൽക്യനും കൗടല്യനും പറയുന്നു. ഭീമമായ നഷ്ടം നേരിടാനിടയുള്ള രണ്ടു വിഷയങ്ങളാണല്ലോ വനവും കടലും. പ്രത്യേകിച്ചു കടലിന്റെ വിഷയത്തിൽ, യാനപാത്രങ്ങൾ മുങ്ങിപ്പോകുകയോ, കടൽയാത്ര നിന്നുപോകുകയോ ചെയ്യുന്നപക്ഷം മുതൽ ഈടാക്കാൻ യാതൊരു മാർഗ്ഗവുമില്ല ; അതിനാൽ ആവശ്യപ്പെടുന്നപലിശ, മുതൽ കൂടി അടയത്തക്കവണ്ണമുള്ളതായിരുന്നു. മേല്പറഞ്ഞ വിധത്തിൽ അപായം സംഭവിക്കാവുന്ന വിഷയങ്ങളിൽ ചിലപ്പോൾ മുതൽകൂടി നഷ്ടമാകാൻ ഇടയുള്ളതുകൊണ്ട് വെറും പലിശയെ മാത്രം മോഹിച്ച് പണം കടംകൊടുത്തുപോകരുതെന്നു ശുക്രനീതിയിൽ പറഞ്ഞിരിക്കുന്നു.

പണം കടം വാങ്ങിക്കുന്നതിനുള്ള പലിശക്രമമല്ല, മററുസാധനങ്ങളുടേയും വളർത്തുമൃഗങ്ങളുടേയും വിഷയത്തിലുണ്ടായിരുന്നതു്. പശു, എരുമ മുതലായ വളർത്തുമൃഗങ്ങളുടെ വിഷയത്തിൽ ഒരു കുട്ടി (കന്നു്) യെ പലിശയായികൊടുക്കേണ്ടതാണെന്നും, നെയ്യ്, എണ്ണ മുതലായ ദ്രവപദാർത്ഥങ്ങൾക്കു പലിശ എട്ടിരട്ടിയും, വസ്ത്രം, ധാന്യം, സ്വർണ്ണം ഇവയ്ക്കു പലിശ യഥാക്രമം നാലിരട്ടിയും മൂന്നിരട്ടിയും രണ്ടിരട്ടിയും ആയിരിക്കണമെന്നും സ്മൃതികളിൽ വിധിച്ചിട്ടുള്ളതായി യാജ്ഞവൽക്യൻ പറയുന്നു. പണമിടപാടുകളിൽ പ്രതിമാസമുള്ള പലിശ ഒരിക്കലും മുതലിന്റെ $\frac{1}{80}$ ഭാഗത്തിൽ കവിയാൻ പാടില്ലെന്നു ഗൗതമനും മനുവും വിധിച്ചിരിക്കുന്നു. വസ്തുക്കൾ ഈടുണ്ടെങ്കിൽ ഉത്തമർണ്ണനു തന്റെ മുതലിനെപ്പററി ഭയപ്പെടേണ്ട ആവശ്യമില്ല; ഇത്തരമിടപാടുകളിൽ പലിശനിരക്ക് $1\frac{1}{4}$ ശതമാനം മാത്രമേ ആയിരുന്നുള്ളു. പണയം കൂടാതെയുള്ള ഇടപാടുകളിൽ പലിശനിരക്കു കൂടുതലായിരുന്നു; ഇവിടെ ഉത്തമർണ്ണനു നഷ്ടം സംഭവിക്കാനിടയുണ്ടല്ലൊ.

പലിശക്രമം നിർണ്ണയിക്കുന്നതിൽ അധമർണ്ണന്റെ വ്യക്തിപരമായ പരിഗണനയ്ക്കു കൂടി പ്രാധാന്യം കല്പിച്ചിരുന്നു. ഒരു സുഹൃത്തിനു പലിശ കൂടാതെതന്നെ പണം കടം കൊടുക്കാമെന്നാണു ശുക്രനീതിയിൽ കാണുന്നതു്.

അധമർണ്ണനു നല്ല ആദായം ലഭിക്കുന്ന എതെങ്കിലും തൊഴിലിനായിട്ടാണു പണം കടം വാങ്ങിക്കുന്നതെങ്കിൽ അവൻ കൂടുതൽ പലിശകൊടുക്കേണ്ടിയിരുന്നു. വാണിജ

പരമായ ഇടപാടുകൾക്കാണെങ്കിൽ പ്രതിമാസം അഞ്ചുശതമാനം പലിശ ആവശ്യപ്പെടാമെന്നു കൗടല്യൻ പറയുന്നുണ്ടു്; വാണിജ്യം ആദായകരമായ ഒരു വൃത്തിയാണല്ലൊ: അധമർണ്ണന്നു് ആദായം ലഭിക്കാനിടയുള്ള ഇടപാടുകളിൽ ഉത്തമർണ്ണന്നു ലാഭത്തിന്റെ ഒരംശം പ്രതീക്ഷിക്കാൻ ന്യായമുണ്ടു്.

അധമർണ്ണന്റെ ജാതിക്രമമനുസരിച്ചു പലിശനിരക്കും വ്യത്യാസപ്പെട്ടിരുന്നു. വർണ്ണവ്യത്യാസമനുസരിച്ചു്, പ്രതിമാസം നൂററിനു രണ്ടു്, മൂന്നു്, നാലു്, അഞ്ചു് എന്നീ ക്രമത്തിനു പലിശ വാങ്ങിക്കാമെന്നു മനുവും യാജ്ഞവൽക്യനും വസിഷ്ഠനും പ്രസ്താവിച്ചിട്ടുണ്ടു്; ഈ അഭിപ്രായം തന്നെയാണു് എല്ലാ സ്മൃതികാരന്മാക്കുമുള്ളതു്. ബ്രാഹ്മണൻ ക്ഷത്രിയനെക്കാളും, ക്ഷത്രിയൻ വൈശ്യനെക്കാളും, വൈശ്യൻ ശൂദ്രനെക്കാളും വിശ്വസനീയനാണെന്നു വിചാരിക്കപ്പെട്ടുവന്നു. പക്ഷേ, കൗടല്യപ്രമുഖന്മാരായ അർത്ഥശാസ്ത്രകാരന്മാർ ഏതാദൃശമായ ഒരു വ്യത്യാസം ഉദ്ഭാവനം ചെയ്യുന്നില്ല; പലിശനിരക്കിന്റെ ന്യൂനാതിരേകം ഒരു വ്യക്തിയുടെ ജാതിയെയല്ല, പ്രത്യുത, സമുദായത്തിൽ അയാൾക്കുള്ള സ്ഥാനത്തെയാണു് ആശ്രയിച്ചിരിക്കുന്നതെന്നാകുന്നു അവരുടെമതം.

അധമർണ്ണൻ പണം തിരിയെ കൊടുത്താലുടൻ ഉത്തമർണ്ണൻ വാങ്ങിച്ചു കൊള്ളേണ്ടതാണു്. പലിശ വർദ്ധിക്കണമെന്നുള്ള ഉദ്ദേശത്തിൽ വാങ്ങിക്കാൻ വിസമ്മതിക്കുന്നെങ്കിൽ അയാൾ ഒരു നല്ലതുക പ്രായശ്ചിത്തമായി കൊടുക്കണമെന്നു കൗടല്യൻ വിധിക്കുന്നു. പണം തിരിയെ കൈപ്പററാത്തതു ശരിയായ കാരണത്താലാണെങ്കിൽ, അധമർണ്ണൻ ആ തുക ഒരു മദ്ധ്യസ്ഥനെ ഏല്പിക്കേണ്ടതാണു്. മദ്ധ്യസ്ഥന്റെ കൈവശമിരിക്കുന്നിടത്തോളം കാലം അതിനു പലിശ ഉണ്ടായിരിക്കുന്നതല്ല.

പണമിടപാടിൽ ഒരിക്കൽ കൊടുക്കുന്ന പലിശ, മുതലിന്റെ ഇരട്ടിയിൽ കവിയാൻ പാടില്ലെന്നു യാജ്ഞവൽക്യൻ പറയുന്നു. ധാന്യം, ആട്ടുരോമം; കുതിര, കഴുത മുതലായവയുടെ വിഷയത്തിൽ പലിശ, മുതലിന്റെ അഞ്ചിരട്ടിയിൽ കൂടാൻ പാടില്ലെന്നു മനു, യാജ്ഞവൽക്യൻ, ഗൗതമൻ മുതലായ ശാസ്ത്രകാരന്മാർ വിധിച്ചിരിക്കുന്നു. കരാർ ചെയ്തിട്ടുള്ള കാലാവധിക്കു മുൻപു് ഉത്തമർണ്ണൻ പലിശ ആവശ്യപ്പെടാൻ പാടില്ലെന്നു നിയമമുണ്ടു്. കാലാവധിക്കുമുൻപു് പലിശ ചോദിക്കുന്നവൻ വാദവിഷയമായ തുകയുടെ നാലിരട്ടി പ്രായശ്ചിത്തം കൊടുക്കേണ്ടതാണെന്നു കൗടല്യൻ അനുശാസിക്കുന്നു. നിശ്ചിതകാലത്തിൽ ഒരു അധമർണ്ണനു പലിശകൊടുക്കാൻ തരപ്പെടുന്നില്ലെങ്കിൽ അയാൾ പ്രമാണം പുതുക്കി, കൊടുക്കാനുള്ള പലിശത്തുക അതിൽ പതിക്കേണ്ടതാണെന്നു മനു വിധിച്ചിട്ടുണ്ടു്.

# 40 വിശിഷ്ടഗ്രന്ഥങ്ങൾ

| | | | | |
|---|---|---|---|---|
| 1 | ൻറുപ്പുപ്പാക്കൊരാനേണ്ടാൻറ്—ബഷീർ | 2 | 0 | 0 |
| 2 | താലപുഷ്കരം—കുന്നത്തു ജനാർദ്ദനമേനോൻ | 1 | 4 | 0 |
| 3 | ജീവിക്കുവാൻ മറന്നുപോയ സ്ത്രീ—വെട്ടൂർ | 1 | 0 | 0 |
| 4 | ദുരന്തദുശ്ശങ്ക – കൈനിക്കര കുമാരപിള്ള | 3 | 0 | 0 |
| 5 | നടി—പി. കേശവദേവ് | 2 | 4 | 0 |
| 6 | നിലവറയിലെ അസ്ഥിപഞ്ജരം—ഡിററക്ടീവ് | 2 | 4 | 0 |
| 7 | ബറബാസ്—മേരി കോറെല്ലി | 2 | 4 | 0 |
| 8 | വിഷകന്യക—എസ്. കെ. പൊററക്കാട്ട് | 3 | 0 | 0 |
| 9 | മായാലോകം (ഡിററക്ടീവ്)—എം. എസ്. പിള്ള | 3 | 0 | 0 |
| 10 | വെറും കോവിൽ—വി. എസ്. ഖണ്ഡേക്കർ | 2 | 0 | 0 |
| 11 | വെള്ളിത്തിര അഥവാ പിഴച്ച പെണ്ണ്—കുരുവിള | 1 | 4 | 0 |
| 12 | ഗൂഢാലോചന (ഡിററക്ടീവ്)—പി. എ. വാരിയർ | 1 | 0 | 0 |
| 13 | മരണത്തിൻെറ പരാജയം—കെ. എ. അബ്ബാസ് | 1 | 4 | 0 |
| 14 | ഒരുപിടി മണ്ണ്—കാരൂർ | 1 | 4 | 0 |
| 15 | ഡെമോക്രസി—പൊൻകുന്നം വർക്കി | 2 | 4 | 0 |
| 16 | തകഴിയുടെ കഥകൾ—തകഴി ശിവശങ്കരപ്പിള്ള | 1 | 4 | 0 |
| 17 | തൊപ്പിയും തട്ടവും—എൻ. പി. മുഹമ്മദ് | 1 | 0 | 0 |
| 18 | കൊടുംകാററിൽനിന്ന്—അന്തർജ്ജനം | 1 | 4 | 0 |
| 19 | കുമ്പെടുക്കുന്ന മണ്ണ്—പി. സി. കുട്ടികൃഷ്ണൻ | 1 | 8 | 0 |
| 20 | പെൺബുദ്ധി – കെ. സരസ്വതിഅമ്മ | 1 | 8 | 0 |
| 21 | നാം കാടന്മാരാണ്—കിഷൻചന്ദർ | 1 | 0 | 0 |
| 22 | യമൻെറ മുമ്പിൽ—ഇ. എം. കോവൂർ | 1 | 8 | 0 |
| 23 | ശിഥിലഹൃദയം – ചങ്ങമ്പുഴ (കഥകൾ) | 1 | 0 | 0 |
| 24 | റാണിയുടെ പട്ടി—എം. ഗോവിന്ദൻ | 1 | 8 | 0 |
| 25 | രാജമല്ലി—എസ്. കെ. പൊററക്കാട്ട് | 2 | 8 | 0 |
| 26 | തേക്കുപാട്ട്—കാരൂർ | 1 | 8 | 0 |
| 27 | അവൻ വീണ്ടും വരുന്നു—സി. ജെ. തോമസ് | 1 | 0 | 0 |
| 28 | ബലാബലം—എൻ. കൃഷ്ണപിള്ള | 1 | 8 | 0 |
| 29 | കൂട്ടുകൃഷി—ഇടശ്ശേരി ഗോവിന്ദൻനായര് | 1 | 4 | 0 |
| 30 | വേലുത്തമ്പിദളവാ—കൈനിക്കര പത്മനാഭപിള്ള | 1 | 12 | 0 |
| 31 | ജനദ്രോഹി—ടി. എൻ. ഗോപിനാഥൻനായർ | 1 | 4 | 0 |
| 32 | ആധുനികസാഹിത്യം—എസ്. ഗുപ്തൻനായർ | 1 | 8 | 0 |
| 33 | കൈവിളക്ക്—കുട്ടികൃഷ്ണമാരാര് | 1 | 8 | 0 |
| 34 | വിചാരകൗതുകം – ഡാ. കെ. എം. ജോർജ്ജ് | 1 | 8 | 0 |
| 35 | സംസ്കാരകേദാരം—ഡാ. എസ്. കെ. നായർ | 1 | 12 | 0 |
| 36 | ശാസ്ത്രദീപ്തി—എം. ബാലരാമമേനോൻ | 1 | 4 | 0 |
| 37 | സോവിയററുനാട്—സി. അച്യുതമേനോൻ | 4 | 0 | 0 |
| 38 | ചൈനയിലെ വിപ്ലവം—കെ. ദാമോദരൻ | 2 | 4 | 0 |
| 39 | കുറെക്കൂടി നീണ്ട കവിതകൾ—എൻ. വി. കൃഷ്ണവാര്യർ | 1 | 4 | 0 |
| 40 | പൂവും കായും—(2 ഭാഗങ്ങൾ)—ഫാദർ സി. കെ. മററം | 2 | 8 | 0 |

നാഷനൽ ബുക്ക്സ്റ്റാൾ Post Box 40 കോട്ടയം

ചെറുകഥ

# "അവൾ പെണ്ണല്ലായിരുന്നെങ്കിൽ!"

## ചിറയിൻകീഴ് രാമൻനായർ

അതിഭയങ്കരമായ മഴ. മരം കോച്ചുന്ന തണുപ്പ്. കൂരിരുട്ട്. രാത്രി പുറപ്പെടുന്ന ട്രയിനിൽ ഒരു ബെഞ്ചിൽ ഞാൻ കൂനിപ്പിടഞ്ഞിരിക്കുകയാണ്. ചുറ്റും പലേ യാത്രക്കാരും. പലതവണ കൂകി വിളിച്ചുകൊണ്ട് ട്രയിൻ പുറപ്പെട്ടു. അങ്ങിനെ വെളിയിൽനിന്നും മുഴങ്ങിക്കൊണ്ടിരുന്ന കോലാഹലത്തിൽനിന്നു ഞങ്ങൾ മോചനം പ്രാപിച്ചു.

മൗനംപൂണ്ടു ഞാനങ്ങിനെ ഇരുന്നു. യാത്രക്കാർ പല വിഷയങ്ങളെക്കുറിച്ചും സംസാരിക്കുന്നുണ്ട്. ഒരു കുഞ്ഞു് ഇടയ്ക്കിടയ്ക്കു് മാതൃസ്തനങ്ങളിൽനിന്നും പിന്തിരിഞ്ഞു് അവരുടെ സംസാരത്തിൽ ശ്രദ്ധപതിപ്പിക്കുന്നു. അടുത്തു് മറെറാരു വികൃതിക്കുട്ടി കുണ്ടാമണ്ടിത്തനം കാണിക്കുന്നുണ്ട്. പലപ്പോഴും എല്ലാരുടേയും ശ്രദ്ധ അതു് അങ്ങോട്ടാകർഷിക്കുന്നു. ഒരു വൃദ്ധൻ പതിഞ്ഞ സ്വരത്തിൽ രാമനാമം ജപിക്കുകയാണ്. ഒരു കാളേജുവിദ്യാർത്ഥി ഒരുവലിയ ഇംഗ്ലീഷു പുസ്തകവും തുറന്നുവച്ചു് അതിൽത്തന്നെ ലയിച്ചിരിക്കുന്നു. രസാധിക്യംകൊണ്ടു് ഇടയ്ക്കിടയ്ക്കു് ചുണ്ടുകളാൽ ചിരി അമർത്തുന്നു.

ട്രയിൻ അതിവേഗം പാഞ്ഞു പൊയ്ക്കൊണ്ടേയിരുന്നു. അടുത്ത ട്രക്കിൽനിന്നു് ഒരു പാട്ടു് മററു ശബ്ദങ്ങളെ ഭേദിച്ചുകൊണ്ടു് പുറത്തുവന്നു. "ലോകത്തിൻ നീതിന്യായമോ ?....................." അതിൻെറ വീചികൾ ഞങ്ങളുടെ ശ്രവണേന്ദ്രിയങ്ങളിലും വന്നലയടിച്ചു. ആരോ അതിമധുരമായി പാടുകയാണ്. ആ ഗായകനെ കാണാൻ ഒരൌത്സുക്യം എല്ലാക്കുമെന്നപോലെ എനിക്കുമുണ്ടായിപ്പോയി. ഉറങ്ങിക്കിടന്ന ഹൃത്തന്ത്രികളെ തട്ടിയുണർത്തി ആ ഗാനതരംഗം ചിന്തിക്കാനും ആനന്ദിക്കാനും ഒരവസരം നൽകി. തീർച്ചയായും ആ പാട്ടുകാരൻ ഞങ്ങളുടെ ട്രക്കിലും വരും. ക്ഷമയോടേ ഞാൻ കാത്തിരുന്നു.

ഏതാനും നിമിഷങ്ങൾക്കുള്ളിൽ വണ്ടി അടുത്ത സ്റ്റേഷനിൽ എത്തിച്ചേർന്നു. അപ്പോഴും മഴ തകർക്കുന്നുണ്ടു്. ആളുകൾ ഇറങ്ങുകയും കയറുകയും ചെയ്യുന്ന കോലാഹലം ഒരാറത്തു്. മഴയത്തുനിന്നും സ്റ്റേഷനിലേക്കു് ഓടി രക്ഷപ്രാപിക്കുന്ന ആളുകളുടെ തിരക്കു് മറെറാരററത്തു്. രണ്ടു മിനിട്ടിനുള്ളിൽ വണ്ടി വീണ്ടും പുറപ്പെട്ടുകഴിഞ്ഞു. പെട്ടെന്നു് പിൻഭാഗത്തുള്ള കതകു് തുറക്കുന്ന ശബ്ദം കേൾക്കപ്പെട്ടു. അതിനിടയിൽത്തന്നെ ശ്രുതിമീട്ടുന്ന ശബ്ദവും. എനിക്കു മനസ്സിലായി, പാട്ടുകാരൻ എത്തിക്കഴിഞ്ഞുവെന്നു്. ഞാൻ കഴുത്തു മുന്നോട്ടാച്ചു് ഒന്നുനോക്കി. അപ്പോഴേക്കും മറവിൽനിന്നു അവർ എൻെറ മുമ്പിലേക്കു തന്നെ എത്തിക്കഴിഞ്ഞു.

മസൂരിക്കുത്തുകൊണ്ടു് വികൃതവും വികലവുമായ മൂന്നു മുഖങ്ങൾ! അർദ്ധനഗ്നത മറച്ചു്, മുടിയും പാറിച്ചു്, വയറും ഒട്ടി എൻെറ മുമ്പിൽ നില്ക്കുന്നു. രണ്ടാണും ഒരു പെണ്ണും. ആ കൊച്ചു പെൺകുട്ടി ആ കുരുടന്മാരെ നയിക്കാനാണ്. മസൂരിബാധയാൽ വികൃതമായ ശരീരം. ചിടപിടിച്ച മുടി ഒരററത്തു് അഴിഞ്ഞുകിടപ്പുണ്ടു്. അ

തിൽനിന്നും ജലകണങ്ങൾ ഇററിററുവീഴുന്നു. ഒരു കറുത്തിരുണ്ട പാവാട വയറിനെ അത്യധികം വരിഞ്ഞിറുക്കി ഉടുത്തിട്ടുണ്ട്. നനഞ്ഞുകുതിന്ന ആ പാവാട അവളുടെ ശരീരത്തോടു പററിച്ചേർന്ന് ഉൾച്ചൂടിനെ ഇല്ലാതാക്കുന്നുണ്ട്. പടുകുഴികളിൽപെട്ട അവളുടെ കണ്ണുകൾ ലോകത്തിനെന്തോ സന്ദേശം നൽകുന്നുവെന്ന് എനിക്കു തോന്നിപ്പോയി. കഴുത്തുനീണ്ട്, തണുപ്പുകൊണ്ടുവിറച്ച്, അവൾ സഹോദരന്മാരായ രണ്ടു കുരുടന്മാരുടെ കൈകളേയും വഹിച്ച് അകത്ത് യാത്രക്കാർക്കെല്ലാം കാണത്തക്ക വിധത്തിൽ വന്നുനിന്നു. പതിവിൻപടി കുരുടന്മാർ രണ്ടുപേരും താളമേളത്തോടെ പാടുകയാണ്. പഴയപല്ലവിതന്നെ, പക്ഷേ അത് ഹൃദയത്തിന്റെ അഗാധതയിലേക്ക് ആഞ്ഞു ചെല്ലുന്നുണ്ട്. എല്ലാവരും ശ്രദ്ധയോടുകൂടി ആ ഗാനമാധുരിയിൽലയിച്ചുകൊണ്ടേയിരിക്കുന്നു. ഒരു പാട്ടു മുഴുമിച്ച ഉടൻ ആ ചെറുപെൺകുട്ടി അകാലത്തിൽ വെട്ടിവിരിച്ച വാഴത്തടപോലെ നിർജ്ജീവമായ അവളുടെ വലത്തുകൈ ഓരോരുത്തരുടെയും മുമ്പിലേക്കു നീട്ടി. എല്ലാവരും അവരവരാൽ കഴിയുന്ന സഹായം ചെയ്യുന്നുണ്ട്.

“അവൾ ഇപ്പോൾ എന്റെ അടുത്തും വരും. എന്തുചെയ്യാനാണ്? വണ്ടിയിറങ്ങിയാൽ കടത്തു കടക്കാൻ കടത്തുകാരനായി ഒരു ചക്രം ഞാൻസൂക്ഷിച്ചുവച്ചിട്ടുണ്ട്. അതുകൊടുക്കുകയോ!” ഒരുനിമിഷം ചിന്തയിലാണ്ട് ഞാൻ കുനിഞ്ഞിരുന്നുപോയി. “സാർ! വല്ലതും”. ഞാൻ പെട്ടെന്നുഞെട്ടി. ആ ചക്രം പാക്കററിൽ നിന്നെടുത്ത് അവളുടെകയ്യിൽ ‘കിണിം’ എന്ന്ഇട്ടുകൊടുത്തു. അതുംകൂടി ആയപ്പോൾ അവളുടെ കൈ ഭാരത്താൽ താണുപോയി എന്നുതോന്നി. ‘കൊടുത്തു’ എന്ന കൃതാർത്ഥതകൊണ്ടു ചെറുപുഞ്ചിരിയും, കടത്തുകാരന്റെ ചുളിഞ്ഞമുഖത്തെപ്പററി ചിന്തിച്ചിട്ട് നിരാശയുടെ നേരിയ ഛായയും ഒരേ നിമിഷത്തിൽ എനിക്കുണ്ടായിപ്പോയി. ഞാൻ നിവർന്നു നോക്കുന്നതിനിടയ്ക്ക് കൃതാർത്ഥതയുടെ ചുമടും ചുമന്ന് അവൾ എന്റെ മുമ്പിൽ നിന്ന് പൊയ്ക്കഴിഞ്ഞിരുന്നു.

* * *

മൂന്നു നാലു കൊല്ലങ്ങൾക്കു ശേഷമാണെന്നു തോന്നുന്നു, വീണ്ടും ഞാൻ ആ കുരുടന്മാരെയും പെൺകുട്ടിയേയും കണ്ടു. കാലചക്രത്തിന്റെ തിരിച്ചിലിൽ പ്രകൃതിക്കുണ്ടായ സഹജങ്ങളായ പരിവർത്തനങ്ങൾ അവരിലും വ്യാപിച്ചിട്ടുണ്ട്. അവരുടെ പാട്ടുകളും നവീനങ്ങളാണ്; പെരുമാററങ്ങളിലും ജീവിതരീതിയിലും പുതുമ വ്യാപിച്ചിട്ടുണ്ട്.

പാടുന്ന കുരുടന്മാരെയും ആനയിച്ച് അവൾ പതിവുപോലെ വന്നുനിന്നു. കൗമാരത്തിന്റെ തുടുതുടുപ്പ് അവളുടെ മുഖത്തിന് വശീകരണശക്തി അധികം പ്രദാനംചെയ്തിരിക്കുന്നു. നോട്ടത്തിലും ഭാവത്തിലും വലുതായ പ്രത്യേകത. അവൾക്ക് ധാരാളം കാശും കിട്ടുന്നുണ്ട്. ആരും തന്നെ ആ ഗായകരുടെ രാഗമാധുരിയിൽ മുഴുകുന്നില്ല. ആസ്വാദ്യതയുടെ അടിയൊഴുക്കില്ലാഞ്ഞിട്ടല്ല, ഹൃദയതന്തുവിനെ കമ്പനംചെയ്യിക്കാൻ ആ ഗാനകല്ലോലങ്ങളുടെ അസമർത്ഥതകൊണ്ടല്ല. പക്ഷേ പേശലമായ കല്പനാശക്തി മറെറന്തിലോ അവരെ വലിച്ചിഴച്ചുകൊണ്ടു പൊയ്ക്കളഞ്ഞു.

പ്രായഭേദമെന്യേ എല്ലാവരുടെയും ശ്രദ്ധ അവളിലാണ് പതിച്ചിരിക്കുന്നത്. ഞാൻ സ്തബ്ധനായിപ്പോയി. പല ആശങ്കകളും എന്റെ ഹൃദയത്തിൽകടന്നുകൂടി.

"തോന്നിട്ടമോ കണ്ണീർ................"
അവർ പാടി.

*　　*　　*

ആ പട്ടണത്തിലെ ജനബഹുലമായ ഒരു കോണിൽ ഞാൻ ഒരു കൂട്ടുകാരനുമായി കഴിഞ്ഞ കാലങ്ങളിലെ ഇക്കിളി കൂട്ടുന്ന സ്മരണകളെ അയവിറക്കിക്കൊണ്ടു നില്ക്കുകയായിരുന്നു. കാറുകളും ബസ്സുകളും അനവരതം പാഞ്ഞുപോകുന്നുണ്ടു്. അടുത്തുള്ള പാർക്കിൽ സായന്തനവേളയിലെ ഉല്ലാസത്തിനായി അനേകം യുവതീയുവാക്കന്മാർ ബെഞ്ചുകളിലും സെററികളിലും ഇരിപ്പുറപ്പിച്ചിരിക്കുകയാണു്. വിദൂരത്തിൽനിന്നും കൊണ്ടുവന്നു വച്ചുപിടിപ്പിച്ചിട്ടുള്ള ചെടികളിൽ പൂങ്കൊത്തുകൾ വിവിധ വർണ്ണങ്ങളാൽ അലങ്കാരം ചാർത്തുന്നുണ്ടു്. മദ്ധ്യത്തു് ഒരു രാജമല്ലി മന്ദപവനനിൽ, നവോഢയെപ്പോലെ അലസമായി ചാഞ്ചാടുന്നു. പാർക്കിലെ റേഡിയോ ഏവരുടെയുംചെവികൾക്കു് ആനന്ദം നൽകിക്കൊണ്ടേയിരിക്കുന്നു. പെട്ടെന്നു് എനിക്കു് പഴയ കൂരുടന്മാരുടെ ഓർമ്മവന്നുപോയി. അവരുടെ പാട്ടുതന്നെ റേഡിയോയും ആലപിക്കുകയാണു്.

പെട്ടെന്നു് വിങ്ങിവിങ്ങിക്കരയുന്ന ഒരു കുഞ്ഞിന്റെ ഇടറിയ ശബ്ദം എന്റെ ശ്രദ്ധയെ അങ്ങോട്ടേക്കു്ആകർഷിച്ചു. ഞാൻ നോക്കി. ഒരു സ്ത്രീ കുനിഞ്ഞുകൂടി ഇരിക്കുന്നു. അടുത്തുതന്നെ ഒരു പഴന്തുണിയിൽ ഏതാനും മാസംചെന്ന ഒരു പെൺകുഞ്ഞും കിടപ്പുണ്ടു്. അതിനടുത്തു് ഒരു തുണിയിൽ ഏതാനും കാലണത്തുട്ടുകളും.

ഞാൻ നല്ലപോലെ ശ്രദ്ധിച്ചുനോക്കി. 'അതേ, അവൾതന്നെ. അഹോ! ലോകത്തിന്റെ മാററം!" ഞാനറിയാതെ പറഞ്ഞുപോയി. എനിക്കു വല്ലാത്ത ഒരു വിഷമം തോന്നി. ഇവൾക്കീസ്ഥിതി എങ്ങിനെ ഉണ്ടായി ? ആ കുരുടന്മാർ ! അശരണരായ അവരുടെ ഗതി എന്തായിരിക്കും ? അവരുടെ ഏകാധാരമായ ഇവൾ !............ പരശ്ശതം ചിന്തകൾ എന്റെ ഹൃത്തലത്തിൽ ചുഴ്ന്നുകൂടി.

സമുദായത്താൽ വെറുക്കപ്പെട്ടു് അവൾ ഒരു പുതിയ ജീവിതമാർഗ്ഗം അവലംബിച്ചിരിക്കുകയാണു് !

അവൾ ആരോടും കാശു് ആവശ്യപ്പെട്ടുന്നില്ല. ചിലപ്പോഴെല്ലാം നെടുവീർപ്പിടുന്നുണ്ടു്. അത്രമാത്രം.

മഞ്ഞളിച്ച അവളുടെ മുഖം എന്നെ വല്ലാതെ വേദനിപ്പിച്ചു. ചെഞ്ചൊടികളാൽ നൃത്തംവച്ചു് ആകർഷകങ്ങളായ കണ്ണുകളാൽ അഭിലാഷമറിയിച്ചു് പുഞ്ചിരിയാൽ കൃതാർത്ഥത പ്രകടിപ്പിച്ചു് ഇരുസഹോദരങ്ങളുടെ കൈകളും വഹിച്ചു് നടന്നിരുന്ന അവളാണോ ഈ വൃത്തികെട്ട തെരുവീഥിയിൽ ഇരിക്കുന്നതു്!

"അവൾക്കെന്തിനു ദൈവം സൗന്ദര്യം നല്കി? യൗവനത്തിന്റെ തളിർച്ചാർത്തു് അവളിൽ എന്തിനു് പടർന്നുകയറി? അവളുടെ അധരപുടങ്ങളിൽ എന്തിനു പുഞ്ചിരി പകർന്നു? ആ നേത്രയുഗളങ്ങളിൽ ആകസ്മികമായ വശീകരണശക്തി പ്രകൃതി എന്തിനു പ്രദാനം ചെയ്തു? ചിടപിടിച്ചിരുന്ന മുടി എന്തിനു കുനുകുനുത്ത വാർകുന്തലായി മാറി? അതുകൊണ്ടല്ലേ അവൾക്കീസ്ഥിതി വന്നുചേർന്നതു് ?" അനേകം ചോദ്യങ്ങൾ എന്റെ ഹൃദയപടലത്തിൽ പോരാട്ടമുണ്ടാക്കിക്കൊണ്ടേയിരുന്നു.

"അവൾ ഒരു പെണ്ണല്ലായിരുന്നെങ്കിൽ!–"
അവസാനമായി ഞാൻ പറഞ്ഞുപോയി.

# വൃത്തഗന്ധിയായ ഗദ്യം

## പി. കെ. നാരായണപിള്ള

പ്രാചീനമലയാളസാഹിത്യത്തിൽ ഏററവും നിപുണമായ ഒരു ഗദ്യശൈലി ഗണനാർഹമായ വികാസം പ്രാപിച്ചിരുന്നു എന്നുള്ള വസ്തുത പലരും ധരിച്ചിരിക്കാൻ തരമില്ല. കഥാകഥനത്തിനും പ്രബന്ധരചനയ്ക്കും, ശാസ്ത്രവിശദീകരണത്തിനും വ്യാഖ്യാനനിർമ്മിതിക്കും മററും ഗദ്യകലയെ സമർത്ഥമായ ഒരു ഉപാധിയായി പല ശതാബ്ദങ്ങൾക്കു മുമ്പുതന്നെ മലയാളികൾ ഉപയോഗിച്ചിരുന്നു. പ്രാചീനമായ ഈ ഗദ്യസാഹിത്യത്തിലെ ചുരുക്കം ചില കൃതികൾ മാത്രമേ ഇതിനകം മുദ്രിതങ്ങളായിട്ടുള്ളു. അതിനാൽ പ്രാചീനഗദ്യസാഹിത്യത്തിൻെറ പരിണാമവും അതിൽ ഉപയോഗിച്ചിരുന്ന ഗദ്യശൈലിയുടെ വികസ്വരതയും മനസ്സിലാക്കണമെങ്കിൽ പുരാതനങ്ങളായ ഹസ്തലിഖിതഗ്രന്ഥങ്ങളെ സമാശ്രയിച്ചേ മതിയാവു. പ്രാചീനമലയാളസാഹിത്യത്തെ പ്രതിനിധാനം ചെയ്യുന്ന 4000-ൽപ്പരം കൈയെഴുത്തു ഗ്രന്ഥങ്ങൾ സർവ്വകലാശാലാ മാനുസ്ക്രിപ്റ്റ്സ് ലൈബ്രറിയിൽ സഞ്ചിതങ്ങളായിട്ടുണ്ട്. ഇവയുടെ സൂചീപത്രത്തിലേക്ക് ഒന്നു കണ്ണോടിച്ചാൽ മതി, മലയാളത്തിലെ പൂർവ്വികഗദ്യസാഹിത്യത്തിൻെറ വൈപുല്യവും, വൈവിദ്ധ്യവും ഏതാണ്ടൊന്നു മനസ്സിലാക്കുവാൻ. ബഹുമുഖങ്ങളായ സരണികളിൽക്കൂടി പുരോഗതി പ്രാപിച്ച ആ ഗദ്യസാഹിത്യത്തിൻെറ ഒരു ശാഖയെപ്പററി—വൃത്തഗന്ധിയായ ഗദ്യത്തെപ്പററി—ആണ് ഇവിടെ പ്രതിപാദിക്കുവാൻ ഒരുങ്ങുന്നത്.

'വൃത്തഗന്ധിയായഗദ്യം' എന്നതുകൊണ്ടു ഞാൻ വിവക്ഷിക്കുന്നതു് നിയതമായല്ലെങ്കിലും ചില വൃത്തനിബന്ധനകളെ അനുസരിച്ചു വിരചിതമായിട്ടുള്ള ഗദ്യം എന്നാണ്. വൃത്തനിബന്ധനകൾക്കു വിധേയമല്ലാത്ത രചനാവിശേഷത്തെയാണല്ലോ നാം സാധാരണ ഗദ്യം എന്ന പദം കൊണ്ടു നിർദ്ദേശിക്കുന്നതു്. അതിനാൽ വൃത്തനിയമങ്ങളെ പൂർണ്ണമായോ അപൂർണ്ണമായോ അനുസരിക്കുന്ന കൃതികളെ പദ്യവിഭാഗത്തിൽ ഉൾപ്പെടുത്തുന്നതല്ലേ സമുചിതം എന്നു തോന്നിയേക്കാം. ഇവിടെ പ്രാചീനമലയാളത്തിലെ ഒരു വ്യവസ്ഥാവിശേഷത്തെ ചൂണ്ടിക്കാണിക്കേണ്ടിയിരിക്കുന്നു. നിഷ്കൃഷ്ട നിബന്ധനകളുള്ള സംസ്കൃതവൃത്തങ്ങളിൽ രചിക്കുന്ന കൃതികളെ മാത്രം പദ്യശാഖയിലും മററുള്ളവയെ ഗദ്യശാഖയിലും ഉൾപ്പെടുത്തി അന്നു വ്യവസ്ഥ ചെയ്തിരുന്നു. ഇതു് അനുമാനാധിഷ്ഠിതമായ ഒരഭിപ്രായമല്ല. പഴയകൃതികളിൽ തന്നെ ഇതിനെ സാധൂകരിക്കുന്ന പ്രസ്താവനകൾ കാണുവാനുണ്ട്. അതിപ്രാചീനങ്ങളായ മണിപ്രവാളകൃതികളുടെ കൂട്ടത്തിൽ 'ഉണ്ണിച്ചിരുതേവി'എന്ന നായികയെ വർണ്ണിക്കുന്ന ഒരു വിശിഷ്ടകൃതി ഇതിനകം പണ്ഡിതന്മാരുടെ ശ്രദ്ധയ്ക്കു വിഷയീഭവിച്ചിട്ടുള്ളതാണ്. വൃത്തച്ഛായയുള്ള വാക്യശൈലിയിൽ ഉടനീളം വിരചിതമായ ആ കൃതി ഗദ്യാത്മകമാണെന്നു് അതിൻെറ കർത്താവു പ്രാരംഭ പദ്യത്തിൽ അവകാശപ്പെട്ടിരിക്കുന്നു:

വിഘ്നേ വിഘ്നപ്രശാന്തിം പ്രദിശതു

പൊയിലത്തുണ്ണിയപ്പിള്ള പുത്രീം

വർണ്ണിപ്പാൻ വല്ലതാകെൻറിത മമ
തൊഴുകൈയ്യിൻവ വാദേവതായാഃ
അച്ചംകേട്ടിന്ന മച്ചന്മുഖജനിതമഹാ–
കാവ്യചന്ദ്രോദയേഽസ്മിൻ
ഗദ്യം ഖദ്യോതകല്പം ഗളിതരുചി തുട–
ങ്ങിനെൻറനക്കേ നമോഽസ്തു.

ഉണ്ണിച്ചിരുതേവിയെ വർണ്ണിക്കുന്ന മഹാകാവ്യമായ ചന്ദ്രന്റെ ഉദയത്തിൽ ഈ ഗദ്യകൃതി മിന്നാമിനുങ്ങിനോടു തുല്യമാണെന്നല്ലേ ഇവിടെ പ്രസ്താവിച്ചിരിക്കുന്നതു്? ഇതിൽനിന്നും വൃത്തച്ഛായകലൎന്ന വാക്യങ്ങൾക്കു് അക്കാലങ്ങളിൽ ഗദ്യസംജ്ഞ കല്പിച്ചിരുന്നു എന്നുള്ളതു് തികച്ചും വ്യക്തമാകുന്നു.

വൃത്തഗന്ധിയായ ഗദ്യരീതിയിൽത്തന്നെ വിരചിതമായ ഒരു കൃതി അറിവിൽപ്പെട്ടിടത്തോളം ഉണ്ണിച്ചിരുതേവിയെ അധികരിച്ചുള്ള ഈ നിബന്ധം മാത്രമാണു്. ഉണ്ണിച്ചിരുതേവിയുടെ ഒരു കാമുകനിൽനിന്നും അവളുടെ സൌന്ദര്യാതിശയം മനസ്സിലാക്കിയ ഇന്ദ്രൻ അവളിൽ അനുരക്തനായി ഭൂമിയിൽ വരുന്നതും ആ നായികയുടെ ഗൃഹത്തിലേക്കു പോകുന്ന വഴിയിലുള്ള അങ്ങാടികൾ, ചിറകൾ മുതലായവയും അവളുടെ ഗൃഹവും പരിസരവും മറ്റും ഈ കൃതിയിൽ വർണ്ണിക്കപ്പെട്ടിരിക്കുന്നു. വിവിധവൃത്തങ്ങളുടെ ഛായ വഹിക്കുന്ന അനേകം ഗദ്യഖണ്ഡികകൾ ഉൾക്കൊള്ളുന്ന ഈ കൃതിയിൽ നായികയുടെ ആവാസസ്ഥാനമായ, 'പൊയിലം' എന്ന സ്ഥലത്തെപ്പററിയുള്ള വർണ്ണന ഇങ്ങനെ ആരംഭിക്കുന്നു:—

പുതുമലർക്കാവിൽ വന്നെഴുമിളം
കൊടികളും
കൊടികൾപൂവിതളിൽ
നിൻവതിരുമപ്പൊടികളും
ചുഴലവും കമുകിന്നെത്തഴുകുമക്കൊടികളും
കൊടി നന്നെപ്പാൻവരും
മുട്ടനട്ടക്കൊടികളും.

ഈ വർണ്ണന അവസാനിക്കുന്നതു് "നടികളുംകൂടികൊള്ളും പൊയിലമെൻവണ്ടുത ത്രൈവഭാഗേ" എന്നാണു്. ഈ സമാപ്തിയിൽ വൃത്തനിബന്ധന ലംഘിച്ചുകാണുന്നതുപോലെ വൃത്തഗന്ധികളായ പല ഖണ്ഡികകളും വൃത്തസ്പർശം ഇല്ലാത്ത വെറും ഗദ്യരൂപത്തിൽ അവസാനിക്കുക സാധാരണമല്ല. ഉദ്ധൃതമായ ഈ ഗദ്യശകലം മണികാഞ്ചീവൃത്തത്തിന്റെ നിയമങ്ങളെ ഏറെക്കുറെ അനുസരിക്കുന്നതായി കാണാം.

ഉണ്ണിച്ചിരുതേവീചരിതംപോലെ തന്നെ പഴക്കമേറിയ ഒരു ചമ്പൂപ്രബന്ധമാണു് ഉണ്ണിയച്ചീചരിതം. ഒരു ഗന്ധർവ്വയുവാവു് ഉണ്ണിയച്ചിയിൽ പ്രേമബദ്ധനായി മർത്ത്യരൂപംധരിച്ചു ഭൂമിയിൽ എത്തി നായികയുടെ വസതി സന്ദർശിക്കുന്നതും മററും വർണ്ണിക്കുന്ന ഈ കൃതിയിൽ ചുരുക്കം ചില പദ്യങ്ങൾ ഒഴിച്ചു ബാക്കി എല്ലാം വൃത്തഗന്ധിയായ ഗദ്യമാണു്. ഇതിലെ ഭാവമധുരവും വൃത്തമോഹനവുമായ തിരുനെല്ലീക്ഷേത്രവർണ്ണനയുടെ ആരംഭം ഇങ്ങനെയാണു്:—

വരമല്ലികാധവളവരിനെല്ലിളം കഴമ–
യരി നല്ലവാമളവു തരുമല്ലൽ കേട്ടവകൾ
തിരുമെല്ലടിപ്രണത വരവുല്ലസൽപെരുമ
ചിരമല്ലിലും പകലുമുരുകല്ലിൽ വീണ്ണുപരി
പരിവേല്ലിതാംബുഗതി
ഗിരികുല്യതീർത്ഥനദി
തിരതല്ലി വിട്ടഖിലെ നരവല്ലിടക്കോട്ടമ.

ഇതിലെവൃത്തം:—"ഹരിനാമകീർത്തനമിതുര ചെയ്‌വതിന്നു ഗുരുവരുളാലെ ദേവകളുമ

രുരംചെയ്ക ഭൂസുരരും" എന്ന ഹരിനാമകീർത്തനവൃത്തത്തോടു സദൃശമായിരിക്കുന്നു.

കാമുകനായ ഗന്ധർവ്വൻ ചെയ്യുന്ന ഉണ്ണിയച്ചിയുടെ പാദാദികേശവർണ്ണനയിൽ പാദത്തെ പരാമർശിക്കുന്ന ഭാഗം നോക്കുക:—

കുളിർത്തെഴിൻറ കാന്തിനീർ
വളത്തിൽനട്ടു പിച്ചയായ്
കളിച്ചുകാമവല്ലഭാ വളർത്താരാഗവല്ലിമേൽ
മുളെച്ചുമുന്നമൊള്ള ചെന്തളിക്കുനേർ
പദാംബുജം
വിരൽപ്രവാളമാലികാവിരാജി
രമ്യതാർണ്ണവേ.

30—ൽപ്പരം വരികളുള്ള ഈ വർണ്ണന പ്രസിദ്ധമായ പഞ്ചചാമരവൃത്തത്തിൻെറ ലക്ഷണങ്ങൾ പ്രദർശിപ്പിക്കുന്നുണ്ടെങ്കിലും അവിടവിടെ അവയെ തിരസ്കരിക്കുന്നതായി കാണുകയും ചെയ്യാം. ഇങ്ങനെ പഞ്ചചാമരത്തെ അനുകരിക്കുന്ന ഗദ്യഖണ്ഡികകൾ മററു കൃതികളിലും അസുലഭമല്ല. ഉദാഹരണമായി ഉണ്ണിച്ചിരുതേവീചരിതത്തിൽനിന്നും ഒരു ഭാഗം എടുത്തു കാട്ടാം.

കുരാൽ നിറത്തിരുക്കണംപകുത്തി—
രണ്ടുപക്കമും
പുകച്ചുകിൽക്കൊഴപ്പണിഞ്ഞ പൂമലക്കരും
കുഴൽ
പുറൈക്കൊരദ്ധമദ്ധചന്ദ്രമുദ്രിതം
കപട്ടമായ്
കചചിച്ചമേനി പച്ചയാ കചചിച്ചുവന്നു
വിച്ചയാ.

വൃത്തലക്ഷണങ്ങൾ ഇണങ്ങിച്ചേർന്ന ഗദ്യഭാഗങ്ങൾ ഉള്ള കൃതി എന്ന നിലയ്ക്ക് ഉണ്ണിയാടീചരിതം എന്ന പ്രാചീനചമ്പുപ്രബന്ധം സവിശേഷമായ പ്രാധാന്യമർഹിക്കുന്നു. തൻെറ പൂർവ്വപ്രണയിനിയായ പ്രാവൃട് എന്ന ഗന്ധർവ്വസുന്ദരി ഉണ്ണിയാടിയായി ഭൂലോകജാതയായപ്പോൾ അവളിൽ ചന്ദ്രനു പ്രേമമങ്കുരിക്കുന്നതും അവളുടെ വൃത്താന്തമെല്ലാമറിഞ്ഞുവരുവാൻ ആ കാമുകൻ രണ്ടു ഗന്ധർവ്വയുവാക്കളെ ഭൂമിയിലേക്കയക്കുന്നതും അവർ ഭൂതലാവരോഹണം ചെയ്തുവിവരമെല്ലാം ഗ്രഹിച്ചശേഷം തിരിയെ ചെന്നു ചന്ദ്രനോട്എല്ലാം സവിസ്തരം പറഞ്ഞുകേൾപ്പിക്കുന്നതുംമററുമാണ് ഈ കൃതിയിലെ കഥാവസ്തു. മുമ്പു പ്രസ്താവിച്ച കൃതികളെപ്പോലെ ഇതിലും വിവിധ വൃത്താനുസാരികളായ ഗദ്യഭാഗങ്ങൾ സുലഭങ്ങളാണ്. മണികാഞ്ചീവൃത്തത്തിൻെറ ലക്ഷണങ്ങളുള്ള ഒരു ഗദ്യഭാഗം പ്രദർശിപ്പിക്കാം:—

വിമലജലധൌകുളിച്ചരുണസന്ധ്യാരുചാ
ഘുസൃണമെയ്പൂച്ചണിഞ്ഞിത—
മെഴപ്പോന്നുവ—
ന്നിനിയനിലരാസനേ പൊലിവിലിള—
കൊണ്ടിടി—
ൻറരുണസാരഥിയുടേ കിരണപാദങ്ങളിൽ
തരളഹംസാവലീവസനഖണ്ഡങ്ങളാൽ
പുതിയനളിനോത്ഥിതം
പൊടിതുടച്ചഴകെഴും.

ശങ്കരചരിതത്തോടു സമാനമായ വൃത്തലക്ഷണം പ്രകടമാക്കുന്ന ഗദ്യഭാഗങ്ങളും ഉണ്ണിയാടീചരിതത്തിൽ കാണുന്നതിനേയും ഇവിടെ ഉദാഹരിക്കാം:—

തദനന്തരമുദയാചലകടകേ തുടമുടയോ
ചില
വടപാടലചലപല്ലവനവകേസര—
പനസാസന
ലവംഗചന്ദനബകചമ്പകതിലകാർജ്ജുന
കദളീകുല—

സഹകാരകമുഖപാദപപടലെരുടനിട-
ചേന്നതി
ശിശിരേനലകുസുമങ്ങളിലളിമൂളിയു-
മിടയിൽചില
കുയിൽക്കൂകിയുമരികിൽചില മയിലാടിയു-
മിളയോചില
തളിരാമണികരകന്ദളമിളകുംപടി-
തിറമീടിന
നറുനന്മലർമുഖചുംബനരസലോഭമൊടലർ
വല്ലികൾ.

ഉണ്ണിയാടീചരിതംപോലെ ചമ്പൂരീതിയിൽ രചിച്ചിട്ടുള്ളതും പൂർണ്ണരൂപം ലഭിച്ചിട്ടില്ലാത്തതുമായ ഒരു മണിപ്രവാളകൃതിയിലെ ഒരു ഗദ്യഭാഗമാണ് ഇനി ഉദ്ധരിക്കുന്നതു്:—

കുയിലൊളിതടവിനകരുമിഴിമുനയിൽ
കരുമുനചെയ്യുമനോഭവലൂളിതം
കണ്ടാലേററമിനപ്പുന്തടവും
കളമനോഹരനാസാവംശം
താടങ്കത്തിലമൂൾത്തിനമണിഗണ-
ശാരള്യയാമണ്ഡിതഗണ്ഡം
പല്ലവനെറിയൽക്കല്ലൽപുലത്തി-
പ്പാടലതരതരളാധരസുഭഗം
പുതുമതുവിയലും കളമൊഴിനെറിയിൽ-
പ്പുഞ്ചിരിതൂവിന വദനസരോജം.

ഓട്ടൻതുള്ളലിലെ തരംഗിണീവൃത്തത്തിന്റെ ഛായ ഈ വരികളിൽ കാണുന്നുണ്ടല്ലോ. പ്രസ്തുതമായ കൃതിക്കു വളരെ മുമ്പുതന്നെ വിരചിച്ചിരിക്കുവാനിടയുള്ള ഉണ്ണിയച്ചീചരിതം തുടങ്ങിയ പ്രബന്ധങ്ങളിലും ഈ രീതിയിലുള്ള ഗദ്യഭാഗങ്ങൾ ധാരാളമായി കാണാം. അനന്തരകാലത്തു രാമായണാദിചമ്പുക്കളിലെ ഗദ്യരചനയ്ക്കാണ് ഈ വൃത്തവിശേഷം പ്രചുരമായി ഉപയോഗിച്ചുവന്നതു്. ചമ്പൂഗദ്യത്തിനു സാധാരണയായി അംഗീകരിച്ചു കാണുന്നതു് ഈ വൃത്തവിശേഷമാണെങ്കിലും വിഭിന്നങ്ങളായ വൃത്തലക്ഷണങ്ങളുള്ള ഒട്ടനേകം ഗദ്യഖണ്ഡികകളും ചമ്പൂകാരന്മാർ രചിച്ചിട്ടുണ്ടു്. ചമ്പുക്കളിലെ ഗദ്യഭാഗത്തിൽ ദണ്ഡകലക്ഷണമുള്ള അനേകം ഖണ്ഡികകൾ ഉൾപ്പെടുന്നു. ഇവയും ആട്ടക്കഥകളിലും മററുമുള്ള ദണ്ഡകങ്ങളും ദണ്ഡകരചനയിൽ കേരളീയകവികൾക്കുണ്ടായിരുന്ന അന്യാദൃശപാടവത്തെ ഉൽഘോഷിക്കുന്നവയാണ്. നമ്മുടെ ചമ്പൂപ്രസ്ഥാനത്തിലെ ദ്വിതീയഘട്ടം പ്രതിനിധാനം ചെയ്യുന്ന പുരാണകഥാവിഷയങ്ങളായ ചമ്പുക്കൾക്കുമുമ്പുതന്നെ ഉൽകൃഷ്ടങ്ങളായ ദണ്ഡകങ്ങൾ മലയാളത്തിൽ ഉണ്ടായിക്കഴിഞ്ഞിരുന്നു. തെളിവിനു്:—

താരാവദാതരുചി താരാൽ നിറഞ്ഞമഹി-
താരാമവാടികളിലെങ്ങും
തരുശിരസി ലളിതതരമളിപടലമളകകുല-
മിവവസതി കൃതരുചി പരാഗൈഃ.

എന്നാരംഭിക്കുന്ന ഉണ്ണിയാടീചരിതത്തിലെ ദണ്ഡകം മതിയാകും. വൃത്തഗന്ധമുള്ള ഗദ്യശൈലി ഉപയോഗിച്ചു് അനേകം സ്തോത്രകൃതികളും മുൻകാലങ്ങളിൽ രചിച്ചുവന്നിരുന്നു.

മലബാറിൽ 'കരിക്കാട്ടു്' എന്നു പ്രസിദ്ധമായ ഗ്രാമത്തിൽ പ്രതിഷ്ഠിച്ചിട്ടുള്ള ശാസ്താവിനെ കീർത്തിക്കുന്ന വൃത്തഗന്ധമുള്ള ഒരു ഗദ്യകീർത്തനമുണ്ടു്. അതിൽ പ്രായേണ തരംഗിണീവൃത്തത്തിന്റെ ഛായയാണു കാണുന്നതെങ്കിലും ലക്ഷണനിർവ്വചനം അസാദ്ധ്യമാകുന്ന ചില ഭാഗങ്ങളും അതിൽ ഉൾപ്പെട്ടിരിക്കുന്നു. ക്ഷേത്രത്തിന്റെ വർണ്ണനയിൽ:—

ചണ്ഡമുണ്ഡക്കൊട്ടുംകാട്ടുഖണ്ഡിക്കുമ-
ച്ചണ്ഡടംകോദണ്ഡഹാ, ചാരുചാ-
മുണ്ഡിയെൻവള്ള

പേർമണ്ഡിതാ, ഹരിശ്ചന്ദ്രവംശാബ്ധി
ചന്ദ്രോദയാ,
നാല്പുരശ്ചന്ദ്രകീർത്തിശ്രീയാം
ഭൂഭൃതാമാഹവേ
വെല്ലുനല്കും കുടിത്തൈവമായ്–
പോരുമെന്നമ്മ
മററമ്മമാരഞ്ചൊടൊൻറിന്നുമാകല്പരത്നം.

എന്നു കാണുന്നു.

ഇതുപോലെ യാതൊരു വൃത്തപരിധിയിലും ഒതുങ്ങിനില്ക്കാത്തവയും, എന്നാൽ വൃത്തച്ഛായ സ്ഫുരിക്കുന്നവയുമായ ഗദ്യഭാഗങ്ങൾ പരാമർശിച്ചുകഴിഞ്ഞ പല കൃതികളിലും കാണപ്പെടുന്നുണ്ട്. കുമാരനല്ലൂർ ഭഗവതിയെ സ്തുതിക്കുന്ന വൃത്തഗന്ധിയായ മറെറാരു ഗദ്യപ്രബന്ധവും ഇവിടെ പ്രസ്താവമർഹിക്കുന്നു. രമണീയമായ രചനാസൌഷ്ഠവംകൊണ്ടും ഭാവമാധുര്യംകൊണ്ടും അതിവിശിഷ്ടമായ ഈ കൃതിയിലെ ഒരു ഭാഗം ഇവിടെ ഉദ്ധരിക്കട്ടെ:—

നിറംതോഞ്ഞ വേദാന്തകല്പദ്രുമംതന്നിൽ
മിന്നുംമഹാമഞ്ജരീസൌരഭോന്മേഷമേ!
മഹാദേവചേതോമയേന്ദൂപലംതന്നി–
ലന്യൂനശോഭംകലർന്നോരിളംതൂനിലാവേ!
ഫലാവേണിതന്നിൽതെളിഞ്ഞ–
ങ്ങണിഞ്ഞോരു
കല്പദ്രവല്ലീമതല്ലീസമുല്ലാസിഫുല്ലാവലീ–
സാന്ദ്രമാരന്ദനിഷ്യന്ദസൌഗന്ധ്യസാരം
കൊതികൊണ്ടുടൻമണ്ടിയെത്തുന്ന ഭൃംഗീ–
മനോഹാരിധമ്മില്ലഭാരശൃംഗാരിതേ! ദേവി!

ഇങ്ങനെ ഭക്തിപ്രചുരമായും കലാസുഭഗമായും ദേവിയെ സംബോധനം ചെയ്തുകൊണ്ടു പുരോഗമിക്കുന്ന ആ കൃതി നമ്മുടെ കീർത്തനസാഹിത്യത്തിലെ അമൂല്യമായ ഒരു നിധിതന്നെയാണ്.

വൃത്തഗന്ധിയായ ഗദ്യസാഹിത്യത്തിൻെറ വ്യാപ്തിയെ സൂചിപ്പിക്കുവാനും അതിലെ പ്രധാനങ്ങളായ ചില മാതൃകകളെ പ്രദർശിപ്പിക്കുവാനും മാത്രമേ ഞാൻ ഇവിടെ യത്നിച്ചിട്ടുള്ളൂ. ഈ വിഷയത്തിൽ ഫലപ്രദമായി ഗവേഷണം ചെയ്യാൻ സാദ്ധ്യതകളുണ്ടെന്നു ചൂണ്ടിക്കാണിക്കുകയും ഗവേഷകന്മാരുടെ ശ്രദ്ധയെ ഇതിലേക്കു ക്ഷണിക്കുകയും ചെയ്തുകൊള്ളുന്നു.

# മദിരാശി പബ്ളിക് ലൈബ്രറി ആക്ട്
## ഒരു സംക്ഷിപ്തവിവരണം

മധുരവനം സി. കൃഷ്ണക്കുറുപ്പ് ബി. ഏ. എൽ. ടി.

[കഴിഞ്ഞ പതിനഞ്ചുകൊല്ലത്തോളമായി ഉത്തരകേരളത്തിലെ ഗ്രന്ഥാലയപ്രസ്ഥാനത്തിൻെറ പ്രവൎത്തനത്തിൽ ഒരു പ്രധാനപങ്കു വഹിച്ചുവന്നിട്ടുള്ള ഈ ലേഖകൻ പുതിയ ലൈബ്രറിആക്ട് അനുസരിച്ചു സ്ഥാപിച്ചിട്ടുള്ള മലബാർ ലോക്കൽ ലൈബ്രറി അതോറിട്ടിയുടെ നിൎവ്വാഹകസമിതിയിലും ആദ്യംമുതല്ക്കേ ഒരു പ്രധാന അംഗമാണ്. തിരു-കൊച്ചിയിലും ഇങ്ങിനെ ഒരു നിയമം നടപ്പിൽ വരുത്തേണ്ട കാൎയ്യം ആലോചനയിലിരിക്കയാണല്ലോ. അതുകൊണ്ടു മദിരാശിയിലെ ആക്ടിൻെറ ഒരു ലഘുവിവരണം ഉപകാരപ്രദമായിരിക്കും]—പത്രാധിപർ.

### I

ഗ്രന്ഥാലയപ്രസ്ഥാനത്തിൻെറ ക്രമപ്രവൃദ്ധമായ പുരോഗതിയ്ക്കു് ലൈബ്രറിആക്ടുകൾ നടപ്പിൽവരുത്തേണ്ടതു അത്യാവശ്യമാണ്. ഇംഗ്ലണ്ടിൽ ഇങ്ങിനെ ഒരുനിയമം നടപ്പിൽ വന്നിട്ടു ഒരു നൂററാണ്ടു കഴിഞ്ഞു. 1928 മുതൽതന്നെ ഇങ്ങിനെ ഒരുനിയമം പാസ്സാക്കി കിട്ടുവാൻ 'ഇന്ത്യൻ ഗ്രന്ഥാലയസംഘ'ത്തിൻെറ അദ്ധ്യക്ഷനായ ഡോക്ടർ. എസ്. ആർ. രങ്കനാഥൻ പ്രയത്നം ആരംഭിച്ചു; എങ്കിലും മദിരാശിയിൽ 1949-ൽ മാത്രമേ ഈ നിയമം പാസ്സായുള്ളു. 1950ഏപ്രിൽ 1-ാംനു-മുതൽ മദിരാശി സംസ്ഥാനം മുഴുവൻ അതു നടപ്പിൽ വന്നുകഴിഞ്ഞു. ഉത്തരകേരളത്തിൻെറ പ്രധാനഭാഗമായ മലബാറിന്നു പ്രത്യേകമായി ഒരു ലോക്കൽ ലൈബ്രറി അതോറിട്ടിസ്ഥാപിച്ചിരിക്കുന്നു; കാസർഗോഡ് താലൂക്ക് സൌത്ത്കാനറാ ലൈബ്രറി അതോറിട്ടിയുടെകീഴിലും, ഗൂഡല്ലൂർതാലൂക്കു നീലഗിരി അതോറിട്ടിയുടെ കീഴിലും ആകുന്നു. ദക്ഷിണകേരളത്തിലും ഇങ്ങിനെ ഒരു ലൈബ്രറി ആക്ട് പാസ്സാക്കുവാൻ പരിശ്രമങ്ങൾ നടക്കുന്നുണ്ടല്ലോ. ആ സന്ദൎഭത്തിൽ മദിരാശിയിൽനടപ്പിൽവന്ന ആക്ടിനെപ്പററി ഒരു ചുരുങ്ങിയ വിവരണം അവിടുത്തെ ലൈബ്രറി പ്രവൎത്തകന്മാൎക്കു സഹായകമായിരിക്കുമെന്നു വിശ്വസിക്കുന്നു.

### II

മദിരാശിസംസ്ഥാനത്തിൽ പൊതുഗ്രന്ഥാലയങ്ങൾ സ്ഥാപിക്കുകയും അതിലെ നാട്ടുപ്രദേശങ്ങളിലും നഗരങ്ങളിലും സമഗ്രമായ ഒരു ഗ്രന്ഥശാലാസർവ്വീസ് ഏൎപ്പെടുത്തുകയുമാണ് ഈ ആക്ടിൻെറ ഉദ്ദേശം. ഗ്രന്ഥാലയങ്ങളെ സംബന്ധിച്ചു ഗവൎമ്മെണ്ടിനെ ഉപദേശിക്കുന്നതിന്നു ഒരു സംസ്ഥാനഗ്രന്ഥാലയക്കമ്മിററിയെ ഏൎപ്പെടുത്തുന്നതാണ്. ഈ ആക്ട് നടപ്പിൽ വരുത്തേണ്ട പ്രധാനചുമതല പുതുതായി നിശ്ചയിക്കുന്ന ലൈബ്രറിഡയറക്ടൎക്കായിരിക്കും. സംസ്ഥാനത്തിലെ കേന്ദ്രഗ്രന്ഥാലയവും ശാഖകളും നടത്തുക, അൎഹതയുള്ള ഗ്രന്ഥാലയങ്ങൾക്കു സഹായധനം നൽകുക, ആക്ടനുസരിച്ചു പുതുതായി സ്ഥാപിക്കുന്ന എല്ലാ ലോക്കൽലൈബ്രറി അതോറിട്ടികളുടെയും പ്രവൃത്തി മേലന്വേഷണം ചെയ്യുക—എ

ന്നിവയാകുന്നു അദ്ദേഹത്തിന്റെ പ്രധാന ബാദ്ധ്യതകൾ.

മദിരാശി നഗരത്തിലെ ലോക്കൽ ലൈബ്രറി അതോറിട്ടിയിൽ കോർപ്പൊറേഷൻ തിരഞ്ഞെടുക്കുന്ന മൂന്നംഗങ്ങളും ഗ്രന്ഥാലയ പ്രവർത്തകന്മാരിൽനിന്നും, ഹൈസ്കൂൾ ഹെഡ്മാസ്റ്റർമാരിൽനിന്നും, പ്രിൻസിപ്പാൾമാരിൽനിന്നും മററും ഗവമ്മെണ്ടു് നിയമിക്കുന്ന എട്ടുപേരും ഒരു കാര്യദർശിയും ഉണ്ടായിരിക്കുന്നതാണു്. ജില്ലകളിൽ സ്ഥാപിക്കുന്ന ലോക്കൽലൈബ്രറി അതോറിട്ടികളിൽ ഗ്രന്ഥശാലാപ്രവർത്തകന്മാരിൽ നിന്നും ഹൈസ്കൂൾ ഹെഡ്മാസ്റ്റർമാരിൽനിന്നും, പ്രിൻസിപ്പാൾമാരിൽനിന്നും, ഗവമ്മെണ്ടു് നിയമിക്കുന്ന പത്തുപേരും ഡിസ്ട്രിക്ടു്ബോർഡിന്റെ ഒരു പ്രതിനിധിയും ഒരു കാര്യദർശിയും ഉണ്ടായിരിക്കുന്നതാണു്. അവക്കു പുറമേ ഓരോ താലൂക്കിലേയും പഞ്ചായത്തുകളുടെ പ്രസിഡണ്ടുമാക്കു ഓരോ അംഗത്തെ തെരഞ്ഞെടുത്തയക്കാം. ജനസംഖ്യത്തോതനുസരിച്ചു ജില്ലയിലെ മുനിസിപ്പാലിററികൾക്കും ഈ ലൈബ്രറി അതോറിട്ടിയിലേക്കു അംഗങ്ങളെ അയക്കാവുന്നതാണു്. ഒരു ലക്ഷത്തിൽ കവിയാത്ത ജനസംഖ്യയുള്ള മുനിസിപ്പാലിററികൾക്കു ഒന്നും, ഒരു ലക്ഷത്തിൽ കവിഞ്ഞും എന്നാൽ രണ്ടു ലക്ഷത്തിൽ കവിയാതേയും ജനസംഖ്യയുള്ളമുനിസിപ്പാലിററികൾക്കു രണ്ടും, രണ്ടുലക്ഷത്തിൽ കവിഞ്ഞ ജനസംഖ്യയുള്ള മുനിസിപ്പാലിററികൾക്കു മൂന്നുംവീതം പ്രതിനിധികളെ തിരഞ്ഞെടുക്കാവുന്നതാണു്. അംഗങ്ങളുടെ കാലാവധി സാധാരണ മൂന്നു കൊല്ലമായിരിക്കും. അവധിക്കുശേഷം അതേ അംഗങ്ങളെത്തന്നെ നിയമിക്കുന്നതിന്നോ, തിരഞ്ഞെടുക്കുന്നതിന്നോ യാതൊരു വിരോധവുമില്ല.

## III

മദിരാശി നഗരത്തിലും ജില്ലകളിലും ഏർപ്പെടുത്തുന്ന ലൈബ്രറിഅതോറിട്ടികൾക്കു ഒരു സംഘടിതസ്ഥാപനമെന്ന നിലയ്ക്കു് ശാശ്വതപിന്തുടച്ചയും, സ്വത്തു സമ്പാദിക്കുകയോ, കൈവശംവെക്കുകയോ, കൈമാറുകയോ ചെയ്യാനുള്ള അധികാരവും ഉണ്ടായിരിക്കും. ഓരോ ലൈബ്രറിഅതോറിട്ടിയിലും ഏഴിൽ കവിയാത്ത അംഗങ്ങളടങ്ങിയ ഒരു കാര്യനിർവ്വഹണക്കമ്മിററിയെ നിശ്ചയിക്കാവുന്നതാണു്. അതോറിട്ടിയുടെ അധികാരങ്ങളിൽ ഏതാനും ഭാഗമോ, മുഴുവൻതന്നെയോ ഈ കമ്മിററിയെ ഏല്പിക്കാം. ഇതിനു പുറമെ ഏതെങ്കിലും കാര്യങ്ങളെ സംബന്ധിച്ചു് അന്വേഷണം നടത്തി റിപ്പോർട്ടു ചെയ്യുകയോ, ഉപദേശം നൽകുകയോചെയ്യുന്നതിന്നുവേണ്ടി അതോറിട്ടിയുടെ ഉപകമ്മിററികളെയും നിശ്ചയിക്കാവുന്നതാണു്.

ലൈബ്രറി അതോറിട്ടിയുടെ അധികാരാതിർത്തിയിൽ ഗ്രന്ഥശാലകൾ സ്ഥാപിക്കുന്നതിന്നും ഗ്രന്ഥശാലാസർവീസ് പ്രചരിപ്പിക്കുന്നതിന്നും ഉള്ള ഒരു പദ്ധതി തയ്യാറാക്കി ഡയറക്ടരുടെ അനുമതിക്കു സമപ്പിക്കേണ്ടതാണു്. ഡയറക്ടർ നിർദ്ദേശിക്കുന്ന ഭേദഗതികളോടുകൂടി ആ പദ്ധതി അതോറിട്ടി നടപ്പിൽ വരുത്തേണ്ടതാകുന്നു. പൊതുഗ്രന്ഥാലയങ്ങൾക്കു തക്കതായ നിലങ്ങളും കെട്ടിടങ്ങളും ഉപകരണങ്ങളും ഒരുക്കിക്കൊടുക്കുക; ആവശ്യമായ പുസ്തകങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, പടങ്ങൾ, ചിത്രങ്ങൾ മുതലായവ സംഭരിക്കുക; ഉദ്യോഗസ്ഥന്മാരെ നിയമിക്കുക; ഗ്രന്ഥാലയങ്ങളുടെ പോഷണത്തിനായി ഗവമ്മെണ്ടനുമതിയോടുകൂടി സംഭാവനകൾ സ്വീകരിക്കുക; യോഗങ്ങളും ക്ലാസുകളും നടത്തുക—ഇവയാകുന്നു ലൈബ്രറി അതോറിട്ടിയുടെ

അധികാരങ്ങൾ. ഗ്രന്ഥാലയങ്ങളുടെ കാൎയ്യക്ഷമമായ പ്രവൎത്തനത്തിനും പ്രസ്ഥാനത്തിന്റെ പുരോഗതിക്കും ആവശ്യമായ നിയമങ്ങൾ (മദിരാശി പബ്ലിക്ക് ലൈബ്രറി ആക്ടിനു വിരുദ്ധമാകാതെ) ഉണ്ടാക്കുവാനും ഈ ലൈബ്രറി അതോറിട്ടികൾക്കു അധികാരമുണ്ടായിരിക്കും.

## IV

ലൈബ്രറി അതോറിട്ടികളുടെ ചിലവിനായി വസ്തുനികുതിയിന്മേലോ, വീട്ടുനികുതിയന്മേലോ, ഒരു സൎച്ചാൎജ്ജെന്നപോലെ ഉറുപ്പികയ്ക്കു ആറു പൈ എന്നതോതിൽ ഒരു ഗ്രന്ഥാലയവരി ചുമത്തുന്നതാണു്. ഈ തോതു ആവശ്യമായിവരുമ്പോൾ വൎദ്ധിപ്പിക്കാനും വ്യവസ്ഥകളുണ്ടു്. അതോറിട്ടികളുടെ ഗ്രന്ഥാലയഫണ്ടിൽ ഈ വരിക്കു് പുറമേ ദാനസ്വത്തുക്കളിൽനിന്നുള്ള വരവുകളും ഗവൎമ്മെണ്ടു് നൽകുന്ന പ്രത്യേക ഗ്രാൻറുകളും അതോറിട്ടി വസൂലാക്കുന്ന ഫീസ്, പിഴ എന്നിവയും ഉൾപ്പെടുന്നതാണു്. ഗ്രന്ഥാലയവരിപ്രകാരം കിട്ടുന്ന സംഖ്യയിൽ കുറയാത്ത ഒരു സംഖ്യ ഓരോ ലോക്കൽ ലൈബ്രറി അതോറിട്ടിക്കും സംസ്ഥാനഗവൎമ്മെണ്ടു് നൽകുന്നതായിരിക്കും. (മദിരാശിനഗരത്തിലെ ലൈബ്രറി അതോറിട്ടിക്കുമാത്രം ഈ സംഖ്യ ലഭിക്കുന്നതല്ല.) ലൈബ്രറി അതോറിട്ടിയുടെ കണക്കുകൾ ഡിസ്ത്രിക്ട് ബോർഡ്, മുനിസിപ്പാലിററി എന്നിവയുടെ കണക്കുകൾ പോലെ ആഡിററിന്നും സൎച്ചാൎജ്ജിന്നും വിധേയമായിരിക്കുന്നതാണു്. വല്ല ലോക്കൽ ലൈബ്രറി അതോറിട്ടിയുടെയും പ്രവൎത്തനം തൃപ്തികരമല്ലെന്നു തോന്നിയാൽ അവയോടു സമാധാനം ചോദിക്കുവാനും ആവശ്യമെന്നു തോന്നുമ്പോൾ അവ പിരിച്ചുവിട്ടു പകരം വേറെ അതോറിട്ടി ഏൎപ്പെടുത്തുവാനും സംസ്ഥാനഗവൎമ്മെണ്ടിന്നു അധികാരമുണ്ടായിരിക്കും.

എല്ലാ ലൈബ്രറികളും ഡയറക്ടരോ അദ്ദേഹം നിയോഗിക്കുന്ന ഉദ്യോഗസ്ഥനോ പരിശോധിക്കാവുന്നതാണു്. ലൈബ്രറി അതോറിട്ടികളിലേക്കു് അംഗങ്ങളെ തിരഞ്ഞെടുക്കേണ്ട രീതി, ഗ്രന്ഥാലയപോഷണത്തിന്നുള്ള പദ്ധതികൾ തയ്യാറാക്കേണ്ട സമ്പ്രദായം, കണക്കുപരിശോധന, സ്വകാൎയ്യ ഗ്രന്ഥാലയങ്ങൾ ഗവൎമ്മെണ്ടിൽ നിന്നുള്ള ഗ്രാണ്ടിന്നു അൎഹരാകണമെങ്കിൽ അനുസരിക്കേണ്ട വ്യവസ്ഥകൾ മുതലായവ വിശദമാക്കുവാൻ പ്രത്യേകം ഉപനിയമങ്ങൾ ഗവൎമ്മെണ്ടു് തയ്യാറാക്കുന്നതാണു്. പുതിയ പ്രസിദ്ധീകരണങ്ങളുടെ അയ്യഞ്ചു പ്രതികൾ ഗവൎമ്മെണ്ടിലേക്കു പ്രകാശകന്മാർ അയച്ചുകൊടുക്കണമെന്നും (ഇതുവരെ ഒരു പ്രതി മതിയായിരുന്നു.) ഈ ആക്ട് പ്രകാരം വ്യവസ്ഥ ചെയ്തിരിക്കുന്നു. ഇങ്ങിനെ കിട്ടുന്ന പ്രതികളിൽ നാലെണ്ണം സംസ്ഥാനത്തിലെ കേന്ദ്രഗ്രന്ഥാലയത്തിന്നു ഗവൎമ്മെണ്ടു് അയച്ചുകൊടുക്കുന്നതാണു്.

## V

മേൽപ്രസ്താവിച്ചവിധത്തിൽ ഗവൎമ്മെണ്ടു് ഉണ്ടാക്കിയ ഉപനിയമങ്ങളുടെ ചുരുക്കം ഇതാണു്. ഒന്നാം അദ്ധ്യായത്തിൽ സംസ്ഥാനലൈബ്രറിക്കമ്മിററിയുടെ ഘടനയും അധികാരങ്ങളും മററും വിവരിച്ചിരിക്കുന്നു. സംസ്ഥാന കമ്മിററിയിൽ പതിനേഴു് അംഗങ്ങൾ ഉണ്ടായിരിക്കും:— 1. വിദ്യാഭ്യാസമന്ത്രി 2. തദ്ദേശസ്വയംഭരണമന്ത്രി 3. വിദ്യാഭ്യാസ ഡയറക്ടർ (ഇദ്ദേഹം തന്നെയാണു് തല്ക്കാലം ലൈബ്രറി ഡയറക്ടരുടെ സ്ഥാനം വഹിക്കുന്നതു്.), 4. ഡയറക്ടരുടെ സ്പെഷ്യൽ ആപ്പീസർ. 5. മദിരാശി ലെജിസ്ലേററീവ് അസംബ്ലിയുടെ ഒരു പ്രതിനിധി. 6. മദിരാശി ലെജിസ്ലേററീവ് കൌൺസിലിന്റെ ഒരു പ്രതിനിധി;. 7. മദിരാശി സൎവ്വകലാശാലയിൽനിന്നും,

8. ആന്ധ്രസർവ്വകലാശാലയിൽ നിന്നും, 9. അണ്ണാമലസർവ്വകലാശാലയിൽനിന്നും സിൻഡിക്കേറവുകൾ നിയമിക്കുന്ന ഓരോ അംഗങ്ങൾ; 10 മദിരാശി ഗ്രന്ഥാലയ സംഘം. 11. ആന്ധ്രദേശഗ്രന്ഥാലയ സംഘം. 12. കേരളഗ്രന്ഥാലയസംഘം. 13. കർണ്ണാടകഗ്രന്ഥാലയസംഘം. എന്നിവയുടെ ഭരണസമിതികൾ നിയമിക്കുന്ന ഓരോ അംഗങ്ങൾ. 14. ലൈബ്രറികാര്യങ്ങളിൽ വിദഗ്ദ്ധപരിജ്ഞാനമുള്ള ഒരാൾ. 15. മദിരാശി നഗരത്തിലെ ലോക്കൽ ലൈബ്രറി അതോറിട്ടിയിൽനിന്നു ഒരംഗം 16 & 17. ജില്ലാ ലോക്കൽലൈബ്രറിഅതോറിട്ടികളിൽനിന്നു രണ്ടംഗങ്ങൾ. (ഒടുവിൽ പറഞ്ഞ നാലുപേരേയും വിദ്യാഭ്യാസമന്ത്രി നിയമിക്കുന്നതാകുന്നു.) വിദ്യാഭ്യാസമന്ത്രി സംസ്ഥാനകമ്മിററിയുടെ അദ്ധ്യക്ഷനും സ്പെഷ്യൽ ആപ്പീസർ കാര്യദർശിയും ആയിരിക്കും. അംഗങ്ങളുടെ കാലാവധി സാധാരണ മൂന്നുകൊല്ലമായിരിക്കും. അംഗങ്ങൾക്കു യാതൊരു പ്രതിഫലവും കൊടുക്കുന്നതല്ല; എങ്കിലും സംസ്ഥാന നിയമസഭയിലെ അംഗങ്ങളുടെ തോതിൽ സഞ്ചാരച്ചിലവും താമസച്ചിലവും അവക്കു അനുവദിക്കുന്നതാണു്. കോറം അഞ്ചായിരിക്കും.

ജില്ലാ ലോക്കൽ ലൈബ്രറി അതോറിട്ടികളിൽ ഒഴിവുകൾ ഉണ്ടാകുമ്പോൾ അവ നികത്തേണ്ട രീതിയും ഈ അദ്ധ്യായത്തിൽ വിവരിച്ചിരിക്കുന്നു.

## VI

ലൈബ്രറികൾക്കു സഹായധനം നൽകുന്നതിനുള്ള വ്യവസ്ഥകളാണു് രണ്ടാം അദ്ധ്യായത്തിലെ ഉള്ളടക്കം. സഹായം നൽകുന്ന ഗ്രന്ഥാലയങ്ങളുടെ ഒരു പട്ടിക ഡയറക്ടർ സൂക്ഷിക്കുന്നതാണു്. അതിൽ ഒരു ഗ്രന്ഥാലയം ഉൾപ്പെടുത്തുന്നതിനു പത്തു നിബന്ധനകൾ പൂർത്തിയാക്കിയിരിക്കണം.

1. പൊതുജനങ്ങൾക്കു സൌജന്യമായി ഗ്രന്ഥാലയം ഉപയോഗപ്പെടുത്തുവാൻ സൌകര്യമുണ്ടായിരിക്കണം. (അംഗങ്ങളുടെ പെരുമാററം, ആരോഗ്യസ്ഥിതി എന്നിവയെപ്പററി ഡയറക്ടരുടെ അനുവാദത്തോടുകൂടി ചില നിയന്ത്രണങ്ങൾ വെക്കാവുന്നതാണു്.)

2. ഒരാഴ്ചയിൽ മുപ്പതുമണിക്കൂറെങ്കിലും ഗ്രന്ഥാലയം തുറന്നിരിക്കണം. അതു ഉപയോഗിക്കുന്നവരുടെ എണ്ണം ഡയറക്ടർ നിശ്ചയിക്കുന്ന തോതിൽനിന്നു താണുപോകരുതു്. എല്ലാസമുദായക്കാർക്കും പ്രവേശനമുള്ള ഒരു സ്ഥലത്തായിരിക്കണം അതു സ്ഥിതിചെയ്യുന്നതു്. അവിടെനിന്നു ഡയറക്ടരുടെ മുൻകൂട്ടിയുള്ള അനുവാദം കൂടാതെ അതു മാററംചെയ്യാൻ പാടില്ലാത്തതാണു്.

3. ഗ്രന്ഥാലയത്തിൽ പത്രങ്ങളും മാസികകളും മാത്രംപോരാ; പുസ്തകങ്ങളും ഉണ്ടായിരിക്കണം.

4. ജില്ലാ ലോക്കൽലൈബ്രറി അതോറിട്ടിയുടെ മുൻകൂട്ടിയുള്ള അനുവാദത്തോടുകൂടിമാത്രമേ പുസ്തകങ്ങൾ വാങ്ങുവാൻ പാടുള്ളു. അവ സാധാരണവായനക്കാർക്കു രുചിക്കുന്നതും, സംസ്കാരനിലവാരത്തെ ഉയർത്തുന്നതുമായിരിക്കണം. കഥകളും നോവലുകളും ജനസമ്മതി നേടീട്ടുള്ള ഗ്രന്ഥകാരന്മാർ എഴുതിയതും അശ്ലീലമല്ലാത്തതും ആയിരിക്കണം. അന്യമതങ്ങളെയോ, സമുദായങ്ങളെയോ ദുഷിക്കുന്ന പുസ്തകങ്ങൾ വാങ്ങുവാൻ പാടില്ല. വാങ്ങുന്ന പുസ്തകങ്ങളും മാസികകളും അസഭ്യമായിരിക്കരുതു്; അശ്ലീലമായി പത്രങ്ങളും അവയിൽ ഉണ്ടാകുവാൻ പാടില്ല.

5. പുസ്തകപ്പട്ടികയും അംഗങ്ങളുടെ പട്ടികയും സൂക്ഷിക്കണം.

6. ഡയറക്ടർ അനുവദിക്കുന്ന വ്യവസ്ഥകൾക്കനുസരിച്ചു പുസ്തകങ്ങൾ പുറമേ വായിക്കുവാൻ കൊടുക്കേണ്ടതും അങ്ങിനെ കൊടുക്കുന്ന പുസ്തകങ്ങളുടെ സംഖ്യ ഡയറക്ടർ നിശ്ചയിക്കുന്ന സംഖ്യയിൽ കുറയാൻ പാടില്ലാത്തതുമാകുന്നു.

7. ഡയറക്ടർ നിശ്ചയിക്കുന്ന തോതിൽ ഗ്രന്ഥാലയങ്ങളുടെ നടത്തിപ്പിന്നു വേണ്ട പ്പെട്ട ഉദ്യോഗസ്ഥന്മാർ ഉണ്ടായിരിക്കണം.

8. ഗ്രന്ഥാലയത്തിന്നു സ്വന്തം കെട്ടിടവും ഉപകരണങ്ങളും ഉണ്ടായിരിക്കണം.

9. ഗ്രന്ഥാലയങ്ങൾക്കു സ്വന്തമായി ഡയറക്ടർ നിശ്ചയിക്കുന്ന ഒരു മൂലധനവും ഗവർമ്മെണ്ടു ഗ്രാൻറ് കൂടാതെതന്നെ മൂലധനത്തിൻെറ പലിശയായും വരിസംഖ്യയായും മററും ക്ണുപ്തമായ ഒരു വരവും ഉണ്ടായിരിക്കേണ്ടതാണ്.

10. ഡയറക്ടർ അംഗീകരിക്കുന്ന ഒരു സംഘത്തിൻെറ ഉടമസ്ഥതയിലും നടത്തിപ്പിലും ആയിരിക്കണം ഗ്രന്ഥാലയം പ്രവത്തിക്കുന്നതു്; ആ സംഘത്തിൻെറ നിയമാവലി ഡയറക്ടർക്കു മുൻകൂട്ടി അയച്ചുകൊടുക്കേണ്ടതാകുന്നു.

സഹായധനം നൽകുന്ന ഗ്രന്ഥാലയങ്ങളുടെ പട്ടികയിൽ ഒരു ഗ്രന്ഥാലയത്തിന്റെ പേർ ആണ്ടുതോറും നിലനിത്തണമെങ്കിൽ ഈ കാര്യങ്ങൾകൂടി ആവശ്യമാണ്:— പട്ടികയിൽ ചേത്തകാലത്തേ സ്ഥിതിയിൽനിന്നു യാതൊരുവിധത്തിലും ക്ഷയിച്ചുപോകാൻ പാടില്ല; ഡയറക്ടർ നിശ്ചയിക്കുന്നവക്കു വന്നു് യഥേഷ്ടം പരിശോധിക്കുവാൻ സ്വാതന്ത്ര്യമുണ്ടായിരിക്കണം; ഡയറക്ടർ ആവശ്യപ്പെടുന്ന റിപ്പോർട്ടുകൾ വീഴ്ച കൂടാതെ അതാതു കാലത്തു അയച്ചു കൊടുക്കണം; ഡയറക്ടരുടെ അനുവാദം കൂടാതെ ഗ്രന്ഥാലയത്തിന്റെ വക യാതൊരു സ്വത്തുക്കളും കൈമാററം ചെയ്യരുതു്; നിയമാവലിയിൽ വരുത്തുന്ന എല്ലാമാററങ്ങൾക്കും ഡയറക്ടരുടെ അനുമതി ആവശ്യമാണ്; ഭരണസമിതിയിലുണ്ടാകുന്ന മാററങ്ങൾ ഒരുമാസത്തിനകത്തു ഡയക്ടറരെ അറിയിക്കേണ്ടതാകുന്നു; വഷംപ്രതിയുള്ള കണക്കുകൾ ഡയറക്ടർ അംഗീകരിക്കുന്ന ആഡിററർ പരിശോധിച്ചശേഷം ഡയറക്ടർക്കു അയച്ചുകൊടുക്കേണ്ടതാകുന്നു.

എടുപ്പിനും ഉപകരണങ്ങൾക്കും സഹായധനം നൽകുന്നതാണ്. അവയ്ക്കു പുറമേ പുസ്തകങ്ങളും മററും വാങ്ങുവാനും അവ ബൈണ്ടുചെയ്യും മററും സൂക്ഷിക്കുവാനും ഉദ്യോഗസ്ഥന്മാരുടെ ശമ്പളത്തിനും ഗ്രന്ഥാലയ പരിശീലനത്തിന്നുപോകുന്ന ഉദ്യോഗസ്ഥന്മാക്കു അലവൻസ് കൊടുക്കുവാനും മാറു ആഫീസ് ചിലവുകൾക്കും സഹായധനം നൽകുന്നതായിരിക്കും. സഹായധനത്തിൻെറ തോതും മററുവ്യവസ്ഥകളും ഗവമ്മെണ്ടു അപ്പപ്പോൾ നിശ്ചയിക്കുന്നതാണ്.

മൂന്നാമദ്ധ്യായത്തിൽ ജില്ലാലോക്കൽ ലൈബ്രറിഅതോറിട്ടികളുടെ ഭരണത്തെപ്പററിയുള്ള വ്യവസ്ഥകൾ വിവരിച്ചിരിക്കുന്നു. ധനസംബന്ധമായ കാര്യങ്ങളിൽ ആഡിററ്, സച്ചാർജ്ജ്, ഡിസ്. അലവൻസ് മുതലായ കാര്യങ്ങളാണ് അതിൽ പ്രധാനമായി പ്രതിപാദിച്ചിട്ടുള്ളതു്. ഈ ലൈബ്രറി അതോറിട്ടികൾ കാര്യം നടത്തേണ്ട രീതികളാണ് നാലാമദ്ധ്യായത്തിലെ ഉള്ളടക്കം. യോഗം വിളിച്ചുകൂട്ടേണ്ടരീതി, കോറം, അദ്ധ്യക്ഷൻെറയും കാര്യദശിയുടെയും കത്തവ്യങ്ങൾ എന്നിവയെല്ലാം ഇതിൽ വിവരിച്ചിരിക്കുന്നു.

ജില്ലാ ലോക്കൽലൈബ്രറി അതോറിട്ടികൾ ഒന്നാമത്തെ കൊല്ലത്തിൽതന്നെ ആ ജില്ലയിൽ ആവശ്യമായ കേന്ദ്രലൈബ്രറികൾ, ശാഖാലൈബ്രറികൾ, പുസ്തകങ്ങൾ ഏററുവാങ്ങി വിതരണം ചെയ്യാനുള്ള ചെറുതരം കേന്ദ്രങ്ങൾ (Delivery Stations) എന്നിവയടങ്ങിയ സമഗ്രമായ ഒരു പദ്ധതി തയ്യാറാക്കേണ്ടതാണ്. അവ തയ്യാറാക്കേണ്ടതിനു ആവശ്യമായ നിർദ്ദേശങ്ങൾ അഞ്ചാമദ്ധ്യായത്തിൽ വിവരിച്ചിരിക്കുന്നു. അമ്പതിനായിരമോ, അതിലധികമോ ജനങ്ങളുള്ള ഓരോ നഗരത്തിനും ഓരോ കേന്ദ്രലൈബ്രറിയും ഇരുപത്തയ്യായിരം ജനങ്ങൾക്കു ഓരോ ശാഖാലൈബ്രറി വീതവും ഉണ്ടായിരിക്കണം. അയ്യായിരത്തിനും അമ്പതിനായിരത്തിനും ഇടയ്ക്കു് നിവാസികളുള്ള ചെറുനഗരങ്ങൾക്കു ഓരോ ശാഖാലൈബ്രറി ഉണ്ടായിരിക്കും. ആയിരത്തിന്നും അയ്യായിരത്തിനും ഇടയ്ക്കു് നിവാസികളുള്ള ഓരോ ഗ്രാമത്തിനും ഓരോ ഡെലിവറി സ്റ്റേഷൻ ഉണ്ടായിരിക്കും. ജനസംഖ്യ ആയിരത്തിൽ കുറവായ മൂന്നു ചെറുഗ്രാമങ്ങൾക്കു ഒന്നു വീതം ഡെലിവറി സ്റ്റേഷനും ഏർപ്പെടുത്തുന്നതാണ്. ആവശ്യമുള്ള വിവരങ്ങളോടുകൂടി ജില്ലാകമ്മിററികൾ തയ്യാറാക്കുന്ന എല്ലാ പദ്ധതികളും ഒന്നിച്ചുചേർത്തും, അന്വേഷണം ചെയ്തും, ഓരോ സ്ഥലത്തുള്ള പ്രാദേശികാവശ്യങ്ങളെ സംബന്ധിച്ചു തീരുമാനിക്കുന്നതായിരിക്കും. ഈ പദ്ധതികൾ നടപ്പിൽ വരുത്തുന്ന കാര്യത്തിൽ ഡയറക്ടർ സംസ്ഥാനലൈബ്രറി കമ്മിററിയുടെ ഉപദേശം സ്വീകരിക്കുന്നതായിരിക്കും. ട്രെയിനിങ്ങ് കഴിച്ച ലൈബ്രറിയന്മാരെ കിട്ടുവാനുള്ള വ്യവസ്ഥകൾ, കെട്ടിടങ്ങളും ഉപകരണങ്ങളും ലഭിക്കുവാനുള്ള സൌകര്യം എന്നീ കാര്യങ്ങളും ജനങ്ങൾക്കു ദ്രോഹമായി തോന്നാത്ത രീതിയിൽ ലൈബ്രറി സെസ്സ് പിരിച്ചെടുക്കാനുള്ള സാദ്ധ്യതകളും പരിഗണിച്ചുവേണം പദ്ധതിയുടെ അവസാനരൂപം നിശ്ചയിക്കുവാൻ. ഇവയ്ക്കനുസരിച്ചു പദ്ധതി നടപ്പിൽ വരുത്തുന്നതിനെ സംബന്ധിച്ചു ആവശ്യമായ നിർദ്ദേശങ്ങൾ ഡയറക്ടർ അപ്പപ്പോൾ പുറപ്പെടുവിക്കുന്നതാണ്.

ലോക്കൽലൈബ്രറി അതോറിട്ടി ചെയർമാൻെറയും കാര്യദർശിയുടെയും അധികാരങ്ങൾ, അതോറിട്ടിയോഗങ്ങൾ നടത്തേണ്ട രീതി മുതലായവയാണ് നാലാമദ്ധ്യായത്തിലെ ഉള്ളടക്കം. ഈ റൂളുകൾ നടപ്പിൽ വരുത്തുമ്പോൾ വല്ല വിഷമതകളും ഉത്ഭവിക്കുകയാണെങ്കിൽ അവ ഉടനേതന്നെ ഡയറക്ടരുടെ ദൃഷ്ടിയിൽപെടുത്തേണ്ടതും, അദ്ദേഹത്തിൻെറ വിധി അവസാനതീരുമാനമായി ഗണിക്കേണ്ടതും ആണെന്നു പ്രത്യേകം ഈ അദ്ധ്യായത്തിൽ എടുത്തു പറഞ്ഞിരിക്കുന്നു.

## VIII

ഉത്തരകേരളത്തിൽ ലോക്കൽലൈബ്രറി അതോറിട്ടി സ്ഥാപിച്ചിട്ടു രണ്ടുകൊല്ലം കഴിഞ്ഞു. സംസ്ഥാനത്തിലൊട്ടാകെ ആക്ട് നടപ്പിൽ വരുത്തിയതു 1950 ഏപ്രിൽ 1-ാംനു- യാണെങ്കിൽ ലോക്കൽ ലൈബ്രറി അതോറിട്ടികൾ പ്രവർത്തനം മുറയ്ക്കു ആരംഭിക്കുവാൻ ഏതാനും മാസങ്ങൾ വേണ്ടിവന്നു. 1924 മുതൽ കോഴിക്കോട്ടു മുനിസിപ്പൽ കൌൺസിൽ നടത്തിവന്നിരുന്ന 'മുനിസിപ്പൽ പബ്ളിക്ക് ലൈബ്രറി' 1952 ജൂലായി 15-ാംനു- ലോക്കൽലൈബ്രറി അതോറിട്ടി ഏറെറടുത്തിരിക്കുന്നു. ഇതുവരെ ഒരു ലോവർ ഡിവിഷൻക്ലാർക്ക് മാത്രം ഉണ്ടായിരുന്ന

സ്ഥാനത്തു ഒരു ഗ്രാജ്വേറ്റ് ട്രെയിൻഡ് ലൈബ്രേറിയനെ നിശ്ചയിച്ചു കഴിഞ്ഞു. ഒരു സെൻട്രൽ ലൈബ്രറിക്കു ഉചിതമായ രീതിയിൽ പുസ്തകങ്ങളും പത്രമാസികകളും സംഭരിക്കുവാൻ പ്രവൃത്തി ആരംഭിച്ചിരിക്കുന്നു.

എന്നാൽ രണ്ടുകൊല്ലത്തെ പ്രവർത്തനം കൊണ്ടു ആക്ടിലും റൂളുകളിലും ഉള്ള ന്യൂനതകളും ഞങ്ങൾക്കു വെളിപ്പെട്ടുവന്നിരിക്കുന്നു. മുഴുവൻ സമയം ഇതിന്നായി പ്രവർത്തിക്കുന്ന ഒരു ഡയറക്ടരും, ജില്ലതോറും ഉദ്യോഗസ്ഥന്മാരും ഇല്ലാതെ ഈ ആക്ട് വളരെ ഫലപ്രദമാകാൻ പോകുന്നില്ല. അംഗങ്ങളെ നിയമിക്കാനുള്ള അധികാരം ഇത്രയധികം ഗവമ്മെണ്ട് കൈയിൽ വെക്കുന്നതു ശരിയല്ല. ജനാധിപത്യതത്വത്തിൽ വിശ്വസിക്കുന്ന ഒരു ഗവമ്മെണ്ട് കഴിയുന്നിടത്തോളം തിരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങളെത്തന്നെ അധികാരം ഏല്പിക്കുവാൻ ശ്രമിക്കണം. താൻകൊടുത്ത കരടു നിയമം നിയമസഭയുടെ കൊള്ളരുതായ്മ കാരണം വളരെയധികം അലങ്കോലപ്പെട്ടുപോയെന്നു ശ്രീ. എസ്. ആർ. രംഗനാഥന് ആക്ഷേപമുണ്ട്. വിശ്വവിഖ്യാതി നേടിയ ആ വിദഗ്ദ്ധന്റെ നിർദ്ദേശങ്ങൾ ഗവർമ്മെണ്ട് കൂടുതൽ ശ്രദ്ധിക്കേണ്ടതായിരുന്നു. ഭരണയന്ത്രത്തിന്റെ ചക്രങ്ങൾ സാധാരണ വളരെ പതുക്കെമാത്രമേ തിരിയാറുള്ളൂ. ആ മന്ദത ഒരു പുതിയ വകുപ്പു വളർത്തിക്കൊണ്ടുവരുന്ന ഈ ഘട്ടത്തിൽ ഒരിക്കലും അനുവദിച്ചുകൂടാ. കേവലം ഒരു മാമൂൽചടങ്ങായി തള്ളിക്കളയാതെ, വിദ്യാഭ്യാസവകുപ്പിന്റെ ഒരു വാലായിമാത്രം ലൈബ്രറിവകുപ്പിനെ തരംതാഴ്ത്താതെ, മികച്ച പ്രാപ്തിയും ഉത്സാഹവും ഉള്ള യുവപ്രവർത്തകന്മാരെ പ്രത്യേകം തിരഞ്ഞെടുത്തു് പരിശീലനം കൊടുത്തു പ്രവർത്തനം ആരംഭിച്ചെങ്കിൽ മാത്രമേ ഈ പ്രസ്ഥാനം ഇവിടെ വിജയിക്കുവാൻ പോകുന്നുള്ളൂ.

മദിരാശിസംസ്ഥാനത്തിൽ ഒരു നിയമമുണ്ടാക്കിക്കിട്ടാൻ 22 കൊല്ലത്തോളം അദ്ധ്വാനിച്ചതും രണ്ടു കൊല്ലമായി നിയമം നടപ്പിൽ വരുത്തീട്ടുണ്ടായ അനുഭവങ്ങളും ഈ വഴിക്കു പരിശ്രമിക്കുന്ന ദക്ഷിണകേരളത്തിലെ സഹോദരന്മാക്കു ഉപകാരപ്രദമായിരിക്കും. വേഗം ഒരു ലൈബ്രറി ആക്ട് അവിടെ നടപ്പിൽ വരുത്താൻ ഊർജ്ജിതമായി പ്രയത്നിക്കേണ്ടതു അത്യാവശ്യമായിരിക്കുന്നുവെന്നതു് നിർവ്വിവാദമാണ്.

# സുഭാഷിതവീഥി

യഃ സമുൽപതിതംക്രോധം
നിഗ്രഹ്ണാതി ഹയം യഥാ
സ യന്തേത്യുച്യതേ സദ്ഭിർ
ന യോ രശ്മിഷു ലംബതേ.

(മഹാഭാരതം)

അന്വയം

യഃ സമുൽപതിതം ക്രോധം ഹയം യഥാ
നിഗ്രഹ്ണാതി യഃ രശ്മിഷു ന ലംബതേ ച.
സഃ സദ്ഭിഃ യന്താ ഇതി ഉച്യതേ.

സാരം

ഉള്ളിൽ പൊങ്ങിവരുന്ന കോപത്തെ, മുന്നോട്ടു കുതിച്ചുപായുന്ന കുതിരയെ എന്നവണ്ണം അടക്കി നിർത്താൻ കഴിയുന്നവനെ ലോകം യന്താവെന്നു പറയുന്നു. കടിഞ്ഞാൺ പിടിച്ചു കുതിരയെ അടക്കാൻ കഴിവുള്ളവനാണു ശരിയായ ഭടൻ. അവൻ കടിഞ്ഞാണിൽ തൂങ്ങി അധഃപതിക്കുന്നില്ല. അതുപോലെ കോപത്തെ അടക്കുവാൻ കഴിവുള്ളവൻ ആപത്തിൽ പതിക്കുകയില്ല.

യദ്യദാചരതിശ്രേഷ്ഠ-
സ്തത്തദേവേതരോ ജനഃ
സ യൽപ്രമാണം കുരുതേ
ലോകസ്തദനുവർത്തതേ.

(ഗീത)

അന്വയം

ശ്രേഷ്ഠഃ യൽ യൽ ആചരതി തൽ തൽ ഏവ
ഇതരഃ ജനഃ (ആചരതി) സഃ യൽ പ്രമാണം
കുരുതേ ലോകഃ തൽ അനുവർത്തതേ.

സാരം

ശ്രേഷ്ഠപുരുഷൻ ഏതേതു കർമ്മത്തെ ആചരിക്കുന്നുവോ അതിനെത്തന്നെ മററുള്ളവരും ആചരിക്കുന്നു. അവൻ ഏതിനെ പ്രമാണമാക്കി സ്വീകരിക്കുന്നുവോ ജനങ്ങളും അതിനെ അനുസരിക്കുന്നു.

താണുതാണുയരത്തേക്കു
തത്ത്വവേദികൾ കേറവേ
പൊങ്ങിപ്പൊങ്ങിക്കീഴപ്പോട്ടു
പോരുന്നു പടുവിഡ്ഢികൾ.

(ദീപാവലി)

സാരം

യഥാർത്ഥജ്ഞാനികൾ താഴ്മകൊണ്ട് ഉയർച്ചയെ പ്രാപിക്കുമ്പോൾ മൂഢന്മാർ ഗർവംകൊണ്ടു പൊങ്ങിപ്പൊങ്ങി അധഃപതിക്കുന്നു.

നേരേ ലക്ഷ്യത്തിലെത്തിടും
നേരും പകഴിയും സമം.
വളവും പുളവും ചേരും
വ്യാളവും വ്യാജവും സമം.

(ദീപാവലി)

സാരം

സത്യവും അസ്ത്രവും നേരേ ലക്ഷ്യത്തിൽ ചെന്നെത്തുന്നു. സർപ്പവും അസത്യവും വളഞ്ഞു പുളഞ്ഞേ പോവുകയുള്ളൂ.

വാഴ്ത്തിടാം താഴ്ത്തിടാം ലോകർ,
വരാം ലക്ഷ്മി, വരാതെയാം;
ചാകാമിക്ഷണമോ, മേലോ,
സന്മാർഗ്ഗം ധീരർ കൈവിടാ.

(ദീപാവലി)

സാരം

ജനങ്ങൾ സ്തുതിച്ചു എന്നു വരാം; ദൂഷിച്ചു എന്നു വരാം. ഐശ്വര്യം ഉണ്ടായെന്നും ഇല്ലെന്നും വരാം. ഈ നിമിഷത്തിൽത്തന്നെയോ അല്ലെങ്കിൽ എപ്പോഴെങ്കിലുമോ മരിച്ചേക്കാം. എന്തായാലും ധീരന്മാർ സന്മാർഗ്ഗത്തെ ഉപേക്ഷിക്കുകയില്ല.

# ചിന്താലോകത്തിൽ

സംഗീതത്തിൻെറ മാധുര്യം ആസ്വദി ക്കാൻ കഴിയാത്ത ആളെപ്പററി ഞാൻ കഷ്ടംവെയ്ക്കുകയേ ഉള്ളൂ.

—മാക്സ്മുള്ളർ

ഒരു നല്ല ജീവചരിത്രം എഴുതാൻ ഒരു ജീവിതം ബലികഴിക്കണം.

—ചാറത്സ് കിങ്സ്ലീ

ഒന്നുംതന്നെ ആവശ്യത്തിൽകവിഞ്ഞു് എടുക്കാൻ പാടില്ല. ഒരു നിമിഷംപോലും അനാവശ്യമായി വ്യയം ചെയ്യരുതു്. ഉറക്കവും ആഹാരവും എല്ലാംതന്നെ അത്യാവശ്യത്തിൽകവിഞ്ഞു് അല്പംപോലും അനുഭവിച്ചുകൂടാ.

—ഗാന്ധിജി

മാതൃഭൂമിയ്ക്കു മാഹാത്മ്യം കൈവരുത്തുക, അതു പരിപാലിച്ചുകൊണ്ടു മുന്നോട്ടുക, പൊതുജനസേവനമനുഷ്ഠിക്കുക, ഈ മൂന്നു് ആദർശങ്ങൾ സകലരുടേയും ഹൃദയത്തിൽ സദാ കുടികൊള്ളേണ്ടതാണു്.

—സർ സി. വി. രാമൻ

ഈ ലോകത്തിലെ തിന്മയെത്തേടി ഞാൻ അലഞ്ഞു. പക്ഷേ ഒരിടത്തും കാണുവാൻ സാധിച്ചില്ല. അവസാനം ഹൃദയംതുറന്നു് ആത്മശോധന നടത്തിയപ്പോൾ എന്നോളം തിന്മയ്ക്കുടിപെട്ടവർ ആരുമില്ലെന്നു മനസ്സിലായി.

—കബീർ

ദീനന്മാർ ലോകത്തെ കാണുന്നു, പക്ഷേ, ലോകം അവരെ കാണുന്നില്ല.

—റഹിം

തത്ത വിശപ്പുകൊണ്ടുകൂട്ടിൽക്കിടന്നു മരിച്ചു എന്നുവരാം. എന്നാൽ അതേ അവസരത്തിൽ ബലിച്ചോറുണ്ണാൻ നാം കാക്കയെ ആദരപൂർവം ക്ഷണിച്ചുവരുത്തുന്നു.

—വിഹാരിലാൽ

ആത്മനിയന്ത്രണമാണു് എൻെറ മാർഗ്ഗം.

—ഗാന്ധിജി

ദുഷ്ടന്മാരോടു് അപേക്ഷിച്ചിട്ടു് ഫലം കിട്ടുന്നതിനേക്കാൾ എത്ര നല്ലതാണു ശിഷ്ടന്മാരോടു് (സജ്ജനങ്ങളോടു്) അർത്ഥിച്ചിട്ടു് ഫലമുണ്ടാകാതെ പോകുന്നതു്.

—കാളിദാസൻ

## ഗ്രന്ഥനിരീക്ഷണം

# സെബുന്നിസാ

(ഒരു ഏകാങ്കി)

ഗ്രന്ഥകൎത്താ:- ഡോ. എസ്. കെ. നായർ
പബ്ലിഷേഴ്സ്, മംഗളോദയം ലിമിറ്റഡ്,
തൃശ്ശൂർ. വില, ക. 1

അറംഗസീബിന്റെ മകളും കവയിത്രിയുമായ സെബുന്നിസായുടെ അനുരാഗഗതിയെക്കുറിച്ചുള്ള ചരിത്രകഥാംശത്തെ ആസ്പദമാക്കി രചിച്ചിട്ടുള്ള ഒരേകാങ്കനാടകമാണു് ഈ ഗ്രന്ഥം.

ഇറാനിലെ മെഴ്സാഫ്രൂക്കു് സെബുന്നിസയെ വിവാഹം ചെയ്യാൻ ആഗ്രഹിച്ചു. ആ കുമാരൻ സെബുന്നു് അനുരൂപനാണെന്നു് അറംഗസീബും വിചാരിച്ചു. പക്ഷേ ഫ്രൂക്കിനെ രാജകുമാരി നിരാശനാക്കി മടക്കി അയയ്ക്കുകയാണുണ്ടായതു്.

അറംഗസീബിനു്, ആലസ്യം പിടിപെട്ടപ്പോൾ, വൈദ്യന്മാരുടെ ഉപദേശമനുസരിച്ചു്, ചക്രവൎത്തി കുടുംബസമേതം ലാഹോറിൽ താമസിക്കുവാൻ ചെന്നു. അന്നത്തെ ലാഹോർഗവർണർ അഖിൽഖാനായിരുന്നു. ഒരു കവിയും കൂടിയായിരുന്ന അഖിൽഖാനു് സെബുന്നെ പരിചയപ്പെടുവാനും, അവളുടെ കാമുകനാവാനും സാധിച്ചു. ഈ വാൎത്ത ചക്രവൎത്തിയുടെ കാതിലും ചെന്നലച്ചു. പിതാവുമായുണ്ടായ സംഭാഷണം, "എന്നാൽ ആ അഖിൽഖാൻ തന്നെയാകട്ടെ എന്റെ വരൻ" എന്ന സെബുന്റെ അഭിപ്രായപ്രകടനത്തോടുകൂടിയാണവസാനിച്ചതു്. അഖിൽഖാനെ വിളിച്ചുകൊണ്ടു വരുവാൻ ചക്രവൎത്തി ആളയച്ചു. ആപത്തുശങ്കിച്ച അഖിൽ, അന്തഃപുരോദ്യാനത്തിൽവച്ചു് സെബുന്നിസായുമായി (അവസാനത്തെ) രഹസ്യസമാഗമം നടത്തുന്നു. ആ സന്ദൎഭത്തിൽ ചക്രവൎത്തി പെട്ടെന്നവിടെ ആഗതനാവുന്നു. അഖിൽഖാനെ ഒളിച്ചിരുത്തുവാൻ വെള്ളം തിളപ്പിക്കുന്ന ഒരു വാപ്പേ സെബൂന്നു് കിട്ടിയുള്ളു. (വിവരം ഗ്രഹിച്ചിരുന്ന) ചക്രവൎത്തി ആ വാപ്പിലെവെള്ളം തിളപ്പിക്കുവാൻ ആജ്ഞാപിക്കുന്നു. "അഖിൽ, യഥാൎത്ഥപ്രണയം ഇങ്ങനെയാണു് പരീക്ഷിക്കപ്പെടുക, അങ്ങെന്റെ അഭിമാനത്തെ രക്ഷിക്കണം" എന്ന സെബുന്റെ അഭ്യൎത്ഥനയോടുകൂടി നാടകമവസാനിക്കുന്നു.

കഥയെ അനുസ്യൂതമായി മൂൎദ്ധന്യത്തിലേയ്ക്കു നയിക്കുന്നതിനുള്ള നാടകകൎത്താവിന്റെ ശ്രമം വിജയിച്ചിട്ടുണ്ടു്; സ്തുത്യൎഹമാംവണ്ണമെന്നുതന്നെ പറയട്ടെ, ഏതാനും പേജുകളിൽ ഒതുക്കിനിൎത്തിക്കൊണ്ടാണിതു നിൎവ്വഹിച്ചിരിക്കുന്നതെന്നുകൂടി ഓർക്കുമ്പോൾ. വായിക്കാനെന്നപോലെ അഭിനയിക്കാനും കൊള്ളാവുന്ന ചുരുക്കം ചില നാടകങ്ങളില്ലേ? അവയുടെ കൂട്ടത്തിൽ 'സെബുന്നിസാ'യ്ക്കുമുണ്ടൊരു മാന്യമായ സ്ഥാനം.

---

# റബ്ബർവൈഫും മററു കവിതകളും

ഗ്രന്ഥകൎത്താ:. ഒളപ്പമണ്ണ

പബ്ലിഷേഴ്സ്:. മംഗളോദയം ലിമിറ്റഡ്
തൃശ്ശൂർ. വില – 12 ണ.

ഒൻപതു കവിതകളുണ്ടു് ഈ സമാഹാരത്തിൽ. ഇതിലങ്ങിങ്ങുകാണുന്ന നിറപ്പകിട്ടുള്ള വൎണ്ണനകളും, ഉടനീളം കാണുന്ന പ്രസാദാത്മകമായ ശൈലിയും വായന

ക്കാരുടെ ശ്രദ്ധയെ ആകർഷിച്ചേയ്ക്കാം. പക്ഷേ പ്രതിപാദ്യത്തോടുമാത്രമല്ല പ്രതിപാദനത്തോടും അവർക്കു് അവജ്ഞതോന്നാതിരിക്കുവാൻ വഴികാണുന്നില്ല. ലൈംഗികാനാചാരങ്ങളെ ചിത്രീകരിക്കുമ്പോൾ അവയോടു് ആക്ഷേപവും അവജ്ഞയും സ്ഫുരിപ്പിക്കുവാൻ കഴിഞ്ഞില്ലെന്നു വന്നാൽ അതു് കവിയുടെ പരാജയമായി ഗണിച്ചു് വായനക്കാർ ക്ഷമിച്ചേയ്ക്കും. ആ വൈകൃതങ്ങളെ ചിത്രീകരിക്കുന്നതിൽ കവി മത്തടിച്ചാർത്താടുന്നുണ്ടോ എന്നു സംശയിക്കത്തക്കവിധത്തിലാണു് പ്രതിപാദനമെന്നു വന്നാലോ? കവിതന്നെ ഒരിടത്തു പറയുന്നുണ്ടു് "കിറുക്കെന്നുടെ തലയ്ക്കുള്ളിൽപ്പൂക്കുററികൊളുത്തുന്നു!" അതേ! ആ പൂക്കുററിയിൽനിന്നുതിർന്നതാണു് ഈ കവിതകൾ, വായനക്കാരുടെ തലയിലും പൂക്കുററി കൊളുത്തുവാൻ. ചുരുക്കത്തിൽ പരിഹസിക്കുവാൻ പുറപ്പെട്ട കവി പരിഹാസ്യന്മാരുടെ കൂട്ടത്തിൽ താവളമടിച്ചിരിക്കുകയാണു്.

വേണ്ടാത്തതു വെട്ടിത്തുറന്നു പറയാൻ കച്ചകെട്ടിയിരിക്കുകയാണു് ഈ കവി. വേണ്ടതുമാത്രം പറയാതിരിക്കാനും! അതുകൊണ്ടാണു് ഉദ്ദേശ്യം അപ്രാപ്യമായി ഭവിച്ചതു്. മിക്ക കവിതകളുടെയും ചുവടേ അതാതിൽ ചിത്രീകരിച്ചിട്ടുള്ള ലൈംഗിക വൈകൃതങ്ങളോടു് അവജ്ഞ ജനിപ്പിക്കുവാൻ പര്യാപ്തമായ കുറെവരികൾകൂടി എഴുതിച്ചേർക്കേണ്ടതായിട്ടാണിരിക്കുന്നതു്. പക്ഷേ ലൈംഗികമായ മാർഗ്ഗഭ്രംശത്തോടു് സ്വയം അവജ്ഞ തോന്നുന്ന കവിയ്ക്കേ ആ ഭാഗമെഴുതുവാനും, വിജയിക്കുവാനും, സാധിക്കൂ. അങ്ങിനെയുള്ള ഒരു കവി അതെഴുതാതെ ഓരോന്നും ഇങ്ങനെ പെട്ടെന്നു് അവസാനിപ്പിക്കുകയുമില്ല.

"ആത്മീയസൗന്ദര്യം!"—അതുകാണുവാൻ അവലംബിച്ചമാർഗ്ഗം ബഹുവിചിത്രം തന്നെ! ഈ കവിതകളിൽക്കാണുന്ന പൊരുത്തക്കേടുകളെ വിശദമാക്കണമെങ്കിൽ അവയിൽനിന്നു ചില ഭാഗങ്ങൾ ഉദ്ധരിക്കാതെ തരമില്ലല്ലോ. വായനക്കാരെ കിക്കിളിപ്പെടുത്തി അനാരോഗ്യകരമായ നിലപാടിലേയ്ക്കു നയിക്കുന്നതു് തെററാണെന്നു വിചാരിക്കുന്ന ഒരാൾക്കു് അതിനു മനസ്സു വരുന്നതുമല്ല. "ഒരിടത്തരക്കാരനു് ദാമ്പത്യജീവിതം നയിക്കാനുള്ള ധനസ്ഥിതിയില്ല" എന്നു സ്വന്തം പ്രസ്താവനയുടെ വെളിച്ചത്തിൽ, ഇത്തരം കൃതികളുണ്ടാകുന്നതുകൊണ്ടെന്തു മേന്മയാണു് സിദ്ധിക്കുന്നതെന്നു്, കവിതന്നെ അല്പം ശാന്തമായൊന്നാലോചിച്ചു നോക്കട്ടെ!

---

## സിനിമ

ഗ്രന്ഥകർത്താ:— മൂർക്കോത്തു കുഞ്ഞപ്പ.

പബ്ലിഷേഴ്സ്:- മംഗളോദയം ലിമിറ്റഡ്, തൃശ്ശൂർ. വില 12 ണ.

സിനിമ കാണുന്നതിനെന്നപോലെതന്നെ, സിനിമാവാർത്തകൾ കേൾക്കുന്നതിനും തൽപരന്മാണധികംപേരും. അടുത്തകാലത്തു പുറപ്പെട്ടിട്ടുള്ള സിനിമാമാസികകളുടെ എണ്ണംമാത്രം മതി ഇതിനു സാക്ഷ്യംവഹിപ്പാൻ. സിനിമാതാരങ്ങളെക്കുറിച്ചോ മറേറാ ആണു് നിങ്ങൾ പറയുന്നതെങ്കിൽ നിങ്ങൾക്കു് ശ്രോതാക്കൾ ധാരാളമുണ്ടായിരിക്കും. സിനിമയുടെ സാങ്കേതികാംശങ്ങളിലേയ്ക്കു മാത്രം കടന്നേയ്ക്കരുതു്. അങ്ങോട്ടു കടന്നുവോ പിന്നീടു് ശ്രോതാക്കളുടെ താൽപര്യം മങ്ങിത്തുടങ്ങുന്നതും, ചിലർ കോട്ടുവായിടുന്നതും,

ചിലർ നിഷ്ക്രമിക്കുന്നതുപോലും കാണ്മാൻ വളരെ താമസമുണ്ടാവില്ല. ശ്രീ കുഞ്ഞപ്പയുടെ പുസ്തകം വായിച്ചുതുടങ്ങിയാൽ, അതു മുഴമിക്കാതെ എഴുന്നേല്ക്കാൻ മനസ്സു വരില്ല നിങ്ങൾക്ക്. മുൻചൊന്ന കരുതൽ അദ്ദേഹം ദീക്ഷിച്ചിട്ടുണ്ടെന്നതാണതിനുകാരണം. അദ്ദേഹം വായിച്ച സിനിമാലേഖനങ്ങൾ, കണ്ട സിനിമകൾ, സ്റ്റുഡിയോ, താരങ്ങൾ ആദിയായ കാര്യങ്ങളെ മുൻനിർത്തി നിർമ്മിച്ചിട്ടുള്ള ഏഴു 'റീലുക' (വിഭാഗങ്ങ)ളാണു 'സിനിമ'യിലുള്ളതു്. സെലുലായ്ഡിലെ ചിത്രങ്ങളല്ല, ചുറുചുറുക്കുള്ള കൊച്ചുകൊച്ചു വാക്യങ്ങളാണ് ഈ റീലുകളിൽ നിങ്ങൾ കാണുന്നതെന്നൊരു വ്യത്യാസംമാത്രം.

---

## കുഴിമാടം

ഗ്രന്ഥകർത്താ:—കാനം ഈ. ജെ. ഫിലിപ്പ്
പബ്ളിഷർ:— കെ. കുര്യൻജാൺ എം. ഏ., അശോക് ബുക്ക്സ്റ്റാൾ, കോട്ടയം.

വില 15 ണ.

ശോകപര്യവസായിയായ ഒരു പ്രണയകഥതന്നെയാണ് "കുഴിമാട"ത്തിലും. സഹപാഠികളായ പാപ്പച്ചനും ആനിക്കുട്ടിയും പ്രണയബദ്ധരാണ്. സമ്മതത്തിനു വിപരീതമായി പാപ്പച്ചനു ത്രേസ്യാമ്മയു...മിന്നുകെട്ടേണ്ടിവരുന്നു. വിവാഹക്കാര്യം ഗോപ്യമായി വച്ചുകൊണ്ടുതന്നെ പാപ്പച്ചൻ ആനിക്കുട്ടിയുമായുള്ള പ്രണയനാടകം തുടരുന്നുണ്ടു്. അവരുടെ നിശാസമാഗമങ്ങളവസാനിക്കുന്നതു് ഒരു കൊലപാതകത്തോടുകൂടിയാണ്. (കൊലപാതകിയായ) പാപ്പച്ചനെ ജയിൽവാസം വാതരോഗിയാക്കിത്തീർക്കുന്നു. കഷ്ടപ്പാടു തുടങ്ങിയതുമുതൽ പാപ്പച്ചനെ സഹായിക്കാൻ ഒരാളുണ്ടു്—ത്രേസ്യാമ്മ. വീടും പറമ്പും വിററുകിട്ടുന്ന പണംകൊണ്ടു മാത്രമല്ല, കൂലിവേല ചെയ്തും, മററു പലേ കഷ്ടപ്പാടുകൾ അനുഭവിച്ചുകൊണ്ടും ആ സതീരത്നം ഭർത്തൃപരിചരണം നിർവ്വഹിക്കുന്നു. അവസാനം തെണ്ടിയായിത്തീർന്ന അവൾ റോഡരികിൽ കിടന്നു മരിക്കുന്നു. വാതരോഗിയായ പാപ്പച്ചൻ വഴിയാധാരമായി അവശേഷിക്കുകയും ചെയ്യുന്നു.

ഒരൊഴുക്കൻവായനയ്ക്കു കൌതുകം തോന്നിക്കുന്നവിധത്തിലാണു് ഈ കഥ രചിക്കപ്പെട്ടിരിക്കുന്നതു്. പക്ഷേ "ജീവിതയാഥാർത്ഥ്യങ്ങൾ" മാത്രമാണു് ഈ ഗ്രന്ഥത്തിലുള്ളതെന്ന ഗ്രന്ഥകർത്താവിൻെറ സൂചനയെ ചില ഭാഗങ്ങൾ വെല്ലുവിളിക്കുന്നുണ്ടെന്നു പറയാതെ തരമില്ല. വിവാഹശേഷം ഒരു പ്രാവശ്യം തിരിഞ്ഞുനോക്കുകയോ, ഒരു വാക്കുപോലും ഉരിയാടുകയോ ചെയ്തിട്ടില്ലാത്ത ഭർത്താവിനുവേണ്ടി, അദ്ദേഹത്തിൻെറ "കാമുകജീവിതകഥ"യറിഞ്ഞിട്ടും (അങ്ങിനെയല്ലെന്നു വിശ്വസിക്കുവാൻ വയ്യാ!) വൈരാഗ്യലേശമെന്യേ അനുഷ്ഠിക്കുന്ന ശുശ്രൂഷകളും അനുഭവിക്കുന്ന കഷ്ടപ്പാടുകളും ത്രേസ്യാമ്മയെ യഥാർത്ഥലോകത്തിൽനിന്നു പൊക്കിയെടുത്തു് പൌരാണിക സതീരത്നങ്ങളുടെ മണ്ഡലത്തിലാക്കിയിരിക്കുകയാണു്. "കുഴിമാടം കണ്ടു് അറപ്പോടെ അകന്നുമാറുന്ന ഒരു കൂട്ടർ കാണുമെന്നു്" ഗ്രന്ഥകാരൻ വിചാരിക്കുന്നുണ്ടു്. അക്കൂട്ടരുടെ സംഖ്യയെ കുറയ്ക്കാതിരിക്കുവാൻ പര്യാപ്തം തന്നെയാണു് ഈ ഗ്രന്ഥത്തിൻെറ അച്ചടിയും.

---

## സാഹിത്യദീപിക

**ശ്രീ. പി. ടി. കുരിയാക്കു ഷഷ്ടിപൂർത്തിസ്മാരകം. പ്രസാധകൻ:– ശിഷ്യസഭാ പ്രവർത്തകസമിതി, സംസ്കൃതകാളേജ് പാവറട്ടി വില 3 ക.**

ഭേദപ്പെട്ട നിലപ്രാപിച്ചിട്ടുള്ള മിക്ക വിദ്യാപീഠങ്ങളുടേയും ചരിത്രത്തിലൂടേ ഒന്നു കണ്ണോടിച്ചാൽ കാണാം (ആ സ്ഥാപനങ്ങൾക്കു വേണ്ടി) നിസ്വാർത്ഥസേവനമനുഷ്ഠിച്ച ചില വ്യക്തികളുടെ പേരുകൾ; പാവറട്ടി സംസ്കൃതകാളേജിൻെറ കാര്യത്തിൽ അതിൻെറ സ്ഥാപകനും പ്രിൻസിപ്പാളുമായ ശ്രീ. പി. ടി. കുരിയാക്കുവിൻെറതായിരിക്കും ആ നാമം. ഒരു എഴുത്തുപള്ളിയായി ആരംഭിച്ച സ്ഥാപനത്തെ ഒരു സംസ്കൃതകാളേജായി ഉയർത്തുവാൻ ആ സംസ്കൃതപ്രണയി എത്രയേറെ പ്രയത്നിച്ചിട്ടുണ്ടാവണം! നാലു ദശാബ്ദങ്ങളിൽ പരം കാലമായി സംസ്കൃതഭാഷാപ്രചാരത്തിനുവേണ്ടി അക്ഷീണം പരിശ്രമിച്ചുപോരുന്ന ഈ ക്രൈസ്തവപണ്ഡിതൻെറ ഷഷ്ടിപൂർത്തിയിൽ ഒരു സ്മാരകഗ്രന്ഥം പുറപ്പെടുവിച്ചതു് സമുചിതമായിട്ടുണ്ടു്. സന്ദർഭത്തിനൊത്ത, ഒരു നല്ല ഗ്രന്ഥം തയ്യാറാക്കുവാൻ കഴിഞ്ഞതിൽ തത്പ്രവർത്തകർക്കു് ന്യായമായി അഭിമാനിക്കുകയും ചെയ്യാം.

ശ്രീ. കുരിയാക്കുവിൻെറ "ജീവചരിത്രസംക്ഷേപവും," കെ. വി. എമ്മിൻെറ "കുലപതി കുരിയാക്കോസ്സും" ആ വിദ്യാഭ്യാസപ്രവർത്തകനെ സാമാന്യമായി പരിചയപ്പെടുത്തുവാൻ പര്യാപ്തമാണു്. സാഹിത്യം, ശാസ്ത്രം, സംഗീതം, തുടങ്ങിയ ശാഖകളിലായി ഇരുപത്തിമൂന്നു ലേഖനങ്ങൾ കൂടിയുണ്ടു് 'സാഹിത്യദീപിക'യിൽ. ശ്രീ. പി. ശങ്കരൻനമ്പ്യാർ, പുത്തേഴം, ആറൂർ,ഗോവിന്ദൻകുട്ടിനായർ, കെ. പി. നാരായണപ്പിഷാരടി, പി. കെ. കോരു, പി. സി. വാസുദേവനിളയതു്, കെ. അച്ചുതപ്പൊതുവാൾ തുടങ്ങിയ മഹാരഥന്മാരുടെ ലേഖനങ്ങളോടുകൂടിയ ഈ 'സ്മാരകഗ്രന്ഥം' കൈരളിയ്ക്കൊരു നേട്ടം തന്നെയാണു്.

പി. എസ്.

---

യാത്രക്കാരൻ—(തോണിക്കാരനോടു്) നിൻെറ അച്ഛൻ എവിടെകിടന്നാണു മരിച്ചതു്?
തോണിക്കാരൻ—കടലിൽ കിടന്നു്.
യാത്ര—മുത്തച്ഛനോ?
തോണി—മുത്തച്ഛനും കടലിൽകിടന്നാണു മരിച്ചതു്.
യാത്ര—എന്നിട്ടും നീ കടലിൽത്തന്നെ അധികസമയവും കഴിച്ചുകൂട്ടുന്നതെന്താണു്? നിനക്കു ഭയം തോന്നുന്നില്ലേ?
തോണി—നിങ്ങളുടെ അച്ഛൻ എവിടെകിടന്നു മരിച്ചു?
യാത്ര—വീട്ടിൽ.
തോണി—മുത്തച്ഛനോ?
യാത്ര—മുത്തച്ഛനും വീട്ടിൽത്തന്നെ.
തോണി—എന്നിട്ടും നിങ്ങൾക്കു വീട്ടിൽ താമസിക്കാൻ ഭയം തോന്നുന്നില്ലേ?
യാത്ര— (മൌനം)

## ഗ്രന്ഥശാലാസംഘം ഭരണസമിതിയോഗം

ഭരണസമിതിയുടെ ഒരു യോഗം സെപ്റ്റംബർ 30-ാം തീയതി ശ്രീ. പറവൂർ, ടി. കെ. നാരായണപിള്ളയുടെ അദ്ധ്യക്ഷതയിൽകൂടി.

ഗ്രന്ഥശാലാ മാനുവൽ പരിഷ്കരിക്കുന്നതിനുവേണ്ടി ശ്രീ. സി. നാരായണപിള്ള, എം. തോമസ്, എം. എ. എൽ. റ്റി., എ. ശങ്കരപ്പിള്ള എം. എ., എൽ. റ്റി. എന്നിവരുൾപ്പെട്ട ഒരു സബ്കമ്മിററിയെ ചുമതലപ്പെടുത്തി.

ഫിനാൻസ് കമ്മിററികൂടി ധനശേഖരം ഊർജ്ജിതപ്പെടുത്തുന്നതിനു തീരുമാനിച്ചു.

സംഘം ഭരണഘടനയിലെ തെരഞ്ഞെടുപ്പുവ്യവസ്ഥയനുസരിച്ച് 1953 ജനുവരി അവസാനത്തിനകം സംഘത്തിന്റെ പൊതുതെരഞ്ഞെടുപ്പു നടത്താൻ തീരുമാനിച്ചു. ഒക്ടോബർ 31-ാം തീയതിയ്ക്കകം ഓരോ ഗ്രന്ഥശാലയും രണ്ടു പ്രതിനിധികളെ വീതം തെരഞ്ഞെടുത്തു് അവരുടെ പേരുവിവരം സംഘം ആഫീസിലറിയിക്കേണ്ടതാണ്. ഡിസംബർ 30-ാം തീയതിയ്ക്കകം ഓരോ താലൂക്കിലേയും പൊതുപ്രതിനിധികളുടെ തെരഞ്ഞെടുപ്പു താലൂക്ക് ഓർഗനൈസിംഗ് ഇൻസ്പെക്ടറന്മാരുടേയും യൂണിയൻ പ്രവർത്തനം നടത്തുന്ന താലൂക്കുകളിൽ യൂണിയനുകളുടേയും സഹകരണത്തോടുകൂടി നടത്തേണ്ടതാണ്.

തെരഞ്ഞെടുക്കപ്പെടുന്ന ഗ്രന്ഥശാലാ പ്രതിനിധികളുടെ പൊതുയോഗം കൂടുന്ന സ്ഥലവും തീയതിയും യഥാവസരം പ്രസിദ്ധപ്പെടുത്താനും തീരുമാനിച്ചു.

## ഗ്രന്ഥശാലാസംഘം പൊതുതെരഞ്ഞെടുപ്പ്

സെപ്റ്റംബർ 30-ാം തീയതി കൂടിയ സംഘം ഭരണസമിതിയുടെ തീരുമാനമനുസരിച്ചു് ഗ്രന്ഥശാലാസംഘം പൊതുതെരഞ്ഞെടുപ്പിന്റെ പ്രാരംഭമായി വായനശാലകളിൽനിന്നും രണ്ടു പ്രതിനിധികളെ വീതം തെരഞ്ഞെടുത്തു് അവരുടെ പേരുവിവരവും മേൽവിലാസവും ഒക്ടോബർ 31-ാംതീയതിയ്ക്കകം ആഫീസിൽ അറിയിക്കുന്നതിനുവേണ്ടി എല്ലാ അംഗഗ്രന്ഥശാലകൾക്കും കാർഡുകൾ അയച്ചിട്ടുണ്ട്. ഏതെങ്കിലും വായനശാലയ്ക്കു കാർഡു ലഭിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണം പോസ്റ്റൽ തകരാറായിരിക്കും. കാർഡു കിട്ടാത്ത വായനശാലക്കാർ ഈ വിജ്ഞാപനം അനുസരിച്ചു് രണ്ടു പ്രതിനിധികളെ തെരഞ്ഞെടുത്തു് വിവരം സംഘം ആഫീസിൽ അറിയിക്കണമെന്നു താല്പര്യപ്പെടുന്നു.

ഗ്രന്ഥാലോകം മാസികവരി, സംഘം വാഷികവരി എന്നീ ഇനങ്ങളിൽ 1952-53 ഉൾപ്പെടെയുള്ള എല്ലാ കുടിശ്ശികകളും അടച്ചു് പൊതുയോഗത്തിൽ പ്രതിനിധികൾ സംബന്ധിക്കേണ്ടതാണെന്നുള്ള വിവരം പ്രത്യേകം അനുസ്മരിപ്പിച്ചുകൊള്ളുന്നു.

## ലൈബ്രറിഗ്രാൻറ് പരിശോധന

1952-53-ലെ ലൈബ്രറിഗ്രാൻറു പരിശോധനയ്ക്കുവേണ്ടി ഗ്രഡേഷൻ കമ്മിററി വിവിധതാലൂക്കുകളിൽ സഞ്ചരിച്ചുകൊണ്ടിരിക്കയാണ്. ഇതിനകം തോവാള, അഗസ്തീശ്വരം, കൽക്കുളം,

വിളവംകോട്ട്, നെയ്യാററിൻകര, നെടുമങ്ങാട്ട്, ചിറയിൻകീഴ് എന്നീ താലൂക്കുകളിലെ ലൈബ്രറികൾ പരിശോധിച്ചു കഴിഞ്ഞിട്ടുണ്ട്.

രാത്രി 10 മണിവരേയും വായനശാലകൾ തുറന്നിട്ട് കമ്മിററിയുടെ വരവു പ്രതീക്ഷിക്കുന്നതിൽ പ്രവർത്തകർ കാണിച്ച ഔത്സുക്യം പ്രശംസനീയമായിരുന്നു.

ഗ്രാൻറുകൾ കഴിയുന്നത്ര നേരത്തെ ലഭിക്കുന്നതിനും എല്ലാ വായനശാലകളും പരിശോധിക്കുന്നതിനും വേണ്ടി കമ്മിററി പരിശോധന കാലേകൂട്ടി ആരംഭിച്ചിരിക്കയാണു്.

ഗ്രന്ഥശാലാ പ്രവർത്തനത്തിലേർപ്പെട്ടിരിക്കുന്നവർ മററു ജോലികൾക്കിടയിൽ വെറും സേവനബുദ്ധിയോടുകൂടിയാണു ഈ പ്രവർത്തനം നടത്തുന്നതു്. ഒരു താലൂക്കിലെ ലൈബ്രറികൾ പരിശോധിക്കുന്നതിനു കമ്മിററിക്കു മൂന്നും നാലും ദിവസംവേണ്ടി വന്നേയ്ക്കും; താലൂക്കിലെ വായനശാലാ പ്രവർത്തകർ ആ ദിവസങ്ങളിൽ ഇതര ജോലികളെല്ലാമുപേക്ഷിച്ചു് കമ്മിററിയുടെ വരവു പ്രതീക്ഷിച്ചു് വായനശാലകളിൽ ഉണ്ടായിരിക്കണമെന്നു കമ്മിററി ആഗ്രഹിക്കുന്നില്ല. കണക്കുകളും റിക്കാർഡുകളും പരിശോധിക്കുന്നതിനു സൌകര്യപ്പെടത്തക്കവിധത്തിൽ വായനശാലയുടെയും അലമാര തുടങ്ങിയ ഉപകരണങ്ങളുടെയും താക്കോലും മററും അടുത്തുള്ള ഒരു പ്രവർത്തകനെ ഏല്പിക്കുകയോ അല്ലാത്ത പക്ഷം അതിനുവേണ്ട മററു സൌകര്യങ്ങൾ ഏർപ്പെടുത്തിയിരിക്കയോ ചെയ്താൽ മതിയാവുന്നതാണു്.

കമ്മിററിയുടെ പ്രോഗ്രാം നേരത്തെ പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തുന്നതുമാണു്.

# ഗ്രന്ഥശാലാവാർത്തകൾ

## S. M. മെമ്മോറിയൽ ലൈബ്രറി & റീഡിംഗ്റൂം, ഇളംകുളം.

ഈ വായനശാലയുടെ ഒരു പൊതുയോഗം 5—5—52—ൽ കൂടി ശ്രീ. സി. കെ. ശങ്കരപ്പിള്ള പ്രസിഡൻറായും വി. പി. ശിവരാമപിള്ള വൈസ് പ്രസിഡൻറായും, കെ. ആർ. ചന്ദ്രശേഖരൻ നായർ സെക്രട്ടറിയായും എം. കെ. ശിവരാമൻനായർ ഖജാൻജിയായും ഒരു പുതിയ ഭരണസമിതിയെ തെരഞ്ഞെടുത്തു.

## ഗ്രാമീണവായനശാല, ചോററാനിക്കര

ഈ വായനശാലയുടേ വാർഷികസമ്മേളനം മേയ് 17—ാംനു- മിസ്സസ്, ആർ. പി. പിള്ള B. A. യുടെ അദ്ധ്യക്ഷതയിൽ നടത്തി. യോഗത്തിൽ പി. വി. കൃഷ്ണൻനായർ, B. O. L. വി. ആർ. കൃഷ്ണനെഴുത്തച്ഛൻ പി. കുഞ്ഞുകൃഷ്ണമേനോൻ എന്നിവർ പ്രസംഗിച്ചു. രാത്രിയിൽ "മഹിള" എന്ന നാടകവും അഭിനയിക്കുകയുണ്ടായി.

## മഹാത്മാവായനശാല, വാഴ്ത്തുത്തി

ഈ വായനശാലയുടെ 2—ാമതു വാർഷികസമ്മേളനം മേയ് 17—ാനു- ശ്രീ. പി. എ. ഭാസ്കരൻ ബി. എ. ഡി. എസ്. ഏ. യുടെ അദ്ധ്യക്ഷതയിൽ നടത്തി. യോഗത്തിൽ ശ്രീ. ചൗധുരി ധാരാസിംഗ് B. A. R. B. V., ലേഡി വിദ്വാൻ ഈ. കെ. ശാരദാദേവി, ഓർഗനൈസിംഗ് ഇൻസ്പെക്ടർ ററി. എ. മൃത്യുഞ്ജയൻ എന്നിവർ പ്രസംഗിച്ചു.

## പ്രോഗ്രസ്സീവ് റീഡിംഗ്റൂം & ലൈബ്രറി, പുല്ലയിൽ, കിളിമാനൂർ

ഈ ലൈബ്രറിയുടെ പ്രഥമവാർഷികയോഗം മേയ് 15—ാനു- തിരു-കൊച്ചി ഗ്രന്ഥശാലാസംഘം ജനറൽ സെക്രട്ടറി ശ്രീ. പി. എൻ. പണിക്കരുടെ അദ്ധ്യക്ഷതയിൽ ആഘോഷിച്ചു. ശ്രീ. പി. ഭാസ്കരൻ, വയ്ക്കം ചന്ദ്രശേഖരൻനായർ, മുതൽപേർ പ്രസംഗിച്ചു. രാത്രിയിൽ ധൂമകേതു എന്ന നാടകം പ്രോഗ്രസ്സീവ് ആർട്ട് ക്ലബ്ബ് അംഗങ്ങൾ അഭിനയിക്കുകയുണ്ടായി.

## S. H. റീഡിംഗ്ക്ലബ്ബ് & ലൈബ്രറി, ആയവന

ഈ വായനശാലയുടെ 16—ാമതു വാർഷികയോഗം മേയ് 18—ാംനു- മൂവാററുപുഴ ഒന്നാംക്ലാസ്സ് മജിസ്റ്റ്രേട്ട് എൻ. ഐ. ഔസേപ്പ് B. A. B. L. ൻെറ അദ്ധ്യക്ഷതയിൽ നടന്നു. യോഗത്തിൽ ശ്രീ. എൻ. പി. വറുഗീസ് B. A. B. L. M. L. A., K. M. ജോർജ് B. A. B.L., E.P. പൗലോസ് B.A., B.L. X M. L. A. എന്നിവർ പ്രസംഗിച്ചു.

## സർക്കാർ ഗ്രാമീണവായനശാല, വൈററില

ഈ വായനശാലയുടെ വാർഷികം ശ്രീ. പന്തളം പി. ആർ. മാധവൻപിള്ളയുടെ അദ്ധ്യക്ഷതയിൽ നടത്തി. ശ്രീ. പെരുന്ന കെ. എൻ. നായർ സി. ഉണ്ണിരാജാ, എന്നിവർ പ്രസംഗിച്ചു.

### തെള്ളിയൂർ. യൂത്ത്ലീഗ് ലൈബ്രറി & റീഡിംഗ്റൂം.

ഈ വായനശാലയുടെ വാർഷികം മേയ് 25–ാംനു- ശ്രീ. O. C. നൈനാൻ M. L. A. യുടെ അദ്ധ്യക്ഷതയിൽ കൊണ്ടാടി. സി. ററി. മത്തായി B. A. പ്രസിഡൻറായും, K. V. ഗോവിന്ദപ്പിള്ള സെക്രട്ടറിയായും, പി. വി. മാത്യു ഖജാൻജിയായും ഒരു ഭരണസമിതിയെ തെരഞ്ഞെടുത്തു.

### വെള്ളിയാമററം സെൻറ് ജോസഫ്സ് ലൈബ്രറി, കാഞ്ഞാർ.

ഈ ലൈബ്രറിയുടെ രണ്ടാമത്തു വാർഷികം മേയ് 25–ാംനു- സി. ഇസഡ്. B. A. hons, ൻെറ അദ്ധ്യക്ഷതയിൽ ആഘോഷിച്ചു. ശ്രീ. കെ. വി. മാണി പി. എം. മാത്യു M. A., ശ്രീമതി. പി. ജെ. തങ്കമ്മ എന്നിവർ പ്രസംഗിച്ചു.

### സാഹിത്യപോഷിണി ലൈബ്രറി & റീഡിംഗ്റൂം ചതുർത്ഥ്യാകരി, മങ്കൊമ്പ്.

ഈ വായനശാലയുടെ ഒരു യോഗം മേയ് 18–ാംനു- കൂടി വി. രാഘവൻ പിള്ള പ്രസിഡൻറായും, K. N. കേശവ പിള്ള വൈസ്പ്രസിഡൻറായും, M. K. പുരുഷോത്തമദാസ്സ് സെക്രട്ടറിയായും, ഒരു പുതിയ ഭരണസമിതിയെ തെരഞ്ഞെടുത്തു.

### വിജ്ഞാനോദയം വായനശാല, പട്ടണക്കാട്ട്

ഈ വായനശാലയുടെ 2–ാമതു വാർഷികം ശ്രീ. പി. കേശവദേവിൻെറ അദ്ധ്യക്ഷതയിൽ ആഘോഷിച്ചു. ശ്രീ. കെ. ആർ. ദാമോദരൻ, വയലാർ രാമവർമ്മ, പി. കെ. ബാലകൃഷ്ണൻ, ചെറുകാട്, കെ. ജി. നാഥ് എന്നിവർ പ്രസംഗിച്ചു. ഡോ: കെ. ബി. നായർ പ്രസിഡൻറായും, പി. എം. കാദർപിള്ള വൈസ്പ്രസിഡൻറായും കെ. ആർ. ദാമോദരൻ സെക്രട്ടറിയായും ഒരു പുതിയ ഭരണസമിതിയെ തെരഞ്ഞെടുത്തു. ഈ വാർഷികം നടത്തുന്നതിന് പട്ടണക്കാട്ട് ശ്രീ. നാരായണ വിലാസം ഐക്യസംഘം 51 രൂപാ സംഭാവന ചെയ്ത വിവരം പ്രത്യേകം പ്രസ്താവ്യമാണ്.

### Y. M. C. A വായനശാല, നാരങ്ങാനം

ഈ വായനശാലയുടെ ഒരു പൊതുയോഗം കൂടി പ്രസിഡൻറായി അഡ്വോക്കേററ് എൽ. ജി. ചാക്കോ, B. A. B. L. നേയും സെക്രട്ടറിമാരായി പി. എം. ജോർജിനേയും കെ. എം. തോമ്മാസിനേയും തിരഞ്ഞെടുത്ത് ഒരു ഭരണസമിതി രൂപീകരിച്ചു. K. K. അബ്രഹാം, സി. വി. ജോർജ് ഇവരെ യഥാക്രമം ഖജാൻജി, വൈസ്പ്രസിഡൻറ് എന്നിവരായും തെരഞ്ഞെടുത്തു.

### ആനന്ദപ്രദായിനി ഗ്രന്ഥശാല, ആലപ്പുഴ

ഈ ഗ്രന്ഥശാലയുടെ 15–ാമതു വാർഷികസമ്മേളനം ശ്രീ. N. P. ചെല്ലപ്പൻ നായർ B. A. B. L. ൻെറ അദ്ധ്യക്ഷതയിൽകൂടി. S. D. കേളേജ് പ്രിൻസിപ്പാൾ V. രാമനാഥൻ M. A. L. T. സമ്മേളനം ഉൽഘാടനം ചെയ്തു. തുടർന്ന് ഫറോക്ക് കോളജ് പ്രൊഫസർ M. M. ഷുക്കൂർ. M. A. L. L. B; പണ്ഡിററ് K. K. പണിക്കർ; വയലാർ രാമവർമ്മ,

എന്നിവർ സുദീർഘങ്ങളായ പ്രസംഗങ്ങൾ നടത്തി.

### ശ്രീനാരായണ മെമ്മോറിയൽ ലൈബ്രറി, കളത്തൂർ, കഴക്കൂട്ടം.

ഈ വായനശാലയുടെ ഒരു പൊതുയോഗം ജലൈ 21-ാംതീയതികൂടി ശ്രീ. സി. വി. ദാമോദരൻ പ്രസിഡന്റായും ഡാക്ടർ എ. രാമകൃഷ്ണൻ വൈസ്പ്രസിഡന്റായും എൻ. രാമകൃഷ്ണൻ സെക്രട്ടറിയായും കെ. സദാശിവൻ ഖജാൻജിയായും 18 പേരുൾപ്പെട്ട ഒരു കമ്മററിയെ തെരഞ്ഞെടുത്തു. 1350 രൂപ വരവും 1300 രൂപ ചെലവും വരുന്ന ഒരു ബഡ്ജററ് അംഗീകരിച്ചു. സർക്കലേററിംഗ് സിസ്റ്റം നടപ്പിലാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

പ്രസ്തുത ഗ്രന്ഥശാലയുടെ 32-ാമതു വാർഷികം ശ്രീ. കൈനിക്കര പത്മനാഭപിള്ളയുടെ അദ്ധ്യക്ഷതയിൽ കന്നി 5-ാം തീയതി ആഘോഷിക്കപ്പെട്ടു. സമ്മേളനത്തിൽ ശ്രീ. വേണാട്ടു കരുണാകരൻ, സി. ജെ. തോമസ് എന്നിവർ പ്രസംഗിച്ചു.

രാവിലെ 1000-ത്തിലധികം സാധുക്കൾക്കു അന്നദാനം നടത്തിയെന്നുള്ളതും പ്രത്യേകം പ്രസ്താവ്യമാണ്.

3108പുസ്തകങ്ങൾ ഗ്രന്ഥശാലയിലുണ്ട്. 1951—52 -ൽ 240രൂ. ഗ്രാൻറുകൊടുത്തു. 440 രൂ. 11 ണ. യ്ക്കു പുതിയ പുസ്തകങ്ങൾ വാങ്ങുകയും 60 രൂ. ബയൻറിംഗിനു ചെലവാക്കുകയും ചെയ്തിട്ടുണ്ട്.

### നെടുമൺ ഗ്രാമീണഗ്രന്ഥശാല, പറക്കോട്ട്.

ഗ്രന്ഥശാലാമന്ദിരത്തിന്റെ ശിലാസ്ഥാപനകർമ്മം ജൂലൈ 13-ാംതീയതി ശ്രീ. എൻ. ശ്രീധരൻനായർ ബി. എ. ബി. എൽ. നിർവ്വഹിച്ചു. തുടർന്നു വാർഷികസമ്മേളനം പനങ്ങാട്ടു ശ്രീ. കേശവനുണ്ണിത്താന്റെ അദ്ധ്യക്ഷതയിൽ നടത്തി. വിദ്വാൻ കോഴിശ്ശേരി, ഓമല്ലൂർ കൊച്ചുകൃഷ്ണൻ, കെ.വി. കുര്യൻ B.A. വി.ലക്ഷ്മിനാരായണയ്യർ B. A. L. T. മാസ്റ്റർ എൻ കൊച്ചുകേശവൻ എന്നിവർ പ്രസംഗിച്ചു. ശ്രീമതി രാധാമണി & പാർട്ടിയുടെ പാട്ടുകച്ചേരിയും ശ്രീരാമൻനായർ & ബ്രദേഴ്സിന്റെ ഗാനാലാപവും ഉണ്ടായിരുന്നു.

### പൊതുജനവായനശാല, പള്ളിപ്പുറം.

പ്രസ്തുത വായനശാലയുടെ ഒന്നാമതു വാർഷികം ജൂലൈ 8-ാംതീയതി കെ. വി. ജോസഫിന്റെ അദ്ധ്യക്ഷതയിൽകൂടി. ശ്രീ. ജോസഫ് മാത്തൻ യോഗം ഉത്ഘാടനം ചെയ്തു. ശ്രീ. രാമകൃഷ്ണദാസ്, പി. എസ്സ്. ശാസ്ത്രി, എസ്സ്. വേലായുധൻ, എന്നിവർ പ്രസംഗിക്കുകയുണ്ടായി.

### ഗ്രാമീണവായനശാല, കങ്ങാണശ്ശേരി

ഒരു വിശേഷാൽ പൊതുയോഗം ജൂലൈ 25-ാ നു- ശ്രീ. കെ. എസ്സ്. ചന്ദ്രൻ ബി. എസ്സ്സി-യുടെ അദ്ധ്യക്ഷതയിൽ കൂടി. ഉദ്യോഗാർത്ഥം ബാംബേയ്ക്കു പോകുന്ന സെക്രട്ടറി ശ്രീ. ഈ ബാലകൃഷ്ണന് ഒരു യാത്രയയപ്പു നൽകി. പ്രസിഡന്റായി ശ്രീ. പി. കെ. മണത്തലിനെയും സെക്രട്ടറിയായി ശ്രീ. വി. യു. ശങ്കരനാരായണനെയും തെരഞ്ഞെടുത്തു.

### ഗ്രാമോദ്ധാരണവായനശാല, കോട്ടുകാൽ

ഈ വായനശാലയുടെ ഒരു വിശേഷാൽ പൊതുയോഗം ആഗസ്റ്റ് 2-ാനു- ശ്രീ. എൻ.

ഗോവിന്ദപ്പിള്ളയുടെ അദ്ധ്യക്ഷതയിൽ കൂടി. ശ്രീ. എൻ. ശിവദാസൻ പ്രസിഡന്റായും ശ്രീ. എൻ. ഗോവിന്ദപ്പിള്ള സെക്രട്ടറിയായും 17 പേരുൾപ്പെട്ട ഒരു കമ്മറ്റിയെ തെരഞ്ഞെടുത്തു.

## തിരുവനന്തപുരം താലൂക്ക ഗ്രന്ഥശാലായൂണിയൻ

തിരുവനന്തപുരം താലൂക്ക് ഗ്രന്ഥശാലായൂണിയന്റെ പ്രചരണപരിപാടിയും ഗ്രന്ഥശാലകളുടെ സന്ദർശനവും തുടർന്നു വരുന്നു. ഈ താലൂക്കിന്റെ പല ഭാഗങ്ങളിലായി ഇരുപത്തിയെട്ടു ഗ്രന്ഥശാലകൾ സന്ദർശിക്കയുണ്ടായി. ഈ സ്ഥലങ്ങളിലെല്ലാം ഓരോ ഗ്രന്ഥശാലാപ്രവർത്തകരും യൂണിയനുമായി സഹകരിച്ചു് വേണ്ട പ്രോത്സാഹനം കാണിക്കുന്നു. പല സ്ഥലങ്ങളിലും ഗ്രന്ഥശാലാപ്രവർത്തകരെ കൂടാതെ വ്യക്തികളിൽനിന്നു യൂണിയനു പലവിധത്തിലുള്ള സഹായങ്ങളും ലഭിക്കുകയുണ്ടായി. യൂണിയന്റെ പ്രവർത്തനംകൊണ്ടു് ഈ താലൂക്കിലെ ഗ്രന്ഥശാലാപ്രവർത്തനത്തിനു പൊതുവേ ഒരു ഊർജ്ജിതം കാണുന്നുണ്ടു്. ഗ്രന്ഥശാലകളുമായി യാതൊരു വിധത്തിലും ഇടപെടാതിരുന്ന നാട്ടുകാർ ഇപ്പോൾ കൂടുതൽ പ്രയോജനകരമായ വിധത്തിൽ ഗ്രന്ഥശാലകളെ ഉപയോഗിക്കുന്നു.

യൂണിയനിൽനിന്നും എം. എൽ. ഏ-മാരായ ശ്രീ. ജി. ചന്ദ്രശേഖരപിള്ള, ശ്രീ. പി. എസ്സ്. നടരാജപിള്ള എന്നിവരെക്കൊണ്ടു് ചീഫ്മിനിസ്റ്ററോടു ഗ്രാന്റുതുക വർദ്ധിപ്പിക്കേണ്ടതിനെപ്പറ്റി നടത്തിയ നിവേദനത്തിനു അനുഭാവപൂർവ്വം മറുപടി ലഭിച്ചിട്ടുണ്ടു്. യൂണിയന്റെ ശ്രദ്ധയിൽപ്പെടുന്ന സംഗതികളും പ്രവർത്തനച്ചുരുക്കവും യഥാസമയം സംഘം ജനറൽ സിക്രട്ടറിയെ അറിയിച്ചുകൊണ്ടിരിക്കുന്നു. യൂണിയന്റെ പ്രവർത്തനത്തിൽ അഭിനന്ദനം രേഖപ്പെടുത്തിക്കൊണ്ടു്, സകല സഹായങ്ങളും വാഗ്ദാനം ചെയ്തുകൊണ്ടും ഉള്ള പ്രോത്സാഹജനകമായ കത്തുകൾ സംഘത്തിൽനിന്നും യൂണിയനു അപ്പോഴപ്പോൾ കിട്ടുന്നുണ്ടു്. ഗ്രന്ഥശാലകളിൽനിന്നും ലഭിക്കുന്ന പരാതികൾക്കു് പരിഹാരം നേടിക്കൊടുക്കുന്നതിനു യൂണിയൻ അങ്ങേഅററം പരിശ്രമിക്കുന്നുണ്ടു്. ഈ താലൂക്കിലെ ഗ്രന്ഥശാലകളുടെ ഒരു സ്ഥിതിവിവരക്കണക്കു് യൂണിയൻ ശേഖരിച്ചു് അതിനെ ആസ്പദമാക്കി ഒരു റിപ്പോർട്ടു തയാറാക്കി ഗ്രേഡേഷൻ കമ്മറ്റിക്കും കേന്ദ്രസംഘത്തിനും സമർപ്പിക്കുന്നതും അതിന്റെ അച്ചടിച്ച ഓരോ പ്രതി എല്ലാ ഗ്രന്ഥശാലകൾക്കും അയച്ചുകൊടുക്കുന്നതുമാണു്. ഒരുമാസത്തിനകം സന്ദർശനപരിപാടി അവസാനിക്കുന്നതും തുടർന്നു് അടിയന്തിരമായി ശ്രദ്ധപതിപ്പിക്കേണ്ട ഗ്രന്ഥശാലകളിലേക്കു് യൂണിയന്റെ ശ്രദ്ധ തിരിയുന്നതുമാണു്. പുതിയതായി ഒരു ഗ്രന്ഥശാലയെക്കൂടി യൂണിയനിലെ അംഗമായി ചേർത്തിട്ടുണ്ടു്. തിരുവനന്തപുരത്തുവച്ചു യൂണിയന്റെ ആഭിമുഖ്യത്തിൽ ഒരു ഗ്രന്ഥശാലാസമ്മേളനം കൂട്ടുന്നതിനു യൂണിയൻ ആലോചിച്ചുകൊണ്ടിരിക്കുന്നു.

# SCHOLAR BOOKS

## പകുതിവിലയ്ക്കു പുസ്തകങ്ങൾ

സ്കോളർഗ്രന്ഥാവലി എന്ന പേരിൽ ഞാൻ ഒരു പ്രസിദ്ധീകരണം ആരംഭിച്ചിരിക്കുന്നു. താഴെ കാണുന്ന പുസ്തകങ്ങൾ ഇതിനകം പ്രസിദ്ധപ്പെടുത്തിക്കഴിഞ്ഞു.

| | | | |
|---|---|---|---|
| 1 | യുദ്ധവും സമാധാനവും | 15 ക. | (വിശ്വവിഖ്യാതനായ ലിയൊ ടോൾസ്റ്റായിയുടെ സുപ്രസിദ്ധനോവൽ—മലയാളത്തിൽ) 2500 പേജ്—5 ഭാഗങ്ങൾ. |
| 2 | അന്നകരിന | 3 | (ടോൾസ്റ്റായിയുടെ പേരെടുത്ത മറ്റൊരു നോവൽ) |
| 3 | മോണ്ടിക്രിസ്റ്റോ | 7 | (ലോകപ്രസിദ്ധനായ അലക്സാണ്ടർ ഡൂമാസിന്റെ ഒരൊന്നാംതരം നോവലിന്റെ തർജ്ജമ) റായൽ സൈസ് പേജ് 700—2 ഭാഗങ്ങൾ. |
| 4 | ടെസ്സ് | 2 | (സുപ്രസിദ്ധ സാഹിത്യകാരനായ തോമസ് ഹാർഡിയുടെ ടെസ്സ് ഓഫ് ഡുർബർവിൽസ് എന്ന നോവലിന്റെ പരിഭാഷ) |
| 5 | കൊച്ചമ്മണി—നോവൽ | 1-8 | |
| 6 | മോളെന്റെ മോൻ നിന്റെ | 2 | (ഈയിടെ വളരെയേറെ വിമർശനങ്ങൾക്കിടയായിട്ടുള്ള ഒരു നോവൽ) |
| 7 | ലോകമതങ്ങൾ | 1 | (ലോകത്തിലുള്ള എല്ലാ മതങ്ങളെപ്പററിയും അവയുടെ പഠനങ്ങളെപ്പററിയും ഒരു സംക്ഷിപ്ത വിവരണം) |

[*ALL THESE BOOKS BY ANNIE JOSEPH B. A.*]

8 കട്ടൻ (ഒരു ഡോക്ടരുടെ കഥ) 2 ക.

(മററു അനവധി ചെറുകഥാപുസ്തകങ്ങളും തയാറുണ്ട്.)

## വായനശാലകൾക്കു ഒരനുഗ്രഹം

150 ക. തന്നാൽ സ്കോളർ ഗ്രന്ഥാവലിയുടെ ഒരു സ്ഥിരം വരിക്കാരനാകാം. സ്ഥിരംവരിക്കാരന് ആണ്ടിൽ 15 ക.യുടെ പുസ്തകങ്ങൾ നൽകപ്പെടും.

സാധാരണ വരിക്കാരനാകാൻ 15 ക. തന്നാൽ മതി. 15 ക.-യ്ക്കു ഈ സെററിൽനിന്നു 30 ക.-യ്ക്കുള്ള പുസ്തകങ്ങൾ തിരഞ്ഞെടുക്കാം.

സംഖ്യയടച്ചു ആവശ്യമുള്ള പുസ്തകങ്ങൾക്കു ഉടനെ എഴുതുക: —

ആനി ജോസഫ് ബി. എ.

സ്കോളർ ഗ്രന്ഥാവലി, എറണാകുളം.

L. No. 592. 20-7-48. Reg. No. T. 189. M. 5854.

# തിരു-കൊച്ചി ഗ്രന്ഥശാലാസംഘം ഭരണസമിതി

പ്രസിഡൻറ്: ശ്രീ. പറവൂർ ററി. കെ. നാരായണപിള്ള ബി. ഏ., ബി. എൽ.
വൈസ്പ്രസിഡൻറ്: 1. ശ്രീ. സി. നാരായണപിള്ള ബി.ഏ. ബി.എൽ.
ടി 2. ശ്രീ. കെ. എം. അഗസ്റ്റിൻ ബി. ഏ. ബി. കോം.

ശ്രീ. പി. എൻ. പണിക്കർ
(ജനറൽ സെക്രട്ടറി)
,, എൻ. കേശവപിള്ള (ട്രഷറർ)
,, എൻ. അഗസ്ത്യലിംഗംപിള്ള
,, ജെ. കേശവൻ
,, ഏ. പി. ഉമയഭാനു B. A. & B. L.
,, ഫാദർ സി. കെ. മററം എം. ആർ. ഏ. എസ്., എഫ്. ആർ. എസ്സ്. ഏ. (ലണ്ടൻ).
,, നീലവന ആർ. മാധവൻനായർ
(പ്ര. സ: അംഗം)
,, എൻ. ഏ. നൂർമഹമ്മദ് ബി. ഏ. ബി. എൽ., എം. എൽ. ഏ.
,, എൻ. ഗോപാലപിള്ള എം. ഏ.

ശ്രീ. എം. തോമസ് എം. ഏ. എൽ. ററീ.
(ആണററി ജോയിൻറ് സെക്രട്ടറി)
,, സി. കെ. മാണി ബി. ഏ. ബി. എൽ
,, എൻ. പി. വർഗ്ഗീസ്
ബി. ഏ. ബി. എൽ; എം. എൽ. ഏ.
(പ്ര. സ: അംഗം)
റവ. J. W. റസ്സാലം ബി. ഏ. ബി. ഡി.
ശ്രീ. കെ. കൊച്ചുകുട്ടൻ (മിനിസ്റ്റർ).
,, എം. കെ. മേനോൻ
,, പനമ്പിള്ളി ഗോവിന്ദമേനോൻ
എം. ഏ. ബി. എൽ., (മിനിസ്റ്റർ).
ഡാ. പി. കെ. നാരായണപിള്ള
എം. ഏ. പിഎച്ച്. ഡി.
(പ്ര. സ: അംഗം)
ശ്രീ. ജോസഫ് ചാഴികാടൻ

# ഗ്രന്ഥാലോകം

മാസികയ്ക്കുള്ള ലേഖനങ്ങൾ, അഭിപ്രായത്തിനുള്ള ഗ്രന്ഥങ്ങൾ (രണ്ടു പ്രതികൾ), മണിയാർഡറുകൾ, അപേക്ഷകൾ, മററു എഴുത്തുകുത്തുകൾ മുതലായവ മാനേജർ, തിരു - കൊച്ചി ഗ്രന്ഥശാലാസംഘം ആഫീസ്, പട്ടം, തിരുവനന്തപുരം, എന്ന മേൽവിലാസത്തിൽ അയയ്ക്കേണ്ടതാണ്.

മാനേജർ.

Printed and Published by P. N. Panikkar for the Travancore-Cochin Granthasala Samgham at the Prakash Printing & Publishing House, Statue Junction, Tvm.